# ഇടപാടുകാരോടുള്ള
# ബാങ്കിന്റെ പ്രതിബദ്ധതയുടെ
# നിയമാവലി
## ജനുവരി 2014

## ബാങ്കിങ് കോഡ്സ് ആൻഡ് സ്റ്റാൻഡേർഡ്സ്
## ബോർഡ് ഓഫ് ഇൻഡ്യ

www.bcsbi.org.in

ഇടപാടുകാരുടെ അവകാശങ്ങളുടെ നിയമാവലിയാണിത്. ഇടപാടുകാരായ വ്യക്തികളുമായി ബന്ധപ്പെടുമ്പോൾ അംഗ ബാങ്കുകൾ ബാങ്കിങ് നടപടികളിൽ നിലനിർത്തേണ്ട ഏറ്റവും കുറഞ്ഞ പെരുമാററ നിലവാരങ്ങൾ ഇതിൽ നിശ്ചയിച്ചിരിക്കുന്നു. ഇത് ഇടപാടുകാർക്ക് സംരക്ഷണം നൽകുകയും ദൈനംദിന ഇടപാടുകളിൽ അവരോട് ബാങ്കുകൾ എങ്ങനെ പെരുമാറണമെന്ന് വിശദീകരിക്കുകയും ചെയ്യുന്നു.

# വിഷയ സൂചിക


| | | | |
|---|---|---|---|
| 1 | | **ആമുഖം** | 7 |
| | 1.1 | നിയമാവലിയുടെ ലക്ഷ്യങ്ങൾ | 7 |
| | 1.2 | നിയമാവലിയുടെ പ്രയോഗം | 7 |
| 2 | | **മുഖ്യ പ്രതിബദ്ധതകൾ** | 8 |
| | 2.1 | നിങ്ങളോട് ഞങ്ങൾക്കുള്ള മുഖ്യ പ്രതിബദ്ധതകൾ | 8 |
| | 2.1.1 | നിങ്ങളോടുള്ള ഞങ്ങളുടെ എല്ലാ ഇടപാടുകളിലും ഉചിതവും യുക്തവുമായി പ്രവർത്തിക്കൽ | 8 |
| | 2.1.2 | ഞങ്ങളുടെ സാമ്പത്തിക ഉത്പന്നങ്ങളും സേവനങ്ങളും എങ്ങനെ പ്രവർത്തിക്കുന്നു എന്ന് മനസ്സിലാക്കാൻ നിങ്ങളെ സഹായിക്കൽ | 9 |
| | 2.1.3 | നിങ്ങളുടെ അക്കൗണ്ട് അഥവാ സേവനം ഉപയോഗിക്കാൻ നിങ്ങളെ സഹായിക്കൽ | 9 |
| | 2.1.4 | കുഴപ്പത്തിലാകുന്ന കാര്യങ്ങൾ പെട്ടെന്നും അനുഭാവപൂർവവും കൈകാര്യം ചെയ്യൽ | 10 |
| | 2.1.5 | നിങ്ങളുടെ വ്യക്തിഗത വിവരങ്ങൾ സ്വകാര്യവും രഹസ്യവുമായി കൈകാര്യം ചെയ്യൽ | 10 |
| | 2.1.6 | നിയമാവലി പ്രസിദ്ധപ്പെടുത്തൽ | 10 |
| | 2.1.7 | വേർതിരിവില്ലാത്ത നയം സ്വീകരിക്കുകയും നടപ്പാക്കുകയും ചെയ്യൽ | 11 |
| 3 | | **വിവരങ്ങൾ - സുതാര്യത** | 11 |
| | 3.1 | പൊതുവായ വിവരങ്ങൾ | 11 |
| | 3.2 | 'വിളിക്കരുത്' എന്ന സേവനം | 12 |
| | 3.3 | പലിശ നിരക്കുകൾ | 12 |
| | 3.3.1 | പലിശ നിരക്കുകളിലെ മാറ്റങ്ങൾ | 13 |
| | 3.4 | നിരക്കു പട്ടിക | 13 |
| | 3.4.1 | ഫീസുകളും നിരക്കുകളും | 13 |
| | 3.4.2 | ഫീസുകളിലെയും നിരക്കുകളിലെയും മാറ്റങ്ങൾ | 13 |
| | 3.5 | നിബന്ധനകളും വ്യവസ്ഥകളും | 14 |
| | 3.5.1 | നിബന്ധനകളിലെയും വ്യവസ്ഥകളിലെയും മാറ്റങ്ങൾ | 14 |
| 4 | | **പരസ്യവും വിപണനവും വിൽപനയും** | 14 |
| 5 | | **സ്വകാര്യതയും രഹസ്യ സ്വഭാവവും** | 15 |

| | | | |
|---|---|---|---|
| | 5.1 | ക്രെഡിറ്റ് വിവരങ്ങൾ നൽകുന്ന കമ്പനികൾ | 16 |
| **6** | | **കുടിശ്ശിക പിരിക്കൽ** | 17 |
| | 6.1 | കുടിശ്ശിക പിരിക്കലും ജാമ്യം തിരിച്ചുപിടിക്കലും നയം | 19 |
| **7** | | **പരാതികളും ആവലാതികളും പ്രതികരണങ്ങളും** | 19 |
| | 7.1 | ആന്തരിക നടപടിക്രമങ്ങൾ | 19 |
| | 7.2 | ബാങ്കിങ് ഓംബുഡ്സ്മാൻ പദ്ധതി | 20 |
| | 7.3 | ഇടപാടുകാരുടെ യോഗങ്ങൾ | 20 |
| | 7.4 | ശാഖാതല ഉപഭോക്തൃസേവന സമിതി യോഗങ്ങൾ | 20 |
| **8** | | **ഉത്പന്നങ്ങളും സേവനങ്ങളും** | 21 |
| | 8.1 | നിക്ഷേപ അക്കൗണ്ടുകൾ | 21 |
| | 8.1.1 | അക്കൗണ്ട് തുറക്കലും നിക്ഷേപ അക്കൗണ്ടുകൾ പ്രവർത്തിപ്പിക്കലും | 21 |
| | 8.1.2 | നിങ്ങളുടെ അക്കൗണ്ട് മാറൽ | 22 |
| | 8.1.3 | സേവിങ്സ്/കറണ്ട് അക്കൗണ്ടുകൾ | 23 |
| | 8.1.3.1 | ഏറ്റവും കുറഞ്ഞ ബാക്കി | 23 |
| | 8.1.3.2 | നിരക്കുകൾ | 23 |
| | 8.1.3.3 | പാസ്ബുക്ക്/സ്റ്റേറ്റ്മെന്റുകൾ | 24 |
| | 8.1.3.4 | നിക്ഷേപ അക്കൗണ്ടുകളുടെ ഉയർത്തൽ | 24 |
| | 8.1.4 | പ്രായപൂർത്തിയാകാത്തവരുടെ അക്കൗണ്ടുകൾ | 24 |
| | 8.1.5 | ഉപയോഗിക്കാത്ത/നിഷ്ക്രിയ അക്കൗണ്ട് | 24 |
| | 8.1.6 | നിങ്ങളുടെ അക്കൗണ്ട് അവസാനിപ്പിക്കൽ | 25 |
| | 8.2 | ക്ലിയറിങ് പരിവൃത്തി/പിരിക്കൽ സേവനങ്ങൾ | 25 |
| | 8.3 | പണമിടപാടുകൾ | 26 |
| | 8.4 | നേരിട്ടുള്ള പറ്റും സ്ഥിര നിർദ്ദേശങ്ങളും | 26 |
| | 8.5 | പണം നൽകുന്നത് നിർത്തിവയ്പ്പിക്കാനുള്ള സൗകര്യം | 27 |
| | 8.6 | നിങ്ങൾ നൽകുന്ന ചെക്ക്/ഡെബിറ്റ് നിർദ്ദേശങ്ങൾ | 27 |
| | 8.7 | കാലാവധി നിക്ഷേപങ്ങൾ | 27 |
| | 8.7.1 | കാലാവധി നിക്ഷേപങ്ങളിന്മേൽ മുൻകൂർ തുക നൽകൽ | 28 |
| | 8.8 | മരണമടഞ്ഞ അക്കൗണ്ടുടമകളുടെ അവകാശികളെ സംബന്ധിച്ച അവകാശവാദങ്ങൾളുടെ തീർപ്പുകൽപ്പിക്കൽ | 29 |

| | | | |
|---|---|---|---|
| | 8.8.1 | ജീവിച്ചിരിക്കുന്നയാൾ/നാമനിർദ്ദേശം ചെയ്യപ്പെട്ടയാൾ വ്യവസ്ഥ ഉള്ള അക്കൗണ്ടുകൾ | 29 |
| | 8.8.2 | ജീവിച്ചിരിക്കുന്നയാൾ/നാമനിർദ്ദേശം ചെയ്യപ്പെട്ടയാൾ എന്ന വ്യവസ്ഥ ഇല്ലാത്ത അക്കൗണ്ടുകൾ | 29 |
| | 8.8.3 | അവകാശവാദങ്ങൾ തീർപ്പാക്കാനുള്ള സമയപരിധി | 30 |
| | 8.8.4 | കാലാവധി അക്കൗണ്ടുകളുടെ അകാല സമാപ്തി | 30 |
| | 8.8.5 | മരണം സംഭവിച്ച നിക്ഷേപകന്റെപേരിൽ വരുന്ന പണം കൈകാര്യം ചെയ്യുന്ന രീതി | 30 |
| | 8.9 | സെയ്ഫ് ഡെപ്പോസിറ്റ് ലോക്കറുകൾ | 31 |
| | 8.10 | വിദേശനാണ്യ വിനിമയ സേവനങ്ങൾ | 31 |
| | 8.11 | ഇന്ത്യയ്ക്കുള്ളിൽ പണമടയ്ക്കൽ | 32 |
| | 8.12 | വായ്പ നൽകൽ | 32 |
| | 8.12.1 | വായ്പകൾ | 33 |
| | 8.12.1.1 | പൊതു വിവരങ്ങൾ | 33 |
| | 8.12.1.2 | വായ്പകൾക്കുള്ള അപേക്ഷകളും അവയുടെ മേലുള്ള നടപടികളും | 33 |
| | 8.13 | ഗ്യാരണ്ടി | 36 |
| | 8.14 | കേന്ദ്ര രജിസ്ട്രി | 37 |
| | 8.15 | കുടിശ്ശിക തീർപ്പ് | 37 |
| | 8.16 | വായ്പകൾ /കാർഡ് കുടിശ്ശികകൾ സമാഹരിച്ച് വിൽക്കൽ | 38 |
| | 8.17 | ഇലക്ട്രോണിക് ബാങ്കിങ് | 38 |
| | 8.17.1 | പിന്നുകളും പാസ്‌വേഡുകളും | 38 |
| | 8.17.2 | ഇന്റർനെറ്റ് ബാങ്കിങ് | 40 |
| | 8.17.3 | മൊബൈൽ ബാങ്കിങ് | 43 |
| | 8.17.4 | എറ്റിഎം/ഡെബിറ്റും ക്രഡിറ്റും കാർഡുകൾ | 43 |
| | 8.17.4.1 | കൈമോശം വന്ന, മോഷണം പോയ, തർക്കമുള്ള ഇടപാടുകൾ റിപ്പോർട്ട് ചെയ്യൽ | 44 |
| | 8.17.5 | ക്രെഡിറ്റ് കാർഡ് | 47 |
| | 8.17.5.1 | ക്രെഡിറ്റ് കാർഡ് സ്റ്റേറ്റ്മെന്റുകൾ | 48 |
| | 8.18 | മൂന്നാംകക്ഷി ഉത്പന്നങ്ങൾ | 49 |
| | 8.19 | ക്രെഡിറ്റ് കൗൺസലിങ് സൗകര്യം | 50 |
| | 8.20 | രേഖകൾ ലഭ്യമാക്കൽ | 50 |
| **9** | | **ശാഖ പൂട്ടൽ/മാറ്റൽ** | 50 |

| | | | |
|---|---|---|---|
| **10** | | **സാമ്പത്തിക പങ്കാളിത്തം** | 51 |
| **11** | | **മുതിർന്ന പൗരന്മാരും ഭിന്നശേഷിയുള്ള വരും** | 53 |
| **12** | | **നിങ്ങളുടെ അക്കൗണ്ടുകൾ സംരക്ഷിക്കൽ** | 55 |
| | 12.1 | സുരക്ഷിതവും വിശ്വസനീയവുമായ ബാങ്കിങ്, പണം നൽകൽ സംവിധാനങ്ങൾ | 55 |
| | 12.2 | മാറ്റങ്ങൾ അപ്പപ്പോൾ ഞങ്ങളെ അറിയിക്കൽ | 55 |
| | 12.3 | നിങ്ങളുടെ അക്കൗണ്ട് പരിശോധിക്കൽ | 55 |
| | 12.4 | ശ്രദ്ധ ചെലുത്തൽ | 55 |
| | 12.5 | പണം നൽകുന്നത് റദ്ദാക്കൽ | 56 |
| | 12.6 | നഷ്ടത്തിന്മേലുള്ള ബാദ്ധ്യത | 57 |

**അനുബന്ധം ശബ്ദതാരാവലി** 57-61

**കുറിപ്പുകൾ** 62


.

# ആമുഖം

ബാങ്കുകൾ സ്വമേധയാ പാലിക്കേണ്ട ഈ നിയമാവലിയിൽ, ഇടപാടുകാരായ **വ്യക്തികളുമായി** ബന്ധപ്പെടുമ്പോൾ ബാങ്കിങ് നടപടികളിൽ അവർ നിലനിർത്തേണ്ട ഏറ്റവും കുറഞ്ഞ പെരുമാററ നിലവാരങ്ങൾ നിശ്ചയിച്ചിരിക്കുന്നു. ഇത് നിങ്ങൾക്ക് സംരക്ഷണം നൽകുകയും നിങ്ങളുടെ ദൈനംദിന ഇടപാടുകളിൽ ബാങ്കുകൾ നിങ്ങളോട് എങ്ങനെ പെരുമാറണമെന്ന് വിശദീകരിക്കുകയും ചെയ്യുന്നു.

ഭാരതീയ റിസർവ് ബാങ്കിന്റെ (RBI) നിയന്ത്രിക്കുന്നതോ മേൽനോട്ടം വഹിക്കുന്നതോ ആയ നിർദ്ദേശങ്ങളെ ഈ നിയമാവലി മറികടക്കുകയോ മാറ്റി പ്രതിഷ്ഠിക്കുകയോ ചെയ്യുന്നില്ലെന്നു മാത്രമല്ല, കാലാകാലങ്ങളിൽ ആർബിഐ പുറപ്പെടുയിച്ചിട്ടുള്ള ഇത്തരം നിർദ്ദേശങ്ങളെ/മാർഗദർശനങ്ങളെ ഞങ്ങൾ അനുസരിക്കുകയും ചെയ്യുന്നതാണ്. ക്രമപ്പെടുത്തൽ അഥവാ മേൽനോട്ടം വഹിക്കൽ നിർദ്ദേശങ്ങളിൽ സൂചിപ്പിച്ചിട്ടുള്ളതിനെക്കാൾ ഉയർന്ന നിലവാരം ഈ നിയമാവലിയുടെ വ്യവസ്ഥകൾക്ക് നിശ്ചയിക്കാവുന്നതാണ്. ഞങ്ങൾക്ക് നിങ്ങളോടുള്ള പ്രതിജ്ഞാബദ്ധതയെന്ന നിലയിൽ ഞങ്ങൾ സ്വമേധയാ പാലിക്കുന്ന ഏറ്റവും മികച്ച പ്രവർത്തനങ്ങളെ ഈ നിയമാവലി പ്രതിനിധാനം ചെയ്യുകയാൽ അത്തരം ഉയർന്ന നിലവാരങ്ങൾ നടപ്പിൽവരികയും ചെയ്യും.

ഇടപാടുകാർക്ക് മെച്ചപ്പെട്ട സേവനം നൽകുന്നതിനും അവർക്ക് ഉയർന്ന തലത്തിലെ സംതൃപ്തിയേകുന്നതിനും ബാങ്കിങ് പ്രവർത്തനങ്ങളിൽ ഉയർന്ന നിലവാരങ്ങൾ സ്വീകരിക്കുവാൻ ഞങ്ങൾ പ്രയത്നിക്കും.

ഈ നിയമാവലിയിൽ, 'നിങ്ങൾ' എന്നാൽ ഇടപാടുകാരൻ എന്നും 'ഞങ്ങൾ' എന്നാൽ ഇടപാടുകാരൻ വ്യാപരിക്കുന്ന ബാങ്ക് എന്നും വിവക്ഷ.

### 1.1 നിയമാവലിയുടെ ലക്ഷ്യങ്ങൾ

ഈ നിയമാവലി വികസിപ്പിച്ചെടുത്തത് താഴെപ്പറയുന്ന ഉദ്ദേശ്യങ്ങളോടുകൂടിയാണ്:

എ. നിങ്ങളുമായുള്ള ഇടപാടിലുണ്ടാവേണ്ട ഏറ്റവും കുറഞ്ഞ നിലവാരം നിജപ്പെടുത്തി, നല്ലതും ഉചിതവും ആയ ബാങ്കിങ് നടപടികൾ പ്രോത്സാഹിപ്പിക്കുക;

ബി. സേവനങ്ങളിൽ നിന്ന് നിങ്ങൾക്ക് ന്യായമായും പ്രതീക്ഷിക്കാവുന്നത് എന്തെന്ന് മികച്ച രീതിയിൽ മനസ്സിലാക്കുവാൻ പാകത്തിൽ സുതാര്യത വർദ്ധിപ്പിക്കുക;

സി. മത്സരങ്ങളിലൂടെ മികച്ച പ്രവർത്തന നിലവാരം കൈവരിക്കുവാൻ വിപണിയിലെ ശക്തികളെ പ്രോത്സാഹിപ്പിക്കുക;

ഡി. നിങ്ങളും നിങ്ങളുടെ ബാങ്കുമായിട്ടുള്ള യുക്തവും സൗഹാർദ്ദപൂർണവും ആയ ബന്ധം പ്രോത്സാഹിപ്പിക്കുക;

ഇ. ബാങ്കിങ് സമ്പ്രദായത്തിലുള്ള വിശ്വാസം പരിപോഷിപ്പിക്കുക;

ഈ നിയമാവലിയിലെ നിലവാരങ്ങൾ വിഭാഗം 2-ലെ മുഖ്യപ്രതിബദ്ധതകളിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

### 1.2 നിയമാവലിയുടെ പ്രയോഗം

താഴെ കൊടുത്തിരിക്കുന്ന എല്ലാ ഉത്പന്നങ്ങൾക്കും സേവനങ്ങൾക്കും, അവ നേരിട്ടു ശാഖകളിൽ നിന്നോ സബ്സിഡിയറികളിൽ നിന്നോ അഥവാ, നമുക്കു വേണ്ടി കൗണ്ടറുകളിലൂടെയോ ഫോൺ മുഖേനയോ തപാൽ വഴിയോ ഇന്ററാക്റ്റീവ് ഇലക്ട്രോണിക് സംവിധാനങ്ങളിലൂടെയോ ഇന്റർനെറ്റിലൂടെയോ മറ്റേതെങ്കിലും രീതിയിലോ പ്രവർത്തിക്കുന്ന ഏജന്റുമാരിൽ നിന്നോ, നൽകുന്നവയായാലും ഈ നിയമാവലി ബാധകമാണ്. എന്നിരിക്കിലും, ഇവിടെ ചർച്ച ചെയ്യപ്പെടുന്ന എല്ലാ ഉത്പന്നങ്ങളും ഞങ്ങൾക്ക് ലഭ്യമാക്കാനായെന്നോ അല്ലെന്നോ വരാം.

എ. **കറണ്ട് അക്കൗണ്ടുകൾ**, സേവിങ്സ് അക്കൗണ്ടുകൾ, **നിശ്ചിതകാല നിക്ഷപങ്ങൾ**, ആവർത്തന നിക്ഷപങ്ങൾ, പി.പി.എഫ്. അക്കൗണ്ടുകൾ, മറ്റെല്ലാ **നിക്ഷപ അക്കൗണ്ടുകൾ** എന്നിവ;

ബി. പെൻഷൻ പേമെന്റ് ഉത്തരവുകൾ, ഡിമാൻഡ് ഡ്രാഫ്റ്റുകളും വയർ ട്രാൻസ്ഫറുകളും മുഖനയുള്ള പണം (ഉദാ: **ആർ.റ്റി.ജി.എസ്., എൻ.ഇ.എഫ്.റ്റി.)** എന്നിത്യാദി വിതരണ സേവനങ്ങൾ;

സി. സർക്കാർ ഇടപാടുകളുമായി ബന്ധപ്പെട്ട ബാങ്കിങ് സേവനങ്ങൾ;

ഡി. **ഡിമാറ്റ് അക്കൗണ്ടുകൾ, ഇക്വിറ്റി, സർക്കാർ ബോണ്ടുകൾ;**

ഇ. ഇൻഡ്യൻ കറൻസി നോട്ടുകളുടെ/നാണയങ്ങളുടെ വിനിമയ സൗകര്യം;

എഫ്. ചെക്കുകൾ ശേഖരിക്കൽ, സെയ്ഫ് കസ്റ്റഡി സേവനങ്ങൾ, സെയ്ഫ് ഡിപ്പോസിറ്റ് ലോക്കർ സൗകര്യം;

ജി. വായ്പകളും ഓവർഡ്രാഫ്റ്റുകളും **ജാമ്യങ്ങളും;**

എച്ച്. നാണയമാറ്റൽ ഉൾപ്പെടെയുള്ള വിദേശ വിനിമയ സേവനങ്ങൾ;

ഐ. ഞങ്ങളുടെ ശാഖകളിലൂടെയും/അഥവാ ഞങ്ങളുടെ അംഗീകൃത പ്രതിനിധികൾ അല്ലെങ്കിൽ ഏജന്റുമാരിലൂടെയും വിൽക്കപ്പെടുന്ന തേഡ് പാർട്ടി ഇൻഷുറൻസും നിക്ഷപ ഉത്പന്നങ്ങളും;

ജെ. **ക്രെഡിറ്റ് കാർഡുകൾ**, ഡെബിറ്റ് കാർഡുകൾ, **എറ്റിഎം** കാർഡുകൾ, **സ്മാർട്ട് കാർഡുകൾ**, സേവനങ്ങൾ (ഞങ്ങൾ പ്രോത്സാഹിപ്പിക്കുന്ന അനുബന്ധ സ്ഥാപനങ്ങൾ/ കമ്പനികൾ നൽകുന്ന ക്രെഡിറ്റ് കാർഡുകൾ ഉൾപ്പെടെ) എന്നിവ ഉൾപ്പെടെയുള്ള കാർഡ് ഉത്പന്നങ്ങൾ.

**കട്ടിക്കറുപ്പുനിറത്തിൽ കൊടുത്തിരിക്കുന്ന പ്രധാന വാക്കുകളുടെ അർത്ഥം ശബ്ദാവലിയിൽ നല്കിയിട്ടുണ്ട്.**

## *2. മുഖ്യ പ്രതിബദ്ധതകൾ*

### 2.1 ഞങ്ങൾക്ക് നിങ്ങളോടുള്ള മുഖ്യപ്രതിബദ്ധതകൾ

**2.1.1 താഴെ പറയുന്ന രീതിയിൽ, ഞങ്ങൾക്ക് നിങ്ങളോടുള്ള എല്ലാ ഇടപാടുകളിലും ഉചിതമായും നീതിയുക്തമായും പ്രവർത്തിക്കുക;**

എ. ബാങ്കിന്റെ കൗണ്ടറിൽ പണം/ചെക്കുകൾ സ്വീകരിക്കുകയും നൽകുകയും ചെയ്യുക എന്ന അടിസ്ഥാന ബാങ്കിങ് സൗകര്യമെങ്കിലും നൽശുക.

ബി. ഞങ്ങൾ നൽകുന്ന ഉത്പന്നങ്ങളിലും സേവനങ്ങളിലും ഞങ്ങൾ പിന്തുടരുന്ന നടപടിക്രമങ്ങളിലും പ്രവർത്തനരീതികളിലും ഈ നിയമാവലിയിൽ പറഞ്ഞിരിക്കുന്ന പ്രതിബദ്ധതകളും നിലവാരങ്ങളും നിറവേറ്റുക.

സി. ഞങ്ങളുടെ ഉത്പന്നങ്ങളും സേവനങ്ങളും രൂപത്തിലും ഉള്ളടക്കത്തിലും പ്രസക്തമായ നിയമങ്ങൾക്കും നിബന്ധനകൾക്കും അനുസൃതമാണെന്ന് ഉറപ്പുവരുത്തുക.

ഡി. നിങ്ങളോടുള്ള ഞങ്ങളുടെ ഇടപാടുകൾ സത്യസന്ധതയുടെയും സുതാര്യതയുടെയും ധാർമിക തത്വങ്ങളിൽ ഉറച്ചുനിൽക്കുന്നുവെന്ന് ഉറപ്പുവരുത്തുക.

ഇ. സുരക്ഷിതവും വിശ്വസനീയവും ആയ ബാങ്കിങ്, പണമൊടുക്കൽ സംവിധാനങ്ങൾ പ്രവർത്തിപ്പിക്കുക.

### 2.1.2 ഞങ്ങളുടെ സാമ്പത്തിക ഉത്പന്നങ്ങളും സേവനങ്ങളും പ്രവർത്തിക്കുന്നത് എങ്ങനെയെന്ന് മനസ്സിലാക്കുവാൻ നിങ്ങളെ സഹായിക്കുന്നതിലേയ്ക്കായി:

എ. അവയെ സംബന്ധിച്ച വിവരങ്ങൾ ഇനിപ്പറയുന്ന ഒന്നോ അതിലധികമോ ഭാഷകളിൽ നിങ്ങൾക്കു നൽകുക - ഹിന്ദി, ഇംഗ്ലീഷ് അല്ലെങ്കിൽ യുക്തമായ പ്രാദേശിക ഭാഷ.

ബി. ഞങ്ങളുടെ പരസ്യ-പ്രോത്സാഹക വാങ്മയം വ്യക്തവും തെറ്റിദ്ധരിക്കപ്പെടാത്തതുമാണെന്ന് ഉറപ്പുവരുത്തുക.

സി. ഞങ്ങളുടെ ഉത്പന്നങ്ങളെയും സേവനങ്ങളെയും, അവയ്ക്ക് ബാധകമായ നിയമങ്ങളെയും നിബന്ധനകളെയും പലിശനിരക്കുകൾ/നടത്തുകൂലികൾ എന്നിവയെയും സംബന്ധിച്ച വ്യക്തമായ വിവരങ്ങൾ നിങ്ങൾക്ക് ലഭ്യമാകുന്നുവെന്ന് ഉറപ്പുവരുത്തുക.

ഡി. നിങ്ങൾക്കുള്ള സൗകര്യങ്ങൾ എന്തൊക്കെയാണെന്നും ആ സൗകര്യങ്ങളെ എങ്ങനെ ഉപയോഗപ്പെടുത്താമെന്നും നിങ്ങളുടെ സംശയങ്ങൾ സംബോധന ചെയ്യുവാൻ ആരെ ബന്ധപ്പെടണമെന്നും എങ്ങനെ വേണമെന്നുമുള്ള വിവരങ്ങൾ നിങ്ങൾക്കു നൽകുക.

### 2.1.3 നിങ്ങളുടെ അക്കൗണ്ട് അഥവാ സേവനം ഉപയോഗപ്പെടുത്താൻ നിങ്ങളെ സഹായിക്കുന്നതിലേക്കായി:

എ. നിങ്ങൾക്ക് ക്രമവും യോജ്യവുമായ അന്നന്നുള്ള വിവരങ്ങൾ നൽകുക

ബി. പലിശനിരക്കുകൾ, ചെലവുകൾ, നിബന്ധനകളും വ്യവസ്ഥകളും എന്നിവയിലെ മാറ്റങ്ങൾ നിങ്ങളെ അറിയിച്ചുകൊണ്ടേയിരിക്കുക

സി. നിങ്ങളുടെ അറിവിലേക്കായി ഞങ്ങളുടെ ശാഖകളിൽ പ്രദർശിപ്പിക്കുക:

i. ഞങ്ങൾ നൽകുന്ന സേവനങ്ങൾ.

ii. സേവിങ്സ് ബാങ്ക് അക്കൗണ്ടുകൾക്കും കറണ്ട് അക്കൗണ്ടുകൾക്കും ആവശ്യമായ ഏറ്റവും ചുരുങ്ങിയ നീക്കിയിരിപ്പും അതു നിലനിർത്താതിരുന്നാൽ വരാവുന്ന ചെലവുകളും.

iii. നിങ്ങൾക്ക് പരാതിയുണ്ടെങ്കിൽ സമീപിക്കാവുന്ന ശാഖയിലെ ഉദ്യോഗസ്ഥന്റെ പേര്.

iv. നിങ്ങളുടെ പരാതിക്ക് ശാഖയിൽ പരിഹാരമായില്ലെങ്കിൽ സമീപിക്കാവുന്ന റീജിയണൽ/സോണൽ മാനേജരുടെ/പ്രിൻസിപ്പൽ നോഡൽ ഓഫീസറുടെ (പിഎൻഒ) പേരും വിലാസവും

v. ഏത് **ബാങ്കിങ് ഓംബുഡ്സ്മാന്റെ** അധികാരപരിധിയിലാണോ പ്രസ്തുത ശാഖ വരുന്നത് അദ്ദേഹത്തിന്റെ പേരും ബന്ധപ്പെടേണ്ട വിവരങ്ങളും.

vi. ലഘുപുസ്തകരൂപത്തിൽ ലഭ്യമാകുന്ന വിവരം.

ഡി. താഴെപ്പറയുന്നവയെക്കുറിച്ചുള്ള ഞങ്ങളുടെ നയങ്ങൾ ഞങ്ങളുടെ വെബ്സൈറ്റിൽ പ്രദർശിപ്പിച്ചിട്ടുണ്ട്

i. നിക്ഷേപങ്ങൾ

ii. ചെക്ക് ശേഖരണം

iii. പരാതി പരിഹാരം

iv. നഷ്ടപരിഹാരം

v. കുടിശ്ശിക ശേഖരണവും ജാമ്യം വീണ്ടെടുക്കലും

### 2.1.4 തെറ്റുപറ്റുന്ന വേളയിൽ ഉടനടി അനുഭാവപൂർവം അതിനെ താഴെപ്പറയും പ്രകാരം കൈകാര്യം ചെയ്യൽ

എ. തെറ്റുകൾ കൃത്യമായി തിരുത്തുകയും, ഞങ്ങളുടെ തെറ്റുകാരണം ചുമത്തപ്പെട്ട ബാങ്ക് ചെലവെന്തെങ്കിലും ഉണ്ടെങ്കിൽ അത് റദ്ദാക്കുകയും ഞങ്ങളുടെ തെറ്റുകാരണം നിങ്ങൾക്ക് ഉണ്ടാകുന്ന സാമ്പത്തിക നഷ്ടത്തിന് ഞങ്ങളുടെ നഷ്ടപരിഹാരനയം അനുസരിച്ച് നഷ്ടപരിഹാരം ചെയ്യുക.

ബി. നിങ്ങളുടെ പരാതികൾ ഉടനടി കൈകാര്യം ചെയ്യുക

സി. എന്നിട്ടും നിങ്ങൾ തൃപ്തനായില്ലെങ്കിൽ പരാതിയുമായി എങ്ങനെ മുന്നോട്ടുപോകാമെന്ന് പറഞ്ഞുതരിക

ഡി. സാങ്കേതിക തകരാറുകൾ മൂലം ഉണ്ടാകുന്ന പ്രശ്നങ്ങൾ ലഘൂകരിക്കുവാൻ ഉചിതമായ ഇതരമാർഗങ്ങൾ ലഭ്യമാക്കുക

### 2.1.5 നിങ്ങളുടെ എല്ലാ വ്യക്തിഗത വിവരങ്ങളും സ്വകാര്യമായും രഹസ്യമായും കൈകാര്യം ചെയ്യുക

താഴെ ഖണ്ഡിക നം. 5-ൽ പ്രതിപാദിച്ചിരിക്കുന്ന കാര്യങ്ങൾക്കു വിധേയമായി നിങ്ങളെ സംബന്ധിച്ച എല്ലാ വ്യക്തിഗത വിവരങ്ങളും സ്വകാര്യമായും രഹസ്യമായും ഞങ്ങൾ കൈകാര്യം ചെയ്യും.

### 2.1.6 ഈ നിയമാവലിക്ക് പ്രചാരണമേകുന്നതിലേക്കായി ഞങ്ങൾ:

എ. നിങ്ങളുടെ അക്കൗണ്ട് തുടങ്ങുമ്പോഴോ അല്ലാത്തപക്ഷം ആവശ്യപ്പെടുന്ന മുറയ്ക്കോ നിങ്ങൾക്ക് ഈ നിയമാവലിയുടെ ഒരു പകർപ്പ് ലഭ്യമാക്കും.

ബി. ഓരോ ശാഖയിലും ഞങ്ങളുടെ വെബ്സൈറ്റിലും ഈ നിയമാവലി ലഭ്യമാക്കും

സി. ഈ നിയമാവലിയെ സംബന്ധിച്ച പ്രസക്ത വിവരങ്ങൾ ലഭ്യമാക്കുവാനും ഇത് നടപ്പിൽ വരുത്തുവാനും ഞങ്ങളുടെ ജീവനക്കാർക്ക് പരിശീലനം കിട്ടുന്നു എന്ന് ഉറപ്പുവരുത്തും.

ഡി. ഈ നിയമാവലിയെയും അതിന്റെവ്യവസ്ഥകളെയും സംബന്ധിച്ചുള്ള ഇടപാടുകാരുടെ അവബോധം വർദ്ധിപ്പിക്കുന്നതിനാവശ്യമായ മറ്റു നടപടികൾ എടുക്കുക

### 2.1.7 ഒരു വിവേചനരഹിത നയം സ്വീകരിക്കുകയും നടപ്പാക്കുകയും ചെയ്യുന്നതിലേക്ക്

പ്രായം, വർഗം, ലിംഗം, വൈവാഹികാവസ്ഥ, മതം, അവശത അല്ലെങ്കിൽ സാമ്പത്തിക നില എന്നിവയുടെ അടിസ്ഥാനത്തിൽ ഞങ്ങൾ വിവേചനം കാട്ടില്ല.

## *3. വിവരങ്ങൾ – സുതാര്യത*

ഇനിപ്പറയുന്ന ഒന്നോ അതിലധികമോ മാർഗത്തിലൂടെ പലിശ നിരക്കുകൾ, സാധാരണയുള്ള ഫീസുകളും ചെലവുകളും എന്നിവ സംബന്ധിച്ച വിവരം നിങ്ങൾക്ക് ലഭിക്കുന്നതാണ്.

എ. ഞങ്ങളുടെ ശാഖകളിലെ നോട്ടീസ് ബോർഡ്

ബി. ഞങ്ങളുടെ ശാഖകളെയോ ഹെൽപ്-ലൈനുകളെയോ ബന്ധപ്പെടുന്നതിലൂടെ

സി. ഞങ്ങളുടെ വെബ്സൈറ്റിലൂടെ

ഡി. ഞങ്ങളുടെ ബന്ധപ്പെട്ട ഉദ്യോഗസ്ഥനോട്/ഹെൽപ് ഡെസ്കിൽ ചോദിക്കുന്നതിലൂടെ

ഇ. ഞങ്ങളുടെ ശാഖകളിലും വെബ്സൈറ്റിലും ലഭ്യമായ **നിരക്കുപട്ടിക** (3.4) പരിശോധിക്കുന്നതിലൂടെ

### 3.1 പൊതുവിവരങ്ങൾ

ഞങ്ങൾ:

എ. ഞങ്ങൾ വാഗ്ദാനം നൽകുന്നതും നിങ്ങളുടെ ആവശ്യങ്ങൾക്ക് ഇണങ്ങുന്നതുമായ വിവിധ ഉത്പന്നങ്ങളെയും സേവനങ്ങളെയും പദ്ധതികളെക്കുറിച്ചുമുള്ള വിവരങ്ങൾ നിങ്ങൾക്ക് നൽകും.

ബി. എല്ലാ ശാഖകളിലും രണ്ട് ഭാഷകളിൽ/മൂന്ന് ഭാഷകളിൽ അടിസ്ഥാന സേവിങ്സ് ബാങ്ക് അക്കൗണ്ടുകൾ തുടങ്ങുന്നതിനാവശ്യമായ രേഖകളെക്കുറിച്ച് പ്രദർശിപ്പിക്കും. ‘‘ചെറിയ അക്കൗണ്ടുകൾ’’ തുടങ്ങുന്നതിന് വരുത്തിയ ഇളവുകളും ഞങ്ങൾ പ്രദർശിപ്പിക്കും.

സി. ഈടാക്കാവുന്ന പലിശ നിരക്കുകൾ, ഫീസുകൾ, ചെലവുകൾ എന്നിവ ഉൾപ്പെടെ നിങ്ങൾക്ക് താത്പര്യമുള്ള സേവനങ്ങളുടെയും ഉത്പന്നങ്ങളുടെയും പ്രധാനപ്പെട്ട സവിശേഷതകളെക്കുറിച്ച് വ്യക്തമായ വിവരം നിങ്ങൾക്ക് ലഭ്യമാക്കും.

ഡി. ഏതെല്ലാം വിഭിന്ന മാർഗങ്ങളിലൂടെ (ഉദാഹരണത്തിന് ശാഖകൾ, എറ്റിഎമ്മുകൾ, ഫോൺ, നെറ്റ് ബാങ്കിങ് എന്നിത്യാദി) ഞങ്ങളുടെ ഉത്പന്നങ്ങളും സേവനങ്ങളും ലഭ്യമാക്കാമെന്നും അവയെപ്പറ്റി കൂടുതൽ വിവരങ്ങൾ എങ്ങനെ കണ്ടെത്താമെന്നും പറഞ്ഞുതരും.

ഇ. നിയമം, നിയന്ത്രണം, ആന്തരികനയം എന്നിവ സംബന്ധിച്ച ആവശ്യകതകൾ നിറവേറ്റുവാൻ നിങ്ങളെ തിരിച്ചറിയുന്നതിനും നിങ്ങളുടെ മേൽവിലാസം തെളിയിക്കുന്നതിനുമായി എന്തെല്ലാം വിവരങ്ങൾ നിങ്ങളിൽ നിന്ന് വേണ്ടിവരുമെന്ന് പറയും

എഫ്. എല്ലാ നിക്ഷപ അക്കൗണ്ടുകളിലും സുരക്ഷിത കൈവശത്തിലും സുരക്ഷിത നിക്ഷപത്തട്ടു കളിലും ലഭ്യമാക്കുന്ന, വിശിഷ്യാ **'നാമനിർദ്ദേശ സൗകര്യ'** ത്തെക്കുറിച്ച്, നിങ്ങളുടെ അവകാശങ്ങ ളെയും ഉത്തരവാദിത്തങ്ങളെയും പറ്റിയുള്ള വിവരം നല്കും.

### 3.2 'വിളിക്കരുത്' എന്ന സേവനം

ഞങ്ങളുടെ ബാങ്കിലെ 'വിളിക്കരുത് രജിസ്ട്രിയിലോ' 'ദേശീയ വിളിക്കരുത് രജിസ്ട്രിയിലോ' നേരിട്ടോ നിങ്ങളുടെ സേവനദാതാവ് മുഖാന്തരമോ രജിസ്റ്റർ ചെയ്തിട്ടുള്ള പക്ഷം ടെലിഫാൺ വിളി/എസ്എംഎസ്/ഇമെയിൽ എന്നിവയിലൂടെ എന്തെങ്കിലും പുതിയ ഉത്പന്നത്തെ/സേവനത്തെക്കുറിച്ചുള്ള വിവരം ഞങ്ങൾ നിങ്ങളിൽ എത്തിക്കില്ല. എന്നിരിക്കിലും നിങ്ങളുടെ അക്കൗണ്ട് സ്റ്റേറ്റ്മെന്റോ അതുപോലെ നിങ്ങളുടെ അക്കൗണ്ടിലെ ഇടപാടുകളെക്കുറിച്ചും നിങ്ങൾ നിലവിൽ ഉപയോഗിക്കുന്ന പുതിയ ഉത്പന്നങ്ങളെയും സേവനങ്ങളെയും കുറിച്ചുമുള്ള അറിയിപ്പുകൾപോലുള്ള മറ്റ് പ്രധാനപ്പെട്ട ഉപദേശങ്ങളുടെയോ വിവരങ്ങളുടെയോ കാര്യത്തിൽ ഇത് ബാധകമാകില്ല.

### 3.3. പലിശ നിരക്കുകൾ

താഴെ പറയുന്നവയെ സംബന്ധിച്ച വിവരങ്ങൾ ഞങ്ങൾ നിങ്ങൾക്ക് നൽകുന്നതാണ്:

എ. നിങ്ങളുടെ നിക്ഷേപത്തിനും വായ്പാ അക്കൗണ്ടുകൾക്കും ബാധകമാകുന്ന പലിശ നിരക്കുകളെക്കുറിച്ച്

ബി. **സ്ഥിര പലിശനിരക്കിലുള്ള വായ്പ**കളുടെ കാര്യത്തിൽ, പലിശ പുന:നിർണ്ണയിക്കുന്ന നിബന്ധന വായ്പാ സമ്മതപത്രത്തിൽ ഉണ്ടെന്നപക്ഷം അതും അത് പ്രാബല്യത്തിൽ വരുന്ന തീയതിയും

സി. **അസ്ഥിരപലിശാ നിരക്കുള്ള വായ്പ**കളുടെ കാര്യത്തിൽ, നിങ്ങളുടെ അസ്ഥിരനിരക്കിനെ ബന്ധപ്പെടുത്താൻപോകുന്ന **സൂചിത നിരക്കും**, നിങ്ങളുടെ വായ്പയിന്മേലുള്ള യഥാർഥ പലിശ നിരക്ക് കണക്കാക്കുവാൻ സൂചിത നിരക്കിന്മേൽ ഏർപ്പെടുത്തുന്ന തവണയും ഇളവും

ഡി. നിങ്ങൾക്ക് നിങ്ങളുടെ വായ്പ സ്ഥിരപലിശയിൽ നിന്നും അസ്ഥിരപലിശയിലേക്കും തിരിച്ചും മാറ്റാനുള്ള അവസരം നിങ്ങൾ നല്കുന്നുണ്ടോ എന്നും അങ്ങനെയുണ്ടെങ്കിൽ അതിനു വേണ്ടിവരുന്ന ചെലവുകൾ

ഇ. നിങ്ങളുടെ നിക്ഷപങ്ങൾക്ക് പലിശ നല്കുന്നത് അഥവാ നിങ്ങളുടെ വായ്പകൾക്ക് പലിശ ഏർപ്പെടുത്തുന്ന കാലികത്വം എങ്ങനെയാണെന്ന്

എഫ്. നിങ്ങളുടെ നിക്ഷപങ്ങൾക്കും വായ്പാ അക്കൗണ്ടുകൾക്കും എപ്രകാരമാണ് ഞങ്ങൾ പലിശ ഏർപ്പെടുത്തു ന്നതെന്നും അതിൻപ്രകാരം എങ്ങനെയാണ് പലിശ കണക്കാക്കു ന്നതെന്നും.

### 3.3.1 പലിശ നിരക്കുകളിലെ മാറ്റങ്ങൾ

ഞങ്ങളുടെ ഉത്പന്നങ്ങളിന്മേലുള്ള പലിശ നിരക്കിന്മേലോ അസ്ഥിരനിരക്കിനെ ബന്ധപ്പെടുത്തിയിരിക്കുന്ന സൂചിത നിരക്കിലോ എന്തെങ്കിലും മാറ്റം വരുന്ന പക്ഷം താഴെ പറയുന്ന നിങ്ങൾക്കനുയോജ്യമായ ഏതെങ്കിലും മാർഗമുപയോഗിച്ച് നിങ്ങളെ പതിനാലുദിവസത്തിനകം അറിയിക്കുന്നതാണ്;

i. കത്ത്,

ii. ഇ-മെയിൽ

iii. എസ്എംഎസ്

ഞങ്ങളുടെ ശാഖകളിലെ നോട്ടീസ് ബോർഡുകളിലും ഞങ്ങളുടെ വെബ്സൈറ്റിലും പ്രസ്തുതവിവരം പ്രദർശിപ്പിക്കും.

## 3.4 നിരക്കുപട്ടിക

### 3.4.1 ഫീസും ചെലവും

എ. വിവിധ സേവനങ്ങൾക്കുള്ള ഫീസും വിവിധ സേവനങ്ങൾക്കായുള്ള സേവന നിരക്കുകളും, എല്ലാ ശാഖകളിലും അധികാരപരിധിയുള്ളതും ഇക്കാര്യത്തിൽ തീരുമാനമെടുക്കാൻ ബോർഡ് ചുമതലപ്പെടുത്തിയതുമായ ബാങ്കിന്റെ ബോർഡോ മറ്റേതെങ്കിലും യോഗ്യമായ അധികാരസ്ഥാനമോ അംഗീകരിച്ചിട്ടുള്ളതാണെന്നും അവ ഇതേ വിഭാഗം ഇടപാടുകാരുടെ കാര്യത്തിൽ ന്യായമായതും പക്ഷപാതരഹിതവുമാണെന്നും ഞങ്ങൾ ഉറപ്പുവരുത്തും.

ബി. ഞങ്ങളുടെ നിരക്കുപട്ടിക ഞങ്ങളുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും നിങ്ങളുടെ പരിശോധനയ്ക്കായി എല്ലാ ശാഖകളിലും അവയുടെ ഒരു പകർപ്പ് സൗജന്യമായി ലഭ്യമാക്കുകയും ചെയ്യും. നിരക്കുപട്ടിക ശാഖയിൽ ലഭ്യമാണെന്ന വിവരത്തെക്കുറിച്ച് ഒരു നോട്ടീസ് ഞങ്ങളുടെ എല്ലാ ശാഖകളിലും പ്രദർശിപ്പിക്കും.

സി. നിങ്ങൾ തിരഞ്ഞെടുത്ത ഉത്പന്നത്തിന് അഥവാ സേവനത്തിന് ബാധകമായ എന്തെങ്കിലും ചെലവുകൾ ഞങ്ങളുടെ നിരക്കുപട്ടികയിൽ ഉള്ളപക്ഷം അതിനെക്കുറിച്ചുള്ള വിശദാംശങ്ങൾ നിങ്ങൾക്ക് നൽകും.

ഡി. നിങ്ങൾ തെരഞ്ഞെടുത്ത ഉത്പന്നത്തെ/സേവനത്തെ സംബന്ധിച്ച ഏതെങ്കിലും നിബന്ധനകളെയോ വ്യവസ്ഥകളെയോ പാലിക്കാതിരിക്കുന്ന/ലംഘിക്കുന്ന പക്ഷം ചുമത്താവുന്ന പിഴകളെ സംബന്ധിച്ച വിവരങ്ങളും കൂടി ഞങ്ങൾ നൽകും.

### 3.4.2 ഫീസുകളിലെയും ചെലവുകളിലെയും മാറ്റങ്ങൾ

ഞങ്ങൾ ഏതെങ്കിലും ഫീസോ നിരക്കോ വർദ്ധിപ്പിക്കുകയോ ഒരു പുതിയ ഫീസോ നിരക്കോ അവതരിപ്പിക്കുകയോ ചെയ്യുന്നപക്ഷം, അക്കാര്യം പുതുക്കിയ നിരക്കുകൾ പ്രാബല്യത്തിൽ വരുന്നതിന് ഒരു മാസം മുൻപുതന്നെ അക്കൗണ്ട്

കണക്കുവിവരങ്ങൾ/ഇമെയിൽ/എസ്എംഎസ് മുന്നറിയിപ്പുകൾ/ശാഖകളിലെ നോട്ടീസ് ബോർഡുകൾ എന്നിവയിലൂടെ അറിയിക്കുന്നതാണ്.

### 3.5 നിബന്ധനകളും വ്യവസ്ഥകളും

എ. ഞങ്ങളോട് നിങ്ങൾക്കു നൽകുവാൻ ആവശ്യപ്പെട്ടിരിക്കുന്ന സേവനത്തിന്റെ പ്രസക്തമായ നിബന്ധനകളും വ്യവസ്ഥകളും നിങ്ങളെ അറിയിക്കും.

ബി. എല്ലാ നിബന്ധനകളും വ്യവസ്ഥകളും ന്യായമായിരിക്കുകയും അവയിൽ പ്രസക്തമായ അവകാശങ്ങളെയും ബാധ്യതകളെയും ചുമതലകളെയും കുറിച്ച് വ്യക്തമായും കഴിവതും ലളിതവും സരളവുമായ ഭാഷയിലും പ്രതിപാദിക്കും.

#### 3.5.1 നിബന്ധനകൾക്കും വ്യവസ്ഥകൾക്കുമുള്ള മാറ്റങ്ങൾ

എ. നിബന്ധനകൾക്കും വ്യവസ്ഥകൾക്കുമുള്ള മാറ്റങ്ങൾ താഴെ പറഞ്ഞിരിക്കുന്ന ഒന്നോ അതിലേറെയോ മാർഗമുപയോഗിച്ച് പുതിയ നിബന്ധിനകളും വ്യവസ്ഥകളും നിലവിൽ വരുന്നതിന് ഒരു മാസം മുൻപ് നിങ്ങളെ അറിയിക്കും.

i. കത്ത്,

ii. കണക്കുവിവരം

iii. എസ്എംഎസ്കൾ

iv. ഇ-മെയിൽ

ഞങ്ങളുടെ ശാഖകളിലെ നോട്ടീസ് ബോർഡുകളിലും വെബ്സൈറ്റിലും പ്രസ്തുത വിവരം ലഭ്യമാക്കുകയും ചെയ്യും.

ബി. സാധാരണയായി ഒരു മാസത്തെ നോട്ടീസ് നൽകിയതിനുശേഷമായിരിക്കും നിബന്ധനകൾക്കും വ്യവസ്ഥകൾക്കും വരുംകാലപ്രാബല്യത്തോടെ മാറ്റം വരുത്തുന്നത്.

സി. മുന്നറിയിപ്പു കൂടാതെ ഞങ്ങൾ എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടെങ്കിൽ, 30 ദിവസങ്ങൾക്കുള്ളിൽ മാറ്റം സംബന്ധിച്ച് ഞങ്ങൾ നിങ്ങളെ അറിയിക്കുന്നതാണ്. ആ മാറ്റം നിങ്ങൾക്ക് അഹിതമാണെങ്കിൽ, 60 ദിവസങ്ങൾക്കുള്ളിൽ, മുന്നറിയിപ്പു നൽകാതെ നിങ്ങൾക്ക് അക്കൗണ്ട് അവസാനിപ്പിക്കുകയോ അധിക ചാർജുകളോ പലിശയോ നൽകേണ്ടതില്ലാതെ തുക മറ്റൊരു അക്കൗണ്ടിലേക്കു മാറ്റുകയോ ചെയ്യാവുന്നതാണ്.

ഡി. നിബന്ധനകളിലും വ്യവസ്ഥകളിലും എന്തെങ്കിലും മാറ്റം വരുത്തുന്നപക്ഷം ഞങ്ങളുടെ വെബ്സൈറ്റിൽ ഉടനടി അത് കൊണ്ടുവരുന്നതാണ്. നിങ്ങൾ ആവശ്യപ്പെടുന്നപക്ഷം പുതിയ നിബന്ധനകളുടെയും വ്യവസ്ഥകളുടെയും ഒരു പകർപ്പ് ഞങ്ങൾ നിങ്ങൾക്ക് നൽകുന്നതാണ്.

## *4. പരസ്യവും വിപണനവും വിൽപനയും*

എ. ഞങ്ങളുടെ എല്ലാ പരസ്യ പ്രചാരണ സാമഗ്രികളും വ്യക്തമാണെന്നും തെറ്റിദ്ധരിപ്പിക്കുന്നതല്ലെന്നും ഞങ്ങൾ ഉറപ്പുവരുത്തും

ബി. ഏതെങ്കിലും ബാങ്കിങ് സേവനത്തിലേക്കോ ഉത്പന്നത്തിലേക്കോ ശ്രദ്ധ ക്ഷണിക്കുന്നവയും, പലിശനിരക്കിനെപ്പറ്റി പരാമർശം ഉൾക്കൊള്ളുന്നവയും ആയ ഏതെങ്കിലും മാധ്യമത്തിലെ ഏതെങ്കിലും പരസ്യത്തിലും പ്രചാര ലിഖിതത്തിലും, മറ്റു ഫീസും ചെലവുകളും ബാധകമാണോ എന്നും പ്രസക്തമായ നിബന്ധനകളുടെയും വ്യവസ്ഥകളുടെയും പൂർണവിവരങ്ങൾ അപക്ഷിക്കുന്ന പക്ഷം ലഭ്യമാകുമോ എന്നും സൂചിപ്പിച്ചിരിക്കും.

സി. അവലംബ സേവനങ്ങൾ നൽകുന്നതിന് മൂന്നാം കക്ഷികളുടെ സേവനങ്ങൾ ഞങ്ങൾ പ്രയോജനപ്പെടുത്തുന്ന പക്ഷം, നിങ്ങളുടെ വ്യക്തിഗത വിവരങ്ങൾ മൂന്നാം കക്ഷികൾ കൈകാര്യം ചെയ്യുന്നത് (അത്തരം മൂന്നാം കക്ഷികൾക്ക് ലഭ്യമാണെങ്കിൽ) ഞങ്ങൾ കൈകാര്യം ചെയ്യുമായിരുന്ന അതേ തോതിലുള്ള രഹസ്യസ്വഭാവത്തോടെയും ഭദ്രതയോടെയും വേണമാവേണ്ടതെന്ന് ഞങ്ങൾ ആവശ്യപ്പെടും.

ഡി. നിങ്ങൾ പ്രയോജനപ്പെടുത്തിയിട്ടുള്ള ഞങ്ങളുടെ ഉത്പന്നങ്ങളുടെ വിവിധ സവിശേഷതകൾ കാലാകാലം ഞങ്ങൾ നിങ്ങളെ ഇമെയിലിലോ എസ്എംഎസ്സിലോ ഫോൺവിളിച്ചോ അറിയിച്ചേക്കാം. ഞങ്ങളുടെ മറ്റ് ഉത്പന്നങ്ങളെയും, ഉത്പന്നങ്ങളെ/സേവനങ്ങളെ സംബന്ധിച്ച പ്രചാരണ ആനുകൂല്യങ്ങളെയും പറ്റിയുള്ള വിവരങ്ങൾ, അത്തരം ഉത്പന്നങ്ങൾ/സേവനങ്ങൾ കൈപ്പറ്റുന്നതിന്, വിളിക്കരുത് എന്ന സേവനത്തിനായി രജിസ്റ്റർ ചെയ്തിട്ടില്ലെങ്കിൽ മാത്രമേ നിങ്ങളെ അറിയിക്കുകയുള്ളൂ.

ഇ. ഞങ്ങളുടെ ഉത്പന്നങ്ങൾ/സേവനങ്ങൾ വിപണനം നടത്തുന്നതിനായി ഞങ്ങൾ പ്രയാജനപ്പെടുത്തിയേക്കാവുന്ന ഞങ്ങളുടെ പ്രത്യക്ഷ വില്പന ഏജൻസികൾക്ക് (സിഡിഏസ്) ഞങ്ങൾ ഒരു പെരുമാറ്റച്ചട്ടം നിജപ്പെടുത്തിയിട്ടുള്ളതും മറ്റു കാര്യങ്ങളോടൊപ്പം, ഞങ്ങളുടെ ഉത്പന്നങ്ങൾ വിൽക്കുന്നതിന് നേരിട്ടോ ഫോൺ മുഖേനയോ നിങ്ങളെ സമീപിക്കുമ്പാൾ അവരെ തിരിച്ചറിയുവാൻ വേണ്ട വിവരങ്ങൾ നിങ്ങൾക്ക് നൽകാമെന്ന് അതിൽ നിഷ്കർഷിച്ചിട്ടുള്ളതുമാണ്. ഞങ്ങൾക്കുവണ്ടി പ്രവർത്തിക്കുകയാ ഞങ്ങളുടെ ഉത്പന്നങ്ങൾ വില്ക്കുകയാ ചെയ്യുന്ന ഏതെങ്കിലും മൂന്നാംകക്ഷിയോ ഏജന്റോ ഈ നിയമാവലിയുടെ പരിധിയിൽ വരുന്ന എല്ലാ ഉത്പന്നങ്ങളുടെയും സേവനങ്ങളുടെയും കാര്യത്തിൽ പ്രസ്തുത നിയമാവലിക്കനുസൃതമായി പ്രവർത്തിക്കുമെന്നും ഞങ്ങൾ ഉറപ്പുവരുത്തും.

എഫ്. ഞങ്ങളുടെ പ്രതിനിധി/വാർത്താവാഹകൻ അല്ലെങ്കിൽ ഏജന്റ് അനുചിതമായ പ്രവർത്തനത്തിലേർപ്പെട്ടുവെന്നോ ഈ നിയമാവലിക്കു വിരുദ്ധമായ രീതിയിൽ പ്രവർത്തിച്ചുവെന്നോ നിങ്ങളിൽ നിന്ന് എന്തെങ്കിലും പരാതി കിട്ടുന്ന സംഭവത്തിൽ, അന്വേഷണം നടത്തുവാനും പരാതി കൈകാര്യം ചെയ്യുവാനും ഞങ്ങളുടെ നഷ്ടപരിഹാരം നൽകൽ നയത്തിനനുസൃതമായി നിങ്ങൾക്കുണ്ടായ നഷ്ടം പരിഹരിക്കുവാനും ഞങ്ങൾ സന്ദർഭോചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്.

ജി. ഞങ്ങൾക്കു വേണ്ടി പ്രവർത്തിക്കുകയോ ഞങ്ങളുടെ ഉത്പന്നങ്ങൾ വിൽക്കുകയോ ചെയ്യുന്ന മൂന്നാമതൊരാൾ അഥവാ ഏജന്റ്, ഒരു ഇടപാടിന്റെ പൂർത്തീകരണത്തെത്തുടർന്ന് അവർക്കു ലഭിക്കുന്ന ഫീസോ കമ്മീഷനോ വെളിപ്പെടുത്തുന്നുവെന്ന് ഞങ്ങൾ ഉറപ്പുവരുത്തും.

## *5. സ്വകാര്യതയും രഹസ്യ സ്വഭാവവും*

എ. നിങ്ങളുടെ വ്യക്തിഗത വിവരങ്ങൾ സ്വകാര്യതയോടെയും രഹസ്യസ്വഭാവത്തോടെയും ഞങ്ങൾ കൈകാര്യം ചെയ്യുന്നതും (നിങ്ങൾ ഞങ്ങളുടെ ഇടപാടുകാരൻ അല്ലാതായി എങ്കിൽപ്പോലും) താഴെ പറയുന്ന തത്വങ്ങളാലും നയങ്ങളാലും ഞങ്ങൾ നയിക്കപ്പെടുന്നതുമാണ്.

ബി. നിങ്ങളുടെ അക്കൗണ്ടുകളുമായി ബന്ധപ്പെട്ട വിവരങ്ങൾ അല്ലെങ്കിൽ ഡാറ്റ, നിങ്ങൾ നൽകിയിട്ടുള്ളവ ആയാലും അല്ലെങ്കിലും, ഞങ്ങളുടെ ഗ്രൂപ്പിൽപ്പെട്ട മറ്റ് കമ്പനികൾ/സ്ഥാപനങ്ങൾ ഉൾപ്പെടെ ആർക്കും, താഴെപ്പറയുന്ന അസാധാരണ സന്ദർഭങ്ങളിൽ ഒഴികെ, വെളിപ്പെടുത്തുന്നതല്ല.

1. നിയമപ്രകാരം ഞങ്ങൾ വിവരം നൽകേണ്ടതുണ്ടെങ്കിൽ, അല്ലെങ്കിൽ ബാങ്കിങ് റെഗുലേറ്റർ ആവശ്യപ്പെടുന്നപക്ഷം.

2. വിവരം വെളിപ്പെടുത്തേണ്ടത് പൊതുജനത്തോടുള്ള കടമയായാൽ.

3. വിവരം നൽകേണ്ടത് ഞങ്ങളുടെ താത്പര്യങ്ങൾക്ക് ആവശ്യമായി വന്നാൽ (ഉദാഹരണത്തിന്, കൃത്രിമം തടയുവാൻ). എന്നാൽ, വിപണനാവശ്യങ്ങൾക്കായി, ഞങ്ങളുടെ ഗ്രൂപ്പിലെ മറ്റു കമ്പനികൾ ഉൾപ്പെടെയുള്ള മറ്റാർക്കെങ്കിലും നിങ്ങളെയോ നിങ്ങളുടെ അക്കൗണ്ടുകളെയോ സംബന്ധിച്ച വിവരങ്ങൾ (നിങ്ങളുടെ പേരും മേൽവിലാസവും ഉൾപ്പെടെ) നൽകുവാൻ ഞങ്ങൾ ഇത് ഒരു കാരണമാക്കുകയില്ല.

4. വിവരങ്ങൾ വെളിപ്പെടുത്തുവാൻ നിങ്ങൾ ഞങ്ങളെ ചുമതലപ്പെടുത്തുന്ന പക്ഷം.

5. നിങ്ങളെ സംബന്ധിച്ച് ഒരു ബാങ്കേഴ്സ് റഫറൻസ് നൽകുവാൻ ഞങ്ങളോട് ആവശ്യപ്പെട്ടാൽ അത് നൽകുവാൻ നിങ്ങളുടെ രേഖാമൂലമുള്ള മുൻകൂർ അനുമതി ആവശ്യമുണ്ട്.

സി. നിങ്ങൾ ഞങ്ങളെ പ്രത്യേകം അധികാരപ്പെടുത്താത്ത പക്ഷം, ഞങ്ങൾ ഉൾപ്പെടെ ആരുടെയും വിപണനാവശ്യങ്ങൾക്ക് നിങ്ങളുടെ വ്യക്തിഗത വിവരങ്ങൾ ഞങ്ങൾ ഉപയോഗിക്കില്ല.

## 5.1 ക്രെഡിറ്റ് ഇൻഫർമേഷൻ കമ്പനികൾ

വായ്പാ സൗകര്യത്തിനായി നിങ്ങൾ അപേക്ഷിക്കുമ്പോൾ:

എ. ക്രെഡിറ്റ് ഇൻഫർമേഷൻ കമ്പനികളുടെ (സിഐസികൾ) പങ്ക് എന്താണെന്നും അവരുടെ അംഗങ്ങൾക്ക് അവർ ലഭ്യമാക്കുന്ന വിവരങ്ങൾ നിങ്ങൾക്ക് വായ്പ ലഭിക്കാനുള്ള സാധ്യതയിന്മേലുള്ള സ്വാധീനമെന്തെന്നും ഞങ്ങൾ നിങ്ങൾക്ക് വിവരിച്ചു തരും.

ബി. ഞങ്ങളിൽ നിന്നും വായ്പാ സൗകര്യങ്ങൾക്ക് നിങ്ങൾ അപേക്ഷിക്കുമ്പോൾ, അപേക്ഷയിന്മേലും ആവശ്യമായ ഫീസ് അടച്ചതിന്മേലും സിഐസിയിൽ നിന്നും ഞങ്ങൾക്ക് ലഭിച്ച വായ്പാവിവരങ്ങളുടെ പകർപ്പ് നിങ്ങൾക്ക് ലഭ്യമാക്കും.

സി. ഞങ്ങളിൽ നിന്നെടുത്ത വായ്പയുടെ പുതുക്കിയ വിവരങ്ങൾ ഞങ്ങൾ സിഐസികളെ നിശ്ചിത ഇടവേളകളിൽ അറിയിക്കും.

ഡി. സിഐസികളെ അറിയിക്കുന്ന വിവരങ്ങളിൽ നിങ്ങൾ ഞങ്ങൾക്ക് കടപ്പെട്ടിരിക്കുന്ന വ്യക്തിഗത കടങ്ങളും ഉൾപ്പെടുന്നതാണ്, താഴെപ്പറയുന്ന സഹചര്യങ്ങളിൽപ്പോലും

1) നിങ്ങൾ വായ്പാ തിരിച്ചടവിൽ വീഴ്ച വരുത്തിയിരിക്കുന്നു

2) നൽകേണ്ട തുക തർക്കത്തിലാണ്

ഇ. നിങ്ങളുടെ വായ്പാ അക്കൗണ്ടിൽ വീഴ്ച വരികയും പിന്നീട് ക്രമീകരിക്കുകയും ചെയ്യുകയുണ്ടായാൽ അടുത്ത റിപ്പോർട്ടിൽ സിഐസികളെ പ്രസ്തുത വിവരം അറിയിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളും.

എഫ്. നിങ്ങളുടെ അപേക്ഷയിന്മേൽ, നിങ്ങൾ ഞങ്ങളിൽ നിന്നെടുത്ത വായ്പകളുടെ/ഋണബാധ്യതയുടെ വിവരങ്ങൾ, ഞങ്ങൾ നൽകിയ സിഐസി(കൾ) യെക്കുറിച്ചുള്ള വിശദാംശങ്ങൾ ഞങ്ങൾ നിങ്ങളെ അറിയിക്കും.

## 6. കുടിശ്ശിക പിരിക്കൽ

എ. ഞങ്ങൾ വായ്പ നൽകുമ്പാൾ തുക, കാലാവധി, തിരിച്ചടയ്ക്കൽ തവണ എന്നിവ ഉൾപ്പെടെ അടയ്ക്കൽ പ്രക്രിയയെ സംബന്ധിച്ച് ഞങ്ങൾ വിശദമായി പറഞ്ഞുതരും. എന്നാൽ, തിരികെ അടയ്ക്കുന്നതിനുള്ള സമയക്രമം നിങ്ങൾ പാലിക്കാതിരുന്നാൽ, കുടിശ്ശിക പിരിച്ചെടുക്കുന്നതിന് രാജ്യത്തെ നിയമങ്ങൾ അനുസരിച്ച് വ്യക്തമായ ഒരു നടപടിക്രമം സ്വീകരിക്കുന്നതാണ്.

ബി. കുടിശ്ശിക പിരിക്കുന്നതിനും ജാമ്യവസ്തു തിരികെപ്പിടിക്കുന്നതിനും വീണ്ടെടുക്കൽ ഏജൻസികളെ നിയമിക്കുന്നതനും ഞങ്ങൾക്ക് ബോർഡ് അംഗീകരിച്ച ഒരു നയം ഉണ്ട്.

സി. വീണ്ടെടുക്കൽ ഏജന്റുമാരെ നിയമിക്കുമ്പോൾ എല്ലാ പ്രസക്തമായ നിയമങ്ങളും നിയന്ത്രണങ്ങളും മാർഗനിർദ്ദേശങ്ങളും അംഗീകാരത്തിനുള്ള നിബന്ധനകളും, ലൈസൻസ് നൽകലും രജിസ്ട്രേഷനും പരിഗണിക്കും.

ഡി. ഞങ്ങളുടെ വീണ്ടെടുക്കൽ ഏജന്റുമാർ തങ്ങളുടെ ഉത്തരവാദിത്തങ്ങൾ കരുതലോടെയും സംവേദനക്ഷമതയോടെയും കൈകാര്യം ചെയ്യാൻ വേണ്ടവിധത്തിൽ പരിശീലനം നേടിയവരാണെന്ന് ഞങ്ങൾ ഉറപ്പാക്കും. അവർ തങ്ങളോട് നിർവഹിക്കുവാൻ ആവശ്യപ്പെട്ടതിലപ്പുറത്തേക്ക് കടക്കുന്നില്ലെന്നും ഞങ്ങൾ ഉറപ്പുവരുത്തും.

ഇ. നല്ല പെരുമാറ്റം, മര്യാദ, അനുനയിപ്പിക്കൽ എന്നിവയിൽ അധിഷ്ഠിതമാണ് ഞങ്ങളുടെ പിരിച്ചെടുക്കൽ നയം. ഇടപാടുകാരന്റെ ആത്മവിശ്വാസവും ദീർഘകാല ബന്ധവും പോറ്റി വളർത്തുന്നതിൽ ഞങ്ങൾ വിശ്വസിക്കുന്നു.

എഫ്. അടയ്ക്കുവാനുള്ള തുകകളെപ്പറ്റി മുഴുവൻ വിവരവും ഞങ്ങൾ നിങ്ങൾക്ക് നൽകുന്നതും അവ തിരിച്ചടക്കുന്നതിന് വേണ്ടത്ര മുന്നറിയിപ്പ് നൽകുവാൻ പ്രയത്നിക്കുന്നതുമാണ്.

ജി. വീഴ്ചവരുത്തിയ സംഗതി പിരിവു സംഘങ്ങൾക്ക് കൈമാറുന്നതിനു മുൻപ് പരശോധന കൾക്കുള്ള ഒരു സംവിധാനം ഞങ്ങൾക്കുണ്ട് എന്നതിനാൽ തന്നെ ഞങ്ങളുടെ ഭാഗത്തുനിന്നുള്ള വീഴ്ചകൾ കാരണം നിങ്ങളെ ബുദ്ധിമുട്ടിക്കുകയില്ല.

എച്ച്. നിങ്ങൾക്കെതിരെ റിക്കവറി നടപടികൾ സ്വീകരിക്കുന്നതിനുമുൻപ് ഞങ്ങൾ നിങ്ങൾക്ക് എഴുതുന്നതാണ്. മാത്ര മല്ല, ഞങ്ങൾ ഏർപ്പെടുത്തിയ വായ്പ വീണ്ടെടുക്കൽ ഏജൻസിയുടെ/ഏജൻറിൻെറ പേരും മേൽവിലാസവും ടെലി ഫോൺ നമ്പരും നിങ്ങളെ അിറയിക്കുന്നതാണ്.

ഐ. ഞങ്ങൾ ഏർപ്പെടുത്തിയ വായ്പാ വീണ്ടെടുക്കൽ ഏജൻസി സ്ഥാപനങ്ങളുടെ/കമ്പനികളുടെ വിശദാംശങ്ങൾ ഞങ്ങളുടെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതാണ്.

ജെ. നിങ്ങൾ അപേക്ഷിക്കുന്ന പക്ഷം, വായ്പ വീണ്ടെടുക്കൽ ഏജൻസി സ്ഥാപനങ്ങളുടെ/കമ്പനികളുടെ പ്രസക്ത മായ വിശദാംശങ്ങൾ ഞങ്ങളുടെ ശാഖാതലത്തിലും ലഭ്യമാക്കുന്നതാണ്.

കെ. തുകകൾ പിരിച്ചെടുക്കുന്നതിന് അല്ലെങ്കിൽ/ഒപ്പം ജാമ്യവസ്തു തിരിച്ചുപിടിക്കുന്നതിന് ഞങ്ങളെ പ്രതിനിധാനം ചെയ്യുവാൻ അധികാരപ്പെടുത്തപ്പെട്ട ഞങ്ങളുടെ ജീവനക്കാരനോ/ജീവനക്കാരിയോ ഏതെങ്കിലും വ്യക്തിയോ, തന്നെ തിരിച്ചറിയുവാനുള്ള വിവരങ്ങൾ ധരിച്ചിട്ടുണ്ടാവുകയും, ബാങ്ക് അല്ലെങ്കിൽ ബാങ്കിന്റെ അധികാരത്തിൽ നൽകിയിട്ടുള്ള തിരിച്ചറിയൽ കാർഡും കത്തും, നിങ്ങൾ ആവശ്യപ്പെടുന്ന പക്ഷം, അവർ നിങ്ങളെ കാണിക്കുകയും ബോധ്യപ്പെടു ത്തുകയും ചെയ്യും.

എൽ. വായ്പ തുക പിരിച്ചെടുക്കുന്നതിന് അല്ലെങ്കിൽ/ഒപ്പം ജാമ്യവസ്തു തിരിച്ചുപിടിക്കുന്നതിന് ഞങ്ങളെ പ്രതി നിധാനം ചെയ്യുവാൻ അധികാരപ്പെടുത്തപ്പെട്ട ഞങ്ങളുടെ ജീവനക്കാരെല്ലാം അല്ലെങ്കിൽ മറ്റേതൊരാളും താഴെ വിവരി ച്ചിരിക്കുന്ന മാർഗനിർദ്ദേശങ്ങൾ പാലിക്കും:

i. നിങ്ങളുമായി ബന്ധപ്പെടുന്നത് സാധാരണഗതിയിൽ നിങ്ങൾ തിരഞ്ഞെടുക്കുന്ന സ്ഥലത്തുവച്ചോ, അങ്ങനെ നിർദ്ദിഷ്ടമായ ഒരു സ്ഥലമില്ലെങ്കിൽ നിങ്ങൾ താമസിക്കുന്ന സ്ഥലത്തുവച്ചോ, താമസസ്ഥലത്ത് നിങ്ങളെ കാ ണാനാവാതെ വന്നാൽ വ്യാപാരം/ തൊഴിൽ ചെയ്യുന്ന സ്ഥലത്തുവച്ചോ ആയിരിക്കാം.

ii. തിരിച്ചറിയാനുള്ള വിവരങ്ങളും പ്രതിനിധാനം ചെയ്യുന്നതിനുള്ള അധികാരത്തെ സംബന്ധിച്ചും നിങ്ങളെ അറിയിക്കും.

iii. നിങ്ങളുടെ സ്വകാര്യത ആദരിക്കപ്പെടും

iv. നിങ്ങളുമായി ഇടപെടുന്നത് മാന്യമായ രീതിയിൽ ആയിരിക്കും

v. നിങ്ങളുടെ ബിസിനസ്സുമായോ തൊഴിലുമായോ ബന്ധപ്പെട്ട് ആവശ്യമായി വരുന്ന പ്രത്യേക സാഹചര്യ ങ്ങളിലൊഴികെ സാധാരണ ഞങ്ങളുടെ പ്രതിനിധി നിങ്ങളുമായി ബന്ധപ്പെടുന്നത് 7 മണിക്കും 19 മണിക്കും ഇടയ്ക്കായിരിക്കും.

vi. ഒരു പ്രത്യേക സമയത്തോ ഒരു പ്രത്യേക സ്ഥലത്തോ വിളിക്കുന്നത് ഒഴിവാക്കണമെന്ന നിങ്ങളുടെ അപേക്ഷകൾ കഴിയുന്നത്ര മാനിക്കപ്പെടുന്നതാണ്.

vii. ഏതു സമയത്തൊക്കെയായി എത്ര തവണ വിളിക്കുന്നുവെന്നതും സംഭാഷണത്തിലെ ഉള്ളടക്കവും രേഖപ്പെടുത്തുന്നതാണ്.

viii. പിരിച്ചെടുക്കാനുള്ള തുകകളെ സംബന്ധിച്ച തർക്കങ്ങൾ അല്ലെങ്കിൽ അഭിപ്രായവ്യത്യാസങ്ങൾ പരസ്പരം സ്വീകാര്യവും ക്രമപ്രകാരവും ആയ രീതിയിൽ പരിഹരിക്കുന്നതിന് എല്ലാ സഹായവും നൽകുന്നതാണ്.

ix. കുടിശ്ശികകൾ പിരിച്ചെടുക്കുന്നതിന് നിങ്ങളുടെ സ്ഥലം സന്ദർശിക്കുന്ന സമയത്ത് അന്തസ്സും മാന്യതയും പാലിക്കുന്നതാണ്. ഞങ്ങളുടെ ഉദ്യോഗസ്ഥർ/ഏജന്റുമാർ പരസ്യമായി അവമതിക്കാനുദ്ദേശിച്ചുള്ള പ്രവർത്തനങ്ങളോ അതുപോലെ നിങ്ങളുടെ കുടുംബാംഗങ്ങളുടെയും മധ്യസ്ഥരുടെയും സുഹൃത്തുക്കളുടെയും സ്വകാര്യതയിലേക്ക് നുഴഞ്ഞുകയറുന്നതോ ഭീഷണിപ്പെടുത്തുന്നതും പേരുവെളിപ്പെടുത്താത്തതുമായ ഫോൺവിളികളോ പോലുള്ള വാക്കുകൊണ്ടോ ശരീരം കൊണ്ടോ ഏതെങ്കിലും വ്യക്തിക്കെതിരെ ഏതെങ്കിലും വിധത്തിലുള്ള ദ്രോഹപ്രവൃത്തികൾക്കോ ഭീഷണിപ്പെടുത്തലുകൾക്കോ തുനിയുകയില്ല.

എന്നിരിക്കിലും, നിങ്ങളെ ബന്ധപ്പെടാനുള്ള വിവരങ്ങൾ പുതുക്കേണ്ടത് നിങ്ങളുടെ ഉത്തരവാദിത്തമാണ്. നിങ്ങൾ ലഭ്യമാക്കിയ വിവരങ്ങളുപയോഗിച്ച് നിങ്ങളെ ബന്ധപ്പെടാൻ ബാങ്കിന് കഴിയാത്ത പക്ഷം നിങ്ങളെ കണ്ടെത്താൻ ബാങ്ക് പൊതുഇടങ്ങളിൽ നിന്ന് ലഭ്യമായ വിവരം ഉപയോഗപ്പെടുത്തുകയും നിങ്ങളുടെ സുഹൃത്തുക്കളെ/ബന്ധുക്കളെ സമീപിക്കുകയും ചെയ്യും.

x. കുടുംബത്തിൽ വിയോഗദുഃഖമോ മറ്റ് എന്തെങ്കിലും ദുരന്തങ്ങളോ സംഭവിച്ചിരിക്കുന്ന അനുചിതമായ സന്ദർഭങ്ങളിലോ വിവാഹംപോലുള്ള പ്രധാനപ്പെട്ട കുടുംബ ചടങ്ങുകളിലോ തുക പിരിച്ചെടുക്കുന്നതിനുള്ള വിളികൾ/സന്ദർശനങ്ങൾ ഒഴിവാക്കുന്നതാണ്.

xi. പിരിവ് ഏജന്റുമാരുടെ അനുചിത നടപടികളെക്കുറിച്ച് നിങ്ങളുടെ ഭാഗത്തുനിന്നുള്ള ഏത് പരാതിയെയും കുറിച്ച് ഞങ്ങൾ അന്വേഷണം നടത്തും.

### 6.1 കുടിശ്ശിക പിരിക്കലും ജാമ്യം തിരിച്ചുപിടിക്കലും നയം

കുടിശ്ശിക പിരിക്കലും ജാമ്യം തിരിച്ചുപിടിക്കലും നയം നിയമവ്യവസ്ഥിതിയുമായി സമരസപ്പെട്ടു പോകുന്ന വിധത്തിൽ ഞങ്ങൾ പിന്തുടരും. പ്രസ്തുത നയം ഞങ്ങളുടെ വെബ്സൈറ്റിൽ പ്രദർശിപ്പിക്കുകയും നിങ്ങൾക്ക് വായിച്ചുനോക്കാനായി എല്ലാ ശാഖകളിലും അതിന്റെ ഒരു പകർപ്പ് സൗജന്യമായി ലഭ്യമാക്കുകയും ചെയ്യും.

## 7. പരാതികളും ആവലാതികളും പ്രതികരണങ്ങളും

### 7.1 ആന്തരിക നടപടിക്രമങ്ങൾ

എ. നിങ്ങൾക്ക് ഒരു പരാതി സമർപ്പിക്കണമെന്നുണ്ടെങ്കിൽ ഞങ്ങൾ പറഞ്ഞുതരും:

I. എങ്ങനെ അത് ചെയ്യണമെന്ന്
II. എവിടെ പരാതി സമർപ്പിക്കാൻ കഴിയുമെന്ന്
III. ആർക്ക് പരാതി സമർപ്പിക്കാൻ കഴിയുമെന്ന്
IV. മറുപടി എപ്പോൾ പ്രതീക്ഷിക്കാമെന്ന്
V. പരാതി പരിഹാരത്തിന് ആരെ സമീപിക്കണമെന്ന്
VI. ഫലം തൃപ്തികരമല്ലെങ്കിൽ എന്തുചെയ്യണമെന്ന്

ബി. നിങ്ങൾക്കുണ്ടാവുന്ന ഏതു ചോദ്യത്തിനും ഞങ്ങളുടെ ജീവനക്കാർ സഹായിക്കും.

സി. പരാതികൾ ന്യായമായും വേഗത്തിലും കൈകാര്യം ചെയ്യുന്നതിനുള്ള ഞങ്ങളുടെ നടപടിക്രമങ്ങളുടെ വിശദവിവരങ്ങൾ എവിടെ കണ്ടെത്താമെന്ന് ഞങ്ങൾ നിങ്ങൾക്ക് പറഞ്ഞുതരും.

ഡി. നിങ്ങൾക്ക് പരാതി ഉള്ള പക്ഷം സമീപിക്കാവുന്ന ഉദ്യോഗസ്ഥന്റെ പേര് ശാഖയിൽ പ്രദർശിപ്പിക്കും. ശാഖാതലത്തിൽ നിങ്ങളുടെ പരാതിക്ക് പരിഹാരമായില്ലെങ്കിൽ, ശാഖയിൽ പ്രദർശിപ്പിച്ചിരിക്കുന്ന മേൽവിലാസത്തിൽ ഞങ്ങളുടെ റീജിയണൽ മാനേജരെ/സോണൽ മാനേജരെ/പ്രിൻസിപ്പൽ നോഡൽ ഓഫീസറെ (പിഎൻഒ) നിങ്ങൾക്ക് സമീപിക്കാവുന്നതാണ്.

ഇ. നിങ്ങളുടെ പരാതി രേഖാമൂലമാണ് കൈപ്പറ്റിയതെങ്കിൽ, അത് കൈപ്പറ്റിയ വിവരം/പ്രതികരണം ഒരാഴ്ചയ്ക്കുള്ളിൽ അയയ്ക്കുവാൻ ഞങ്ങൾ പരമാവധി ശ്രമിക്കുന്നതാണ്. ഞങ്ങളുടെ നിർദ്ദിഷ്ട ടെലിഫോൺ ഹെൽപ്ഡെസ്കിലോ ഉപഭോക്തൃസേവന നമ്പരിലോ, ടെലിഫോൺ മുഖേനയാണ് പരാതി നൽകിയിരിക്കുന്നത് എങ്കിൽ, ഒരു പരാതി സൂചനാസംഖ്യ നിങ്ങൾക്ക് തരുന്നതും ന്യായമായ കാലയളവിനുള്ളിൽ പുരോഗതി നിങ്ങളെ അറിയിക്കുന്നതും ആണ്.

എഫ്. പ്രശ്നം പരിശോധിച്ചതിനു ശേഷം, ഞങ്ങളുടെ അന്തിമ പ്രതികരണം നിങ്ങൾക്ക് അയച്ചു തരുകയോ, തീരുമാനം അറിയിക്കുവാൻ കൂടുതൽ സമയം വേണ്ടതിന്റെ ആവശ്യകത വിശദീകരിക്കുകയോ ചെയ്യുമെന്ന് മാത്രമല്ല നിങ്ങളുടെ പരാതി കിട്ടി മുപ്പത് ദിവസത്തിനകം അത് ചെയ്യുവാൻ പ്രയത്നിക്കുകയും എന്നിട്ടും തൃപ്തി തോന്നിയില്ലെങ്കിൽ പരാതിയുമായി എങ്ങനെ മുന്നോട്ട് പോകണമെന്ന് പറഞ്ഞുതരുകയും ചെയ്യുന്നതാണ്.

ജി. ഞങ്ങൾക്ക് പരാതി സമർപ്പിച്ച് 30 ദിവസത്തിനകം നിങ്ങൾക്ക് തൃപ്തികരമായ പ്രതികരണം ഞങ്ങളിൽ നിന്ന് ലഭിക്കാതിരിക്കുകയോ പരാതി പരിഹാരത്തിന് മറ്റ് മാർഗങ്ങൾ തേടാൻ ആഗ്രഹിക്കുകയോ ചെയ്യുന്ന പക്ഷം, നിങ്ങൾക്ക് ബാങ്കിങ് ഓംബുഡ്സ്മാൻ പദ്ധതിക്കു കീഴിൽ ഭാരതീയ റിസർവ് ബാങ്ക് നിയമിച്ചിട്ടുള്ള ബാങ്കിങ് ഓംബുഡ്സ്മാനെ സമീപിക്കാവുന്നതാണ്. ഇതിന്റെ നടപടിക്രമങ്ങൾ ഞങ്ങളുടെ ജീവനക്കാർ വിശദമാക്കിത്തരുന്നതായിരിക്കും.

### 7.2 ബാങ്കിങ് ഓംബുഡ്സ്മാൻ പദ്ധതി

ബാങ്കിങ് ഓംബുഡ്സ്മാൻ പദ്ധതി ഞങ്ങളുടെ വെബ്സൈറ്റിൽ ഞങ്ങൾ പരസ്യപ്പെടുത്തും. ആവശ്യപ്പെടുന്ന പക്ഷം നാമമാത്ര നിരക്കിൽ ഇതിന്റെ പകർപ്പ് ലഭ്യമാക്കുന്നതാണ്. ഏത് ഓംബുഡ്സ്മാന്റെ അധികാരപരിധിയിലാണോ ശാഖ വരുന്നത് ആ ഓംബുഡ്സ്മാന്റെ പേരും ബന്ധപ്പെടേണ്ട വിവരങ്ങളും ഞങ്ങളുടെ ശാഖകളിൽ പ്രദർശിപ്പിക്കും.

### 7.3 ഇടപാടുകാരുടെ യോഗങ്ങൾ

ആശയങ്ങളും നിർദ്ദേശങ്ങളും കൈമാറാനുള്ള ഒരു പതിവ് ചാനൽ എന്ന നിലയിൽ ക്ലിപ്തമായ ഇടവേളകളിൽ ഇടപാടുകാരുടെ യോഗങ്ങൾ സംഘടിപ്പിക്കാൻ ഞങ്ങൾ ഉദ്യമിക്കും.

### 7.4 ശാഖാതല ഇടപാടുകാരുടെ സേവന സമിതി യോഗങ്ങൾ

ഞങ്ങളുടെ പ്രതിമാസ ശാഖാതല ഇടപാടുകാരുടെ സേവനസമിതി യോഗങ്ങളുടെ തീയതി ഞങ്ങളുടെ ശാഖകളിൽ പ്രദർശിപ്പിക്കുകയും നിങ്ങൾ ആഗ്രഹിക്കുന്ന പക്ഷം നങ്ങൾക്ക് അതിൽ പങ്കെടുക്കാവുന്നതുമാണ്.

# 8. ഉത്പന്നങ്ങളും സേവനങ്ങളും

### 8.1 നിക്ഷപ അക്കൗണ്ടുകൾ

എ. സേവിങ്സ് അക്കൗണ്ടുകൾ, തവണ നിക്ഷപം, കറണ്ട് അക്കൗണ്ടുകൾ തുടങ്ങി വിവിധ തരം അക്കൗണ്ടുകൾ നിങ്ങൾക്ക് തുടങ്ങാവുന്നതാണ്. താഴെപ്പറയുന്ന രീതികളിൽ താങ്കൾക്ക് ഇത്തരം അക്കൗണ്ടുകൾ തുടങ്ങാവുന്നതാണ്:

i. തനിയേ

ii. സംയുക്തമായി

iii. സംയുക്തമായി (ആരെങ്കിലും ഒരാൾ അല്ലെങ്കിൽ പിന്തുടർച്ചക്കാരൻ)

iv. സംയുക്തമായി (ആദ്യത്തെയാൾ അല്ലെങ്കിൽ പിന്തുടർച്ചക്കാരൻ)

v. സംയുക്തമായി (രണ്ടാമത്തെയാൾ അല്ലെങ്കിൽ പിന്തുടർച്ചക്കാരൻ)

vi. മറ്റേതെങ്കിലും രീതിയിൽ

ബി. ഏറ്റവും കുറഞ്ഞ നീക്കുബാക്കി വേണമെന്ന നിബന്ധന ഇല്ലാതെതന്നെ 'അടിസ്ഥാന സേവിങ്സ് ബാങ്ക് നിക്ഷേപ അക്കൗണ്ട്' (ബിഎസ്ബിഡി അക്കൗണ്ട്) എല്ലാ ഇടപാടുകാർക്കും ഞങ്ങൾ ലഭ്യമാക്കും. ഏറ്റവും കുറഞ്ഞ പൊതു സൗകര്യങ്ങൾ സൗജന്യമായി ഞങ്ങൾ ലഭ്യമാക്കും. അക്കൗണ്ട് തുറക്കുന്ന സന്ദർഭത്തിൽ സുതാര്യമായ രീതി യിൽ ആവശ്യമായ വിശദാംശങ്ങൾ അറിയിക്കുന്നതായിരിക്കും.

സി. മുകളിൽ പറഞ്ഞ അക്കൗണ്ടുകൾ അനുവദനീയമായിട്ടുള്ളിടത്ത് നാമനിർദ്ദേശ സൗകര്യത്തോടെ നിങ്ങൾക്ക് തുടങ്ങാം. അക്കൗണ്ട് തുറക്കുന്ന ഫോറത്തിൽ നാമനിർദ്ദേശം ചെയ്യുന്നതിനും നാമനിർദ്ദേശം ചെയ്യപ്പെട്ട വ്യക്തിയുടെ പേര് പാസ് ബുക്കിൽ/അക്കൗണ്ട് വിവരത്തിൽ/എഫ്ഡിആർകളിൽ ഉൾപ്പെടുത്തുന്നതിനുമുള്ള അവസരം ഉൾക്കൊള്ളി ക്കുന്നതാണ്. മേൽപ്പറഞ്ഞ അക്കൗണ്ടുകളുടെ വിവക്ഷകളെയും നാമനിർദ്ദേശ സൗകര്യങ്ങളെയും കുറിച്ച് അക്കൗണ്ട് തുടങ്ങുന്ന അവസരത്തിൽ ഞങ്ങൾ നിങ്ങളോട് വിശദീകരിക്കും.

ഡി. നിങ്ങളുടെ നാമനിർദ്ദേശ വിശദാംശങ്ങൾ കൈപ്പറ്റിയത് അറിയിക്കുകയും പാസ് ബുക്കിൽ/അക്കൗണ്ട് വിവര ത്തിൽ/എഫ്ഡിആർകളിൽ പ്രസ്തുത വിവരം രേഖപ്പെടുത്തുകയും ചെയ്യും. നിങ്ങൾ ആവശ്യപ്പെടുന്ന പക്ഷം നാമ നിർദ്ദേശം ചെയ്യപ്പെട്ട ആളുടെ പേരും ഞങ്ങൾ ഉൾപ്പെടുത്തുന്നതാണ്.

ഇ. ലിക്വിഡ് നിക്ഷേപ പദ്ധതിയെയും സ്വീപ് അക്കൗണ്ടിനെയും ഞങ്ങളുടെ സമാനമായ മറ്റ് ഉത്പന്നങ്ങളെയും അവയുടെ വിവക്ഷകളെയും നടപടിക്രമങ്ങളെയും കുറിച്ച് അക്കൗണ്ട് തുടങ്ങുന്ന അവസരത്തിൽ നിങ്ങളെ ഞങ്ങൾ അറിയിക്കും.

#### 8.1.1 അക്കൗണ്ട് തുറക്കലും നിക്ഷേപ അക്കൗണ്ടുകളുടെ പ്രവർത്തനവും

നിക്ഷേപ അക്കൗണ്ട് തുറക്കുന്നതിനു മുൻപ് ഞങ്ങൾ:

എ. ബാങ്കിന്റെ 'ഇടപാടുകാരനെ/കാരിയെ അറിയുക' (കെ.വൈ.സി.) എന്നതിൻകീഴിലെ മാർഗനിർദ്ദേശങ്ങൾ അനു സരിച്ച് വേണ്ട ശുഷ്കാന്തി കാട്ടും.

ബി. അതിനാവശ്യമായ രേഖകളോ തെളിവുകളോ ലഭ്യമാക്കുവാൻ നിങ്ങളോട് ആവശ്യപ്പെടും.

സി. കള്ളപ്പണം വെളുപ്പിക്കൽ തടയലോ അതുപോലുള്ള മറ്റേതെങ്കിലും നിയമാനുസൃത ആവശ്യകതകൾ നിറവേറ്റുന്നതിലേക്കോ വേണ്ട വിവരങ്ങൾ മാത്രമേ കെവൈസിയുടെ ആവശ്യത്തിലേക്ക് ഞങ്ങൾ സമ്പാദിക്കുകയുള്ളൂ. എന്തെങ്കിലും അധികവിവരം ആവശ്യപ്പെടുന്ന പക്ഷം അത് പ്രത്യേകം ആവശ്യപ്പെടുന്നതും അത്തരം അധികവിവരം ആവശ്യപ്പെടുന്നതിന്റെ ഉദ്ദേശ്യം വ്യക്തമാക്കുന്നതുമാണ്. അത്തരം വിവരങ്ങൾ നൽകുന്നത് നിയമം അനുശാസിക്കാത്ത പക്ഷം, സ്വമേധയാ ആയിരിക്കും. നിയമം നടപ്പാക്കുന്ന ഏജൻസി/ബാങ്കിങ് റഗുലേറ്റർ ആവശ്യപ്പെടാത്ത പക്ഷം പ്രസ്തുത വിവരം രഹസ്യമായി സൂക്ഷിക്കുന്നതായിരിക്കും.

ഡി. അക്കൗണ്ട് തുറക്കുന്നതിനാവശ്യമായ ഫോറവും മറ്റ് സാധനങ്ങളും നിങ്ങൾക്ക് ലഭ്യമാക്കും. അത് പരിശോധനയ്ക്കായി, ഒപ്പം/അല്ലെങ്കിൽ കെവൈസിയുടെ ആവശ്യങ്ങൾ തൃപ്തിപ്പെടുത്തുന്നതിലേക്കായി സമർപ്പിക്കേണ്ട അവശ്യം വേണ്ടിവരുന്ന വിവരങ്ങളുടെയും സമർപ്പിക്കേണ്ട രേഖകളുടെയും വിശദാംശങ്ങൾ ഉൾക്കൊണ്ടിരിക്കും.

ഇ. ഞങ്ങളുടെ റെക്കാർഡുകൾ നവീകരിക്കാൻ ഞങ്ങളെ പ്രാപ്തരാക്കുന്ന വിധത്തിൽ കെവൈസിക്കനുസൃതമായ രേഖകൾ കൃത്യമായ ഇടവേളകളിൽ സമർപ്പിക്കാൻ ആവശ്യപ്പെടും.

എഫ്. നിങ്ങൾ നിക്ഷേപ അക്കൗണ്ട് തുടങ്ങുമ്പോൾ, പാലിക്കേണ്ട നടപടിക്രമങ്ങൾ വിശദമാക്കുകയും നിങ്ങൾ ഉന്നയിക്കുന്നവയ്ക്ക് ആവശ്യമായ വിശദീകരണം നൽകുന്നതുമാണ്.

ജി. നിങ്ങൾ ഉപയോഗിക്കുന്ന നിക്ഷേപ സൗകര്യത്തിനെ നിയന്ത്രിക്കുന്ന, 'ഏറ്റവും പ്രധാനപ്പെട്ട വ്യവസ്ഥകളും നിബന്ധനകളും' (എംഐറ്റിസി) നിങ്ങൾക്ക് നൽകും.

എച്ച്. അക്കൗണ്ട് തുടങ്ങുന്ന സമയത്ത്, ഡിപ്പോസിറ്റ് ഇൻഷുറൻസ് ആൻഡ് ക്രെഡിറ്റ് ഗാരന്റി കോർപറേഷൻ ഓഫ് ഇൻഡ്യ (ഡിഐസിജിസി) നിജപ്പെടുത്തിയിട്ടുള്ള ചില പരിമിതികൾക്കും നിബന്ധനകൾക്കും വിധേയമായി, ഇൻഷുറൻസ് സ്കീം പ്രകാരം നിലവിലുള്ള ഇൻഷുറൻസ് സംരക്ഷണത്തിന്റെ വിശദ വിവരങ്ങൾ നിങ്ങൾക്ക് ലഭ്യമാക്കും.

### 8.1.2 നിങ്ങളുടെ അക്കൗണ്ട് മാറ്റൽ

എ. നിങ്ങൾ തിരഞ്ഞെടുത്ത കറന്റ് അല്ലെങ്കിൽ സേവിങ്സ് അക്കൗണ്ടിൽ ആദ്യ ഗഡു അടച്ച് 14 ദിവസത്തിനുള്ളിൽ നിങ്ങൾ സംതൃപ്തനല്ലെങ്കിൽ ഞങ്ങളുടെ മറ്റൊരു അക്കൗണ്ടിലക്ക് മാറുന്നതിന് ഞങ്ങൾ സഹായിക്കും. അല്ലെങ്കിൽ, നിങ്ങൾക്ക് തുക തിരികെത്തരാൻ ആവശ്യപ്പെടാവുന്നതും അതുവരെ എന്തെങ്കിലും പലിശ നേടിയിട്ടുണ്ടെങ്കിൽ, ആ പലിശ സഹിതം നിങ്ങളുടെ പണം തിരികെ നൽകുന്നതുമാണ്. നോട്ടീസ് കാലാവധിയും അധിക ചെലവുകളും ഞങ്ങൾ വേണ്ടെന്നു വയ്ക്കും.

ബി. നിങ്ങളുടെ കറന്റ് അക്കൗണ്ട്/സേവിങ്സ് അക്കൗണ്ട് നിർത്തുവാൻ നിങ്ങൾ തീരുമാനിച്ചാൽ, നിങ്ങളുടെ നിർദ്ദേശം കൈപ്പറ്റി മൂന്ന് പ്രവൃത്തി ദിവസങ്ങൾക്കുള്ളിൽ, നിങ്ങൾ എല്ലാ ഔപചാരികതകളും പൂർത്തിയാക്കുകയും ആവശ്യമായ എല്ലാ രേഖകളും സമർപ്പിക്കുകയും ചെയ്യുന്ന പക്ഷം, അക്കൗണ്ട് നിർത്തലാക്കുന്നതാണ്.

സി. നിങ്ങളുടെ അക്കൗണ്ട് ഞങ്ങളുടെ ബാങ്കിന്റെ മറ്റൊരു ശാഖയിലേക്ക് മാറ്റണമെന്നുണ്ടെങ്കിൽ, അപ്രകാരം ചെയ്തു തരും. നിങ്ങളുടെ അപേക്ഷ കൈപ്പറ്റി 3 (മൂന്ന്) പ്രവൃത്തി ദിവസത്തിനുള്ളിൽ പുതിയ മേൽവിലാസം തെളിയിക്കുന്ന

രേഖകൾക്കായി നിർബന്ധിക്കാതെയും നിങ്ങളുടെ പുതിയ മേൽവിലാസം സ്വയംസാക്ഷ്യപ്പെടുത്തി നൽകുന്നതിന്റെ അടിസ്ഥാനത്തിലും എവിടേക്ക് മാറ്റുന്നോ ആ ശാഖയിലേക്ക് അക്കൗണ്ട് ഞങ്ങൾ മാറ്റിത്തരും. പ്രസ്തുത മേൽവിലാസത്തിന്റെ രേഖാപരമായ തെളിവ് നിങ്ങൾ ആറുമാസത്തിനകം സമർപ്പിക്കേണ്ടതുണ്ട്. പുതിയ ശാഖയിൽ അക്കൗണ്ട് നിലവിൽ വന്നാലുടനെ നിങ്ങളെ അക്കാര്യമറിയിക്കും. നിങ്ങളുടെ സ്ഥിര നിർദ്ദേശങ്ങളെക്കുറിച്ചുള്ള/നേരിട്ടുള്ള ഋണ ബാധ്യതയെക്കുറിച്ചുള്ള, അങ്ങനെ ഉള്ളപക്ഷം, വിവരം പുതിയ ശാഖയെ അറിയിക്കുന്നതാണ്.

### 8.1.3 സേവിങ്സ്/കറണ്ട് അക്കൗണ്ടുകൾ

ഒരു നിക്ഷേപ അക്കൗണ്ട് നിങ്ങൾ തുടങ്ങുമ്പോൾ, ഞങ്ങൾ:

എ. നിശ്ചിത കാലയളവിനുള്ളിൽ സൗജന്യമായി നിങ്ങൾക്ക് നടത്താവുന്ന ഇടപാടുകൾ, പണം പിൻവലിക്കൽ മുതലായവയുടെ എണ്ണം ഞങ്ങൾ നിങ്ങളെ അറിയിക്കും.

ബി. ആ പരിധി കടന്നാൽ ചുമത്താവുന്ന ചാർജുകളെപ്പറ്റി, അങ്ങനെ ഉണ്ടാകുന്ന പക്ഷം, നിങ്ങളെ അറിയിക്കും. ചാർജുകളുടെ വിശദവിവരങ്ങൾ താരിഫ് ഷെഡ്യൂളിൽ ഉൾപ്പെടുത്തും.

സി. നിങ്ങളുടെ **സേവിങ്സ് നിക്ഷേപങ്ങൾക്ക്** നൽകുന്ന പലിശയുടെ നിരക്ക്, അത് കണക്കാക്കുന്ന രീതി, അതിന്റെ അടവിനുള്ള സമയക്രമം എന്നിവ നിങ്ങളെ അറിയിക്കും.

#### 8.1.3.1 ഏറ്റവും കുറഞ്ഞ നീക്കിബാക്കി

എ. സേവിങ്സ് ബാങ്ക് അക്കൗണ്ടിൽ നിലനിറുത്തേണ്ട ഏറ്റവും കുറഞ്ഞ നീക്കിബാക്കി എത്രയെന്നത് ഞങ്ങളുടെ ശാഖകളിൽ പ്രദർശിപ്പിക്കും.

ബി. സേവിങ്സ് ബാങ്ക് അക്കൗണ്ട്, കറണ്ട് അക്കൗണ്ട്, ഏതെങ്കിലും തരത്തിലുള്ള നിക്ഷേപ അക്കൗണ്ട് എന്നിവ പോലെയുള്ള നിക്ഷേപ ഉത്പന്നങ്ങളുടെ കാര്യത്തിൽ ഞങ്ങൾ നിങ്ങളെ അറിയിക്കും:

i. അത്തരം അക്കൗണ്ടുകളുടെ പ്രവർത്തനത്തിനു ബാധകമായ നിബന്ധനകളുടെയും വ്യവസ്ഥകളുടെയും ഭാഗമായി നിലനിർത്തേണ്ട ഏറ്റവും കുറഞ്ഞ നീക്കിബാക്കിയെ സംബന്ധിച്ച്.

ii. അക്കൗണ്ടിൽ ഏറ്റവും കുറഞ്ഞ നീക്കിബാക്കി നിലനിർത്തുന്നതിൽ വീഴ്ച വരുത്തിയാൽ ചുമത്തു ന്ന ചെലവുകളെപ്പറ്റി. ചെലവുകളുടെ വിശദവിവരങ്ങൾ നിരക്കുപട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ടാകും.

iii. ഏറ്റവും കുറഞ്ഞ നീക്കിബാക്കി നിലനിർത്തുന്നതിൽ എന്തെങ്കിലും മാറ്റമുണ്ടെങ്കിൽ അത് 30 ദിവസം മുന്നേതന്നെ നിങ്ങളെ അറിയിക്കും. ഈ നോട്ടീസ് കാലാവധിയിൽ, പുതുക്കിയ ഉയർന്ന നീക്കിബാക്കിത്തുക നിലനിർത്താത്തതിന് ഞങ്ങൾ ചാർജ് ഈടാക്കുന്നതല്ല.

#### 8.1.3.2 ചാർജുകൾ

ചെക്ക് ബുക്ക് വിതരണം, അധികമായ/പകർപ്പായ അക്കൗണ്ട് വിവരണം, പാസ്ബുക്കിന്റെ പകർപ്പ്, പണം നൽകിയ ചെക്കുകളുടെ പകർപ്പുകൾ, ഫോളിയോ നിരക്കുകൾ, ഡെബിറ്റ് കാർഡ്, എറ്റിഎം കാർഡ്, ഒപ്പിന്റെ സ്ഥിരീകരണം, വേണ്ടത്ര ബാലൻസ് ഇല്ലാത്തതിനാൽ മടങ്ങുന്ന ചെക്ക്, നിർദ്ദേശത്തിലോ അക്കൗണ്ട് രീതിയിലോ വരുത്തുന്ന മാറ്റം, പണം നൽകുന്നത് നിർത്തിവയ്ക്കൽ, അതിനായി നിലനിൽക്കുന്ന നിർദ്ദേശങ്ങൾ/റദ്ദാക്കലുകൾ മുതലായവയ്ക്കുള്ള

നിർദ്ദിഷ്ടമായ നിരക്കുകൾ ഞങ്ങളുടെ നിരക്കുപട്ടികയിൽ ഉൾപ്പെടുത്തുന്നതാണ്. നൽകിയിട്ടുള്ള ഇളവുകളുടെ/ആശ്വാസത്തിന്റെ യഥാർത്ഥ സാധുതാകാലയളവിൽ പിൻവലിക്കുന്നതല്ല.

### 8.1.3.3 പാസ്ബുക്ക്/കണക്കുവിവരങ്ങൾ

എ. നിങ്ങൾ പാസ്ബുക്ക് തിരഞ്ഞെടുക്കാത്ത പക്ഷം, നിങ്ങളുടെ അക്കൗണ്ട് കൈകാര്യം ചെയ്യുന്നതിലും അതിലെ ഉൾപ്പെടുത്തലുകൾ പരിശോധിക്കുന്നതിലും സഹായിക്കുന്നതിനായി അക്കൗണ്ടിന്റെ ഒരു പ്രതിമാസ കണക്കുവിവരം/ഇമെയിൽ കണക്കുവിവരം (നിങ്ങളുടെ സ്വീകാര്യതയ്ക്കനുസരിച്ച്) ഞങ്ങൾ നൽകുന്നതാണ്.

ബി. നിങ്ങളുടെ അക്കൗണ്ടിന്റെ തരത്തിൽപ്പെട്ട അക്കൗണ്ടിന് സാധാരണ ലഭ്യമായതിൽ കൂടുതൽ തവണ അക്കൗണ്ട് വിവരങ്ങൾ ഒരു നിശ്ചിത നിരക്ക് ചുമത്തി നൽകുവാൻ നിങ്ങൾക്ക് ഞങ്ങളോട് ആവശ്യപ്പെടാവുന്നതാണ്. നിരക്കുപട്ടികയിൽ ഈ നിരക്ക് സൂചിപ്പിച്ചിരിക്കും.

സി. പാസ്ബുക്കിലും കണക്കുവിവരങ്ങളിലും ഞങ്ങളുടെ എംഐസിആർ, ഐഎഫ്എസ് കോഡുകൾ ഞങ്ങൾ രേഖപ്പെടുത്തും.

ഡി. ബാങ്കിന്റെ ഉപഭോക്തൃ സേവന നമ്പർ/ശാഖയുമായി ബന്ധപ്പെടേണ്ട നമ്പർ പാസ്ബുക്കുകളിലും കണക്കുവിവരങ്ങളിലും ലഭ്യമാക്കും.

ഇ. നിങ്ങളുടെ പാസ്ബുക്കിൽ/കണക്കുവിവരത്തിൽ ഉള്ള രേഖപ്പെടുത്തലുകൾ ഹ്രസ്വവും വിജ്ഞാനപ്രദവും സുഗ്രാഹ്യവും ആണെന്ന് ഞങ്ങൾ ഉറപ്പുവരുത്തും.

### 8.1.3.4 നിക്ഷേപ അക്കൗണ്ടുകളുടെ നവീകരണം

നിങ്ങളുടെ അക്കൗണ്ടുകൾക്ക് നവീകരണം വേണ്ടിവരുമ്പോൾ, നിങ്ങളുടെ എഴുതിനൽകുന്നതോ മറ്റെന്തെങ്കിലും മാർഗത്തിലൂടെയോ ഉള്ള അനുമതി നേടിയ ശേഷമോ, ആവശ്യമായ ഉറപ്പുവരുത്തിയ ശേഷമുള്ള ഇലക്ട്രോണിക് മാർഗത്തിലൂടെയുള്ള നിങ്ങളുടെ അനുമതി നേടിയ ശേഷമോ, മാത്രം നിങ്ങളുടെ അക്കൗണ്ട് ഞങ്ങൾ നവീകരിക്കും.

### 8.1.4 പ്രായപൂർത്തിയാകാത്തവരുടെ അക്കൗണ്ടുകൾ

എ. നിങ്ങൾ അപേക്ഷിക്കുന്ന പക്ഷം പ്രായപൂർത്തിയാകാത്ത ഒരാളുടെ പേരിൽ നിക്ഷേപ അക്കൗണ്ട് എങ്ങനെ തുടങ്ങാമെന്നും പ്രവർത്തിപ്പിക്കാമെന്നുമുള്ള കാര്യം നിങ്ങൾക്ക് ഞങ്ങൾ പറഞ്ഞുതരും.

ബി. പ്രായപൂർത്തിയാകാത്തയാൾ പ്രായപൂർത്തിയെത്തുന്ന തീയതി നിങ്ങളെ ഞങ്ങൾ അറിയിക്കും.

### 8.1.5 സജീവമല്ലാത്ത/നിഷ്ക്രിയ അക്കൗണ്ടുകൾ

ഞങ്ങൾ

എ. എത്ര കാലം അക്കൗണ്ട് പ്രവർത്തനരഹിതമായി തുടർന്നാൽ അത് **സജീവമല്ലാത്ത/നിഷ്ക്രിയ** അക്കൗണ്ട് എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തുമെന്ന് നിങ്ങൾ അക്കൗണ്ട് തുടങ്ങുമ്പോൾ തന്നെ പറഞ്ഞുതരും. നിങ്ങളുടെ അക്കൗണ്ട് സജീവമല്ലാത്ത/നിഷ്ക്രിയ അക്കൗണ്ടായി പരിഗണിക്കപ്പെടുന്നതിന് മൂന്നു മാസം മുൻപ് അക്കാര്യവും അതിന്റെ പരിണതഫലങ്ങളും നിങ്ങളെ അറിയിക്കുന്നതാണ്.

ബി. നിങ്ങളുടെ അക്കൗണ്ട് സജീവമല്ലാത്ത/നിഷ്ക്രിയ അക്കൗണ്ട് എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തപ്പെടുന്ന കാര്യം നിങ്ങളെ എസ്എംഎസ്/ഇമെയിൽ വഴി അറിയിക്കാൻ ശ്രമിക്കും.

സി. ഒരു അക്കൗണ്ട് സജീവമല്ലാത്ത/നിഷ്ക്രിയ അക്കൗണ്ട് വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിനു മുൻപെ അതിന്റെ സഹ അവകാശിയെ/കളെക്കൂടി അറിയിക്കും.

ഡി. അക്കൗണ്ട് പ്രവർത്തനക്ഷമമാക്കാൻ നിങ്ങൾ ആഗ്രഹിക്കുകയാണെങ്കിൽ പിന്തുടരേണ്ട നടപടിക്രമങ്ങളെപ്പറ്റി നിങ്ങളോട് പറയും.

ഇ. ഒരു അക്കൗണ്ട് സജീവമല്ലാത്ത/നിഷ്ക്രിയ അക്കൗണ്ട് ആകുന്നതുകൊണ്ടുമാത്രം എന്തെങ്കിലും പിഴ ഈടാക്കുന്നതല്ല.

എഫ്. സജീവമല്ലാത്ത അക്കൗണ്ട് പ്രവർത്തിപ്പിക്കുവാൻ നിങ്ങൾക്ക് ഒരു ചാർജും ഈടാക്കുന്നതല്ല.

### 8.1.6 നിങ്ങളുടെ അക്കൗണ്ട് അവസാനിപ്പിക്കൽ

സാധാരണ സാഹചര്യങ്ങളിൽ, കുറഞ്ഞത് 30 ദിവസത്തെ കാരണങ്ങളോടുകൂടിയ മുന്നറിയിപ്പ് നൽകാതെ നിങ്ങളുടെ അക്കൗണ്ട് അവസാനിപ്പിക്കുന്നതല്ല. അത്തരം സന്ദർഭങ്ങളിൽ, നിങ്ങൾ നേരത്തേ കൊടുത്തിട്ടുള്ള ചെക്കുകളുടെ കാര്യത്തിൽ ഇതര ക്രമീകരണങ്ങൾ ചെയ്യുകയും ആ അക്കൗണ്ടിൽ നിന്ന് പുതുതായി ചെക്ക് നൽകുന്നത് നിർത്തിവയ്ക്കുകയും ചെയ്യേണ്ടതുണ്ട്.

### 8.2 ക്ലിയറിങ് പരിവൃത്തി/ശേഖരണ സേവനങ്ങൾ

എ. സമാഹരണത്തിനായി അയയ്ക്കുന്നതിനിനുവേണ്ടി നിങ്ങളുടെ ചെക്കുകൾ നിക്ഷേപിക്കുവാനുള്ള ഒരു നിക്ഷേപപ്പെട്ടി സൗകര്യം ഞങ്ങൾ ലഭ്യമാക്കും. നിക്ഷേപപ്പെട്ടിയിലിട്ട ചെക്കുകൾ ശരിയായ രീതിയിലും സമയത്തും വരവ് വച്ചിട്ടുണ്ടെന്ന കാര്യം ഉറപ്പുവരുത്തുന്നതിന് ആവശ്യമായ മുൻകരുതലുകൾ എടുക്കും. എന്നിരിക്കിലും, നിങ്ങൾ ആഗ്രഹിക്കുന്നപക്ഷം നിങ്ങൾക്ക് ചെക്കുകൾ നിക്ഷേപപ്പെട്ടിയിൽ ഇടാതെ കൗണ്ടറിൽ ഏൽപ്പിച്ച് രസീതി കൈപ്പറ്റാവുന്നതാണ്.

ബി. അതാത് സ്ഥലത്തെ പ്രമാണങ്ങളുടെയും മറ്റ് സ്ഥലത്തെ പ്രമാണങ്ങളുടെയും ക്ലിയറിങ് പരിവൃത്തിയെപ്പറ്റി, അന്നേദിവസത്തെ പിൻവലിക്കലിനായി പ്രമാണസമർപ്പണത്തിനുള്ള അവസാന സമയം എപ്പോഴെന്നും നിക്ഷേപിച്ചു കഴിഞ്ഞ് എപ്പോൾ നിങ്ങൾക്ക് പണം പിൻവലിക്കാമെന്നും ഞങ്ങളുടെ **ചെക്ക് ശേഖരണ നയ**മനുസരിച്ച് കാലതാമസമുണ്ടായ ശേഖരണത്തിനുള്ള പലിശയ്ക്ക് നിങ്ങൾ എപ്പോൾ അർഹത നേടുമെന്നും ഉള്ള വിശദവിവരങ്ങൾ ഉൾപ്പെടെ പറഞ്ഞുതരും.

സി. നിങ്ങൾ ആവശ്യപ്പെടുന്നതുവരെ കാക്കാതെ, ഞങ്ങളുടെ ചെക്ക് ശേഖരണ/നഷ്ടപരിഹാരം നൽകൽ നയമനുസരിച്ച് പ്രമാണശേഖരണത്തിലുണ്ടാകുന്ന ഏതെങ്കിലും വിധത്തിലുള്ള താമസത്തിന് നിങ്ങൾക്ക് നഷ്ടപരിഹാരം നൽകും.

ഡി. മാറാനായി നിക്ഷേപിച്ച ഒരു ചെക്ക് പണമില്ലാതെ മടങ്ങിയാൽ അക്കാര്യം നിങ്ങളെ ഉടൻതന്നെ എസ്എംഎസ്/ഇമെയിൽ വഴി അറിയിക്കും.

ഇ. മടങ്ങിവന്ന തീയതി, മടക്കിയതിന്റെ/പണം നിഷേധിച്ചതിന്റെ കാരണം എന്നിവ സൂചിപ്പിച്ചുകൊണ്ട് വേണ്ടവിധത്തിൽ ഒപ്പുവച്ച ഒരു റിട്ടേൺ മെമ്മോയോടൊപ്പം പണം നൽകാത്ത/അനാദരിക്കപ്പെട്ട ചെക്ക് ഞങ്ങൾ 24 മണിക്കൂറിനകം മടക്കിത്തരും.

എഫ്. മറ്റ് സ്ഥലത്തെ ചെക്കുകൾ ഉടനടി ക്രെഡിറ്റ് ചെയ്യുകയാണെങ്കിൽ, നിങ്ങൾ സമർപ്പിക്കുന്ന പ്രമാണങ്ങളിന്മേൽ ക്രെഡിറ്റ് ചെയ്യാവുന്ന തുകയുടെ പരിധി, അക്കൗണ്ടിന്റെ തൃപ്തികരമായ കൈകാര്യം ചെയ്യൽ മുതലായവ ബാധകമാക്കി നിബന്ധനകളും വ്യവസ്ഥകളും ഉൾപ്പെടെ ഉള്ള വിശദാംശങ്ങൾ നൽകും.

ജി. നിങ്ങൾ നിക്ഷേപിച്ച ഒരു ചെക്ക്/രേഖ മാർഗമദ്ധ്യേ നഷ്ടപ്പെട്ടാൽ ഒരു ഡ്യൂപ്ലിക്കേറ്റ് ചെക്ക്/ രേഖ ലഭ്യമാക്കുന്നതിന് ഞങ്ങളുടെ ചെക്ക് ശേഖരണ/നഷ്ടപരിഹാരം നൽകൽ നയമനുസരിച്ച് നടപടിക്രമങ്ങൾ തുടരുകയും നിങ്ങൾക്ക് എല്ലാ സഹായങ്ങളും നൽകുകയും ചെയ്യും.

എച്ച്. നിങ്ങൾ അക്കൗണ്ട് തുടങ്ങുമ്പോഴും നിങ്ങൾ ചോദിക്കുമ്പോഴൊക്കെയും മുകളിൽ പറഞ്ഞ വിവരങ്ങൾ നൽകും. ഞങ്ങളുടെ ചെക്ക് ശേഖരിക്കൽ നയത്തിൽ എന്തെങ്കിലും മാറ്റം വന്നാൽ, പുതുക്കിയ നയം ഞങ്ങളുടെ വെബ്സൈറ്റിൽ പ്രദർശിപ്പിക്കുകയും ഞങ്ങളുടെ എല്ലാ ശാഖകളിലും ലഭ്യമാക്കുകയും ചെയ്യുന്നതാണ്.

### 8.3 പണമിടപാടുകൾ

എ. കോർ ബാങ്കിങ് സംവിധാനത്തിനു കീഴിൽ ഞങ്ങളുടെ ഏത് ശാഖയിലും ഞങ്ങൾ പണം സ്വീകരിക്കുകയും പണം നൽകുകയും ചെയ്യും. ഇത്തരം ഇടപാടുകൾക്ക് ഉണ്ടായേക്കാവുന്ന ഇടപാടിലെയോ നിരക്കുകളിലെയോ ഏതെങ്കിലും നിയന്ത്രണങ്ങൾക്ക് വിധേയമായിരിക്കും അത്.

ബി. മുഷിഞ്ഞ/കീറിപ്പറിഞ്ഞ നോട്ടുകളെയും ചെറു നാണയങ്ങളെയും ഞങ്ങളുടെ എല്ലാ ശാഖകളിലും മാറ്റി പകരം നല്ലതും വൃത്തിയുള്ളതുമായ ബാങ്ക് നോട്ടുകൾ/നാണയങ്ങൾ നൽകുകയും ചെയ്യും. സാധാരണ കയറിവരുന്ന ഇടപാടുകാർക്കും നിർദ്ദിഷ്ടപരിധിക്കുള്ളിൽ ഈ സൗകര്യം ഞങ്ങൾ നൽകും

സി. ഒരു നിർദ്ദിഷ്ട തുകയ്ക്കു മേലുള്ള ഇടപാടുകൾക്ക് നിങ്ങളുടെ **പാൻ** നമ്പർ ഹാജരാക്കുവാൻ ഞങ്ങൾ ആവശ്യപ്പെട്ടേക്കാം.

### 8.4 നേരിട്ടുള്ള ഡെബിറ്റും നിലനിൽക്കുന്ന നിർദ്ദേശങ്ങളും

ഞങ്ങൾ:

എ. അക്കൗണ്ട് തുടങ്ങുമ്പോൾ നേരിട്ടുള്ള ഡെബിറ്റുകൾ/നിലനിൽക്കുന്ന നിർദ്ദേശങ്ങൾ എങ്ങനെ പ്രവർത്തിക്കുന്നു എന്നും അവ എങ്ങനെ രേഖപ്പെടുത്താം/റദ്ദുചെയ്യാം എന്നും അവയുമായി ബന്ധപ്പെ ട്ട ചാർജുകൾ എത്ര എന്നും ഞങ്ങൾ പറഞ്ഞുതരും. നിരക്കുപട്ടിക പ്രകാരം നിരക്ക് ഈടാക്കുന്നതാണ്.

ബി. നേരിട്ടുള്ള ഡെബിറ്റുകൾക്കും [ഉദാഹരണത്തിന് **ഇലക്ട്രോണിക് ക്ലിയറിങ് സർവീസ്** – (ഇസിഎസ്)] മറ്റു നിലനിൽക്കുന്ന നിർദ്ദേശങ്ങൾക്കും വേണ്ടി നിങ്ങൾ നൽകിയ അനുമതി അനുസരിച്ച് പ്രവർത്തിക്കും. നിർദ്ദേശങ്ങൾ നടപ്പിൽ വരുത്തുന്നതിന് കാലതാമസമോ വീഴ്ചയോ വരുത്തി നിങ്ങൾക്ക് സാമ്പത്തിക നഷ്ടമോ അധികച്ചെലവോ ഉണ്ടാക്കിയാൽ ബാങ്കിന്റെ നഷ്ടപരിഹാര നയമനുസരിച്ച് നഷ്ടപരിഹാരം നൽകുന്നതാണ്. നിങ്ങളുടെ അക്കൗണ്ടിൽ

വേണ്ടത്ര നീക്കിബാക്കി ഇല്ലാത്തതിനാൽ നിർദ്ദേശം നടപ്പാക്കാനാകാതെ വന്നാൽ, കാലാകാലം ഭേദഗതി വരുത്തിയ പ്രകാരമുള്ള ചുരുക്കപ്പട്ടിക അനുസരിച്ച് നിരക്കുകൾ ചുമത്തുന്നതാണ്.

സി. നിങ്ങളുടെ അക്കൗണ്ടിൽ നിന്ന് അനധികൃതമായി/തെറ്റായി പണം പിൻവലിച്ചു എന്ന് നിർണയിക്കപ്പെട്ടാൽ, ഉടനടി പലിശ സഹിതം നിങ്ങളുടെ അക്കൗണ്ടിലേക്ക് ആ പണം തിരികെ അടയ്ക്കുന്നതും ബാങ്കിന്റെ നഷ്ടപരിഹാരനയം അനുസരിച്ച് നഷ്ടപരിഹാരം നൽകുന്നതും ആണ്.

### 8.5 പണം നൽകുന്നത് നിറുത്തിവയ്ക്കൽ സൗകര്യം

ഞങ്ങൾ:

എ. നിങ്ങൾ നൽകിയ ചെക്കുകളിൽ പണം നൽകുന്നത് നിറുത്തിവയ്ക്കൽ നിർദ്ദേശം സ്വീകരിക്കും. നിങ്ങളുടെ നിർദ്ദേശം കൈപ്പറ്റിക്കഴിഞ്ഞാൽ ഉടനെതന്നെ, നിർദ്ദേശം ലഭിച്ച കാര്യം നിങ്ങളെ അറിയിക്കുന്നതും ആ ചെക്കുകളുടെ പണം നേരത്തെ നൽകിക്കഴിഞ്ഞിട്ടില്ലാത്ത പക്ഷം നടപടി സ്വീകരിക്കുന്നതും ആണ്.

ബി. നിരക്കുകൾ ഉണ്ടെങ്കിൽ അവ നിരക്കുപട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള പ്രകാരം ചുമത്തും.

സി. പണം നൽകുന്നത് നിറുത്തിവയ്ക്കൽ നിർദ്ദേശം കിട്ടിയതായി നിങ്ങളെ അറിയിച്ച ശേഷം ഞങ്ങൾ പണം നൽകിയാൽ, ആ പണം തിരികെ നൽകുന്നതും ബാങ്കിന്റെ നഷ്ടപരിഹാരനയം അനുസരിച്ച് നഷ്ടപരിഹാരം നൽകുന്നതും ആണ്.

### 8.6 നിങ്ങൾ നൽകുന്ന ചെക്ക്/ഡെബിറ്റ് നിർദ്ദേശങ്ങൾ

ഞങ്ങൾ:

എ. സിറ്റിഎസിനു കീഴിൽ ഉള്ള ബാങ്കിൽ നിന്നും ലഭിക്കുന്ന, നിങ്ങളുടെ അക്കൗണ്ടിൽ നിന്ന് പണം നൽകിയ ഒറിജിനൽ ചെക്കുകൾ/ഡെബിറ്റ് നിർദ്ദേശങ്ങൾ അല്ലെങ്കിൽ അവയുടെ കോപ്പികൾ അല്ലെങ്കിൽ അവയുടെ ചിത്രങ്ങൾ, നിയമം അനുശാസിക്കുന്നത്ര കാലയളവോളം സൂക്ഷിച്ചുവയ്ക്കും.

ബി. രേഖകൾ ങ്ങളുടെ കൈവശം ഉള്ളിടത്തോളം കാലം അതിന് തെളിവായി ചെക്ക്/ചെക്കിന്റെ ചിത്രം/ഡെബിറ്റ് നിർദ്ദേശം അല്ലെങ്കിൽ അവയുടെ പകർപ്പ് നിങ്ങൾക്ക് നൽകും. നിങ്ങളുടെ അക്കൗണ്ടിൽ നിന്ന് പണം നൽകിയ ചെക്കിന്റെ/ഡെബിറ്റ് നിർദ്ദേശത്തിന്റെ കാര്യത്തിൽ ഒരു തർക്കം ഉണ്ടായാൽ, അപേക്ഷ സമർപ്പിക്കുന്നത് ഒരു വർഷത്തിനുള്ളിലാണെങ്കിൽ, നിരക്കുകൾ ഒന്നും ഈടാക്കുന്നതല്ല. പ്രസ്തുത കാലാവധിക്ക് ശേഷമാണെങ്കിൽ, നിരക്കുപട്ടിക പ്രകാരം നിരക്കുകൾ ഈടാക്കുന്നതാണ്.

സി. **പണം നൽകാത്ത ചെക്കുകളും കാലാവധി കഴിഞ്ഞ (കാലഹരണപ്പെട്ട) ചെക്കുകളും** എങ്ങനെ കൈകാര്യം ചെയ്യുമെന്ന് നിങ്ങളോട് പറയും. ചുമത്തുന്ന നിരക്കുകളുടെ വിവരങ്ങൾ, കാലാകാലം ഭേദഗതി ചെയ്ത പ്രകാരം, നിരക്കുപട്ടികയിൽ ഉൾപ്പെടുത്തും.

### 8.7 കാലാവധി നിക്ഷപങ്ങൾ

എ. നിങ്ങൾ ഒരു കാലാവധി നിക്ഷേപം തുടങ്ങുമ്പോൾ, അപേക്ഷയിൽ തന്നെ കാലാവധി പൂർത്തിയായാൽ നിങ്ങളുടെ നിക്ഷേപത്തിൽ തീർപ്പു കൽപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ, ഞങ്ങൾ നിങ്ങളിൽ നിന്നും സമ്പാദിക്കും.

ബി. നിക്ഷേപം പിൻവലിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ഇല്ലാത്തപക്ഷം, കാലാവധി പൂർത്തിയാക്കുന്ന മുറയ്ക്ക് കാലാവധി നിക്ഷേപ കാലാവധി അടുത്തുവരുന്നത് നിങ്ങളെ കത്ത്/**മെയിൽ**/എസ്എംഎസ് വഴി കാലേകൂട്ടി അറിയിക്കും.

സി. അപ്പോഴും നിങ്ങളിൽ നിന്ന് നിർദ്ദേശം ലഭിക്കാത്തപക്ഷം, നികുതി ഒഴിവാക്കുന്ന നിക്ഷേപങ്ങൾ മുതലായവ പോലുള്ളവ ഒഴികെയുള്ള, നിക്ഷേപത്തെ നിലവിലെ പലിശ നിരക്കിൽ അതേ കാലാവധിയിലേക്ക് ഞങ്ങൾ പുതുക്കും.

ഡി. കാലാവധി പൂർത്തിയാക്കുന്നതിനു മുൻപ് കാലാവധി നിക്ഷപം പിൻവലിക്കുന്നതിനുള്ള നടപടിക്രമങ്ങൾ നിങ്ങളെ അറിയിക്കും അക്കൗണ്ട് തുറക്കൽ ഫോമിൽ/എംഐെറ്റിസിയിൽ/എഫ്ഡിആറിന്റെ പുറകുവശത്ത് കൂടി പ്രസ്തുത വിവരം ലഭ്യമാക്കും.

ഇ. കാലാവധി പൂർത്തിയാക്കുന്നതിനു മുൻപ് കാലാവധി നിക്ഷപം പിൻവലിച്ചാലുള്ള പലിശനിരക്കുകളെയും ചെലവുകളെയും പറ്റി നിങ്ങളെ അറിയിക്കും.

എഫ്. 'മുൻപറഞ്ഞയാൾ അല്ലെങ്കിൽ ശേഷിച്ചയാൾ/രണ്ടിലൊരാൾ അല്ലെങ്കിൽ ശേഷിച്ചയാൾ' എന്ന അധികാരപത്രത്തിന് അനുസരിച്ച് കാലാവധി പൂർത്തിയാക്കുന്നതിനു മുൻപ് കാലാവധി നിക്ഷപങ്ങൾ പിൻവലിക്കാൻ ഞങ്ങൾ അനുവദിക്കും. എന്നാൽ പ്രസ്തുത ഉദ്ദേശ്യത്തിനായി എല്ലാ നിക്ഷേപകരിൽനിന്നും നിങ്ങൾ നിശ്ചിതമായ സംയുക്ത അധികാരപത്രം ഞങ്ങൾക്ക് നൽകിയിരിക്കണം.

ജി. കാലാവധിക്ക് ശേഷമുള്ള തീയതിയിൽ നിക്ഷേപം പുതുക്കുന്നപക്ഷം വ്യവസ്ഥകളെയും ഉപാധികളെയും സംഗതമായ പലിശനിരക്കിനെയും കുറിച്ച് നിക്ഷേപം സ്വീകരിക്കുന്ന സമയത്ത് ഞങ്ങൾ നിങ്ങളെ അറിയിക്കും. പ്രസ്തുത വിവരം അക്കൗണ്ട് തുറക്കൽ ഫോമിൽ/എംഐെറ്റിസിയിൽ/എഫ്ഡിആറിന്റെ പുറകുവശത്ത് കൂടി ലഭ്യമാക്കും.

എച്ച്. നിങ്ങളുടെ നിക്ഷപങ്ങളിന്മൽ ഉള്ള പലിശ വരുമാനത്തിന് ബാധകമായ വരുമാന നികുതി നിയമത്തിലെ വ്യവസ്ഥകൾ, ആ നിയമത്തിൻ കീഴിലുള്ള ഞങ്ങളുടെ കടമകൾ, പ്രഭവത്തിൽത്തന്നെ നികുതി പിരിക്കുന്നതിൽ നിന്നും ഒഴിവാകുന്നതിനുള്ള ലഭ്യമായ വ്യവസ്ഥകൾ എന്നിവയെക്കുറിച്ച് നിങ്ങളെ ഞങ്ങൾ ഉപദേശിക്കും.

ഐ. നിങ്ങൾ നിങ്ങളുടെ പലിശ വരുമാനത്തിന് നികുതി അടയ്ക്കാൻ ബാദ്ധ്യസ്ഥനല്ലാത്ത പക്ഷം, അപേക്ഷ നൽകുന്ന സമയത്ത് നിങ്ങളിൽ നിന്നും ഫാറം 15 ജി /15 എച്ച് സമ്പാദിക്കും. ആനുകാലികമായി ആവശ്യം വരുന്ന മുറയ്ക്ക്, നിങ്ങൾ നിങ്ങളുടെ പലിശ വരുമാനത്തിന് നികുതി അടയ്ക്കാൻ ബാദ്ധ്യസ്ഥനല്ലാത്ത പക്ഷം, നിങ്ങൾ അതുപോലുള്ള ഫാറം ഞങ്ങൾക്ക് സമർപ്പിക്കണം. അത്തരം ഫാറങ്ങളുടെ കൈപ്പറ്റ് വിവരം ഞങ്ങൾ നൽകും.

ജെ. നിങ്ങളുടെ നിക്ഷപങ്ങളിൽ നിന്നും നൽകിയ/ഉണ്ടായ പലിശയിൽ നിന്നും ഞങ്ങൾ നികുതി പിരിക്കുകയാണെങ്കിൽ നിശ്ചിത കാലാവധിക്കുള്ളിൽ ആവശ്യമായ സർട്ടിഫിക്കറ്റ് നല്കുന്നതാണ്.

കെ. നിങ്ങളുടെ സേവിങ്സ്/കറണ്ട് അക്കൗണ്ടിലെ കാലാവധി നിക്ഷേപങ്ങളിന്മേലുള്ള പലിശയിൽനിന്ന് നികുതി കുറച്ചിട്ടുണ്ടെങ്കിൽ പ്രസ്തുത വിവരം പാസ്ബുക്കിൽ/അക്കൗണ്ട് വിവരത്തിൽ സൂചിപ്പിക്കും.

### 8.7.1 കാലാവധി നിക്ഷേപങ്ങളിന്മേൽ മുൻകൂർ തുക നൽകൽ

കാലാവധി നിക്ഷേപങ്ങളിന്മേൽ ലഭ്യമായ വായ്പ/ഓവർഡ്രാഫ്റ്റ് സൗകര്യങ്ങളെപ്പറ്റി ഞങ്ങൾ വിശദീകരിക്കും.

### 8.8 മരണമടഞ്ഞ അക്കൗണ്ടുടമകളുടെ അവകാശികളെ സംബന്ധിച്ച അവകാശവാദങ്ങളുടെ തീർപ്പുകൽപ്പിക്കൽ

എ. **മരണമടഞ്ഞ അക്കൗണ്ട് ഉടമകളുടെ** അക്കൗണ്ടുകൾ തീർപ്പാക്കുന്നതിന് ഞങ്ങൾ ലളിതമായ നടപടിക്രമങ്ങൾ പിന്തുടരും.

ബി. മരണമടഞ്ഞ അക്കൗണ്ട് ഉടമകളുടെ അക്കൗണ്ടുകളിന്മേലുള്ള അവകാശവാദങ്ങൾ തീർപ്പാക്കുന്നതിന് ആവശ്യമായ ഫോമിനായി ഞങ്ങളെ സമീപിക്കുന്നവർക്ക് ക്ലെയിം ഫോമുകൾ ഞങ്ങൾ നൽകും.

### 8.8.1 പിന്തുടർച്ചക്കാർ/ശുപാർശചെയ്യപ്പെട്ടയാൾ ഉടമ്പടി ഉള്ള അക്കൗണ്ടുകൾ

എ. മരണമടഞ്ഞ നിക്ഷേപകന്റെ നിക്ഷേപ അക്കൗണ്ടിന്റെ കാര്യത്തിൽ നിക്ഷേപകൻ നാമനിർദ്ദേശ സൗകര്യം ഉപയോഗപ്പെടുത്തിയിട്ടുണ്ടെങ്കിലും സാധുവായ നാമനിർദ്ദേശം നടത്തിയിട്ടുണ്ടെങ്കിലും അല്ലെങ്കിൽ പിന്തുടർച്ചക്കാരൻ ഉടമ്പടി ഉള്ള അക്കൗണ്ടാണ് തുറന്നിട്ടുള്ളതെങ്കിലും (''ആരെങ്കിലും ഒരാൾ അല്ലെങ്കിൽ പിന്തുടർച്ചക്കാരൻ'' അല്ലെങ്കിൽ ''ഏതെങ്കിലും ഒരാൾ അല്ലെങ്കിൽ പിന്തുടർച്ചക്കാരൻ'' അല്ലെങ്കിൽ ''ആദ്യത്തെയാൾ അല്ലെങ്കിൽ പിന്തുടർച്ച ക്കാരൻ'' അല്ലെങ്കിൽ "രണ്ടാമത്തെയാൾ അല്ലെങ്കിൽ പിന്തുടർച്ചക്കാരൻ'') നിക്ഷേപത്തിലെ നീക്കുബാക്കി പിന്തുടർച്ചക്കാർക്ക്/ശുപാർശചെയ്യപ്പെട്ടയാൾക്ക് താഴെ പറയുന്ന പ്രകാരം സംഭവിക്കുന്നപക്ഷം നൽകും.

1. പിന്തുടർച്ചക്കാരുടെ/ശുപാർശചെയ്യപ്പെട്ടയാളുടെ തിരിച്ചറിയലും അക്കൗണ്ടുടമയുടെ മരണത്തിന്റെ വസ്തുതയും അനുയോജ്യമായ രേഖാമൂലമുള്ള തെളിവുകളാൽ സ്ഥാപിക്കപ്പെട്ടാൽ.

2. മരണമടഞ്ഞ വ്യക്തിയുടെ അക്കൗണ്ടിൽ നിന്നും പണം ഒടുക്കുന്നതിന് ബാങ്കിനെ വിലക്കിക്കൊണ്ട് പര്യാപ്തമായ കോടതിയുടെ ഉത്തരവ് ഇല്ലാതിരുന്നാൽ.

ഇത്തരം സംഭവങ്ങളിൽ പിന്തുടർച്ചക്കാർക്ക്/ശുപാർശചെയ്യപ്പെട്ടയാൾക്ക് അനന്തരാവകാശ സർട്ടിഫിക്കറ്റ്, അഡ്മിനിസ്ട്രേഷൻ പത്രങ്ങൾ, മരണശാസനാസാക്ഷ്യം മുതലയായവ ഹാജരാക്കുന്നതിന് നിർബന്ധിക്കാതെയും, അതുപോലെ പിന്തുടർച്ചക്കാരിൽ/ശുപാർശചെയ്യപ്പെട്ടയാളിൽ നിന്ന് ഈടോ ജാമ്യമോ വാങ്ങാതെയും പണം നൽകും.

ബി. പിന്തുടർച്ചക്കാർ/ശുപാർശചെയ്യപ്പെട്ടയാൾ ബാങ്കിൽനിന്ന് പണം കൈപ്പറ്റുന്നത് മരണമടഞ്ഞ നിക്ഷേപകന്റെ നിയമപ്രകാരമുള്ള ട്രസ്റ്റി എന്ന നിലയിലാണെന്ന് അവർക്ക് വ്യക്തമാക്കിക്കൊടുത്തി രിക്കണം. അതായത്, പണം നൽകപ്പെട്ട പിന്തുടർച്ചക്കാർക്ക്/ശുപാർശചെയ്യപ്പെട്ടവർക്ക് എതിരെ ഏതൊരാൾക്കും ഉന്നയിക്കാവുന്ന അവകാശത്തെയോ വാദത്തെയോ അത് ബാധിക്കുകയില്ല.

സി. മുൻപറഞ്ഞ വ്യവസ്ഥകൾക്ക് വിധേയമായി, പിന്തുടർച്ചക്കാർക്ക്/ശുപാർശചെയ്യപ്പെട്ടയാൾക്ക് പണം നൽകുമ്പോൾ ബാങ്കിന്റെ ബാധ്യത പൂർണമായും അവസാനിക്കുകയാണ്.

ഡി. ''ആരെങ്കിലും ഒരാൾ അല്ലെങ്കിൽ പിന്തുടർച്ചക്കാരൻ'' അല്ലെങ്കിൽ ''ആദ്യത്തെയാൾ അല്ലെങ്കിൽ പിന്തുടർച്ചക്കാരൻ'' എന്ന വ്യവസ്ഥയുള്ള കാലാവധി നിക്ഷേപങ്ങളുടെ കാര്യത്തിൽ, നിക്ഷേപത്തിലെ ഒരു നിക്ഷേപകന്റെ മരണത്തെത്തുടർന്ന് ജീവിച്ചിരിക്കുന്ന നിക്ഷേപകന് (നിക്ഷേപകർക്ക്) കാലാവധി കഴിയുംമുന്നേ പിൻവലിക്കാൻ എല്ലാ നിക്ഷേപകരുടെയും അനുമതിപത്രം ഉണ്ടെങ്കിൽ മാത്രമേ അനുവദിക്കുകയുള്ളൂ.

### 8.8.2. പിന്തുടർച്ചക്കാർ/ശുപാർശചെയ്യപ്പെട്ടയാൾ വ്യവസ്ഥ ഇല്ലാത്ത അക്കൗണ്ടുകൾ

മരണം സംഭവിച്ച നിക്ഷേപകൻ ആരെയും നാമനിർദ്ദേശം ചെയ്തിട്ടില്ലാത്തതോ, 'ആരെങ്കിലും ഒരാൾ അല്ലെങ്കിൽ പിന്തുടർച്ചക്കാരൻ' എന്ന രീതിയിലല്ലാത്തതോ (അതായത് ഒറ്റയ്ക്കോ കൂട്ടായോ കൈകാര്യം ചെയ്യുന്നവ) ആയ അകൗണ്ടുകളുടെ കാര്യത്തിൽ, സാധാരണക്കാരന് അസൗകര്യവും അനാവശ്യമായ ബുദ്ധിമുട്ടും ഒഴിവാക്കേണ്ടതിന്റെ അനിവാര്യത കണക്കിലെടുത്ത്, നിക്ഷേപകന്റെ നിയമപ്രകാരമുള്ള പിന്തുടർച്ചാവകാശികൾക്ക് പണം നൽകുവാൻ ലളിതമായ ഒരു നടപടിക്രമം ഞങ്ങൾ സ്വീകരിക്കും. ഞങ്ങളുടെ നഷ്ടസാധ്യതാനിയന്ത്രണ സമ്പ്രദായം മനസ്സിരുത്തി, മരണം സംഭവിച്ച നിക്ഷേപകന്റെ അക്കൗണ്ടിലെ നീക്കിബാക്കി തുകയ്ക്ക് 'ഏറ്റവും കുറഞ്ഞ പ്രാരംഭക പരിധി' ഞങ്ങൾ നിജപ്പെടുത്തും. മരണം സംഭവിച്ച നിക്ഷേപകന്റെ ആ പരിധിവരെയുള്ള ക്ലെയിമുകൾക്ക് ഒരു നഷ്ടോത്തര വാദ കത്ത് അല്ലാതെ മറ്റൊരു രേഖയും സമർപ്പിക്കുവാൻ ആവശ്യപ്പെടാതെ തീർപ്പു കൽപ്പിക്കുന്നതാണ്.

### 8.8.3 അവകാശവാദങ്ങൾ തീർപ്പുകൽപ്പിക്കേണ്ട സമയപരിധി

നിക്ഷേപകന്റെ മരണത്തിന്റെ തെളിവും അവകാശികളെ തിരിച്ചറിയുന്നതിനുള്ള യുക്തമായ രേഖകളും ബാങ്കിന് തൃപ്തികരമായ രീതിയിൽ സമർപ്പിക്കുന്നു എന്നതിനു വിധേയമായി, മരണം സംഭവിച്ച നിക്ഷേപകന്റെ പേരിലുള്ള അവകാശവാദത്തിൽ, അത് കൈപ്പറ്റിയ തീയതി മുതൽ 15 ദിവസത്തിൽ കവിയാത്ത കാലയളവിനുള്ളിൽ തീർപ്പു കൽപ്പിക്കുവാനും പിന്തുടർച്ചക്കാർക്ക്/ശുപാർശചെയ്യപ്പെട്ട യാൾക്ക് പണം നൽകുവാനും ഞങ്ങൾ പരമാവധി ശ്രമിക്കുന്നതാണ്.

### 8.8.4 കാലാവധി പൂർത്തിയാക്കും മുൻപ് കാലാവധി നിക്ഷേപ അക്കൗണ്ടുകളവസാനിപ്പിക്കൽ

കാലാവധി നിക്ഷേപങ്ങളുടെ കാര്യത്തിൽ, അക്കൗണ്ട് തുടങ്ങുന്ന ഫോറത്തിൽ തന്നെ നിക്ഷേപകന്റെ മരണം സംഭവിച്ചാൽ കാലാവധി നിക്ഷേപങ്ങൾ കാലാവധി പൂർത്തിയാകുന്നതിനു മുമ്പ് അവസാനിപ്പിക്കുവാൻ അനുവദിക്കും എന്ന വ്യവസ്ഥകൂടി ഞങ്ങൾ ചേർക്കുന്നതാണ്. കാലാവധി പൂർത്തിയാകുന്നതിന് മുൻപ് അങ്ങനെ പിൻവലിക്കുവാൻ അനുവദിക്കുന്നതിന് വിധേയമാകുന്ന വ്യവസ്ഥകൾകൂടി അക്കൗണ്ട് തുടങ്ങുന്ന ഫോറത്തിൽ വ്യക്തമാക്കിയിരിക്കും. കാലാവധി പൂർത്തിയാകുന്നതിനു മുൻപുള്ള ഇത്തരം പിൻവലിക്കലുകൾക്ക് യാതൊരുവിധ പിഴയും ചുമത്തുന്നതല്ല.

### 8.8.5 മരണം സംഭവിച്ച നിക്ഷേപകന്റെപേരിൽ വരുന്ന പണം കൈകാര്യം ചെയ്യുന്ന രീതി

നിക്ഷേപ അക്കൗണ്ടിന്റെ പിന്തുടർച്ചക്കാർക്ക്/ശുപാർശചെയ്യപ്പെട്ടവർക്ക് ബുദ്ധിമുട്ട് ഒഴിവാക്കുവാൻ മരണം സംഭവിച്ച അക്കൗണ്ട് ഉടമയുടെ പേരിൽ വന്നുകൊണ്ടിരിക്കുന്ന പണത്തെ കൈകാര്യം ചെയ്യുന്നതിന് പിന്തുടർച്ചക്കാരിൽ/ശുപാർശചെയ്യപ്പെട്ടവരിൽ നിന്ന് യുക്തമായ ഉടമ്പടി/അധികാരപത്രം ഞങ്ങൾ ലഭ്യമാക്കുന്നതാണ്. ഈ കാര്യത്തിൽ, താഴെ പറയുന്ന രണ്ട് സമീപനങ്ങളിലൊന്ന് ഞങ്ങൾ പരിഗണിക്കും:

i. മരണം സംഭവിച്ച അക്കൗണ്ട് ഉടമയുടെ പിന്തുടർച്ചക്കാർ/ശുപാർശചെയ്യപ്പെട്ടയാൾ, 'എസ്റ്റേറ്റ് ഓഫ് ..........................., ദി ഡിസീസ്ഡ്' എന്ന രീതിയിൽ ഒരു അക്കൗണ്ട് തുടങ്ങുവാൻ ഞങ്ങളെ അധികാരപ്പെടുത്തണം. മരണം സംഭവിച്ച ആളിന്റെ പേരിൽ വന്നുകൊണ്ടിരിക്കുന്ന പണത്തിൽ പിൻവലിക്കലുകൾ നടത്തിയിട്ടില്ലാത്ത പക്ഷം ആ അക്കൗണ്ടിൽ കണക്കിൽ കൊള്ളിക്കുവാൻ അനുവദിക്കുന്നതാണ്.

അല്ലെങ്കിൽ,

ii. പൈപ്പ്ലൈൻ ഫ്ളോസ് എല്ലാം 'അക്കൗണ്ട് ഉടമ മരണമടഞ്ഞു' എന്ന കുറിപ്പോടെ അവ അയക്കുന്നവർക്ക് തിരികെ എത്തിച്ചുകൊടുക്കുവാനും ആ വിവരം പിന്തുടർച്ചക്കാരെ/ശുപാർശചെയ്യപ്പെട്ടയാളെ അറിയിക്കുവാനും പിന്തുടർച്ചക്കാർ/ശുപാർശചെയ്യപ്പെട്ടയാൾ ഞങ്ങളെ അധികാരപ്പെടുത്തും. തുടർന്ന്, പിന്തുടർച്ചക്കാർ/ശുപാർശ

ചെയ്യപ്പെട്ടയാൾ/നിയമപ്രകാരമുള്ള അവകാശികൾ എന്നിവർ പണം അടയ്ക്കുന്ന ആളിനെ സമീപിച്ച് ഒരു കൈമാറാവുന്ന പ്രമാണം മുഖേനയോ ഇലക്ട്രോണിക് ട്രാൻസ്ഫർ മുഖേനയോ ശരിയായ ഗുണഭോക്താവിന്റെ പേരിൽ പണം എത്തിച്ചുകൊടുക്കുവാൻ അപേക്ഷിക്കാവുന്നതാണ്.

### 8.9 സെയ്ഫ് ഡിപ്പോസിറ്റ് ലോക്കറുകൾ

സെയ്ഫ് ഡിപ്പോസിറ്റ് ലോക്കറുകൾക്കും അതുപോലെ വിലയേറിയ വസ്തുക്കളുടെ സുരക്ഷിതമായ കൈവശം വൈക്കലിനും ബാധകമായ നിയമങ്ങളുടെയും നടപടി ക്രമങ്ങളുടെയും പൂർണമായ വിവരങ്ങൾ, ആ സേവനം ഞങ്ങൾ ലഭ്യമാക്കുന്ന പക്ഷം, നിങ്ങൾക്ക് നൽകുന്നതാണ്. സ്ഥിരനിക്ഷേപം നടത്തുന്നതുമായി ബന്ധപ്പെടുത്താതെ ലോക്കറുകൾ അനുവദിക്കും. എന്നിരിക്കിലും, ലോക്കർ വാടക കൃത്യമായി അടയ്ക്കുന്നതിലേക്കായി, അനുവദിക്കുന്ന നേരത്ത്, മൂന്ന് വർഷത്തെ വാടകയുടെ അത്ര തുകയ്ക്കും സന്ദർഭവശാൽ ലോക്കർ പൊളിക്കേണ്ടിവന്നാലുള്ള ചെലവുകൾക്കും തുല്യമായ തുക സ്ഥിരനിക്ഷേപമായി കരസ്ഥമാക്കും.

### 8.10 വിദേശനാണ്യ വിനിമയ സേവനങ്ങൾ

എ. നിങ്ങൾ വിദേശ നാണയം വാങ്ങുകയോ വിൽക്കുകയോ ചെയ്യുമ്പോൾ, ആ സേവനങ്ങൾ, വിനിമയ നിരക്കുകൾ, വിദേശ നാണയ ഇടപാടുകൾക്ക് ബാധകമായ മറ്റ് ചാർജുകൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ ഞങ്ങൾ നൽകുന്നതാണ്. അത് സാധ്യമല്ലെങ്കിൽ, അവ കണക്കാക്കുന്ന രീതി ഞങ്ങൾ പറഞ്ഞുതരും.

ബി. വിദേശത്തേക്കു പണം അയക്കണമെങ്കിൽ, അത് എങ്ങനെ വേണമെന്നു പറഞ്ഞു തരുകയും താഴെപറയുന്ന കാര്യങ്ങൾ വിശദമാക്കുകയും ചെയ്യും:

i. ഈ സേവനങ്ങളുടെയും അവ ഉപയോഗിക്കേണ്ട രീതിയുടെയും ഒരു വിവരണം.

ii. നിങ്ങൾ അയക്കുന്ന പണം എപ്പോൾ വിദേശത്ത് എത്തുമെന്നും, താമസമുണ്ടെങ്കിൽ അതിന്റെ കാരണവും.

iii. വിദേശ കറൻസിയിലേക്കു മാറ്റുമ്പോൾ ബാധകമായ വിനിമയ നിരക്ക് (ഇടപാടു നടത്തുന്ന സമയത്ത് അത് സാധ്യമാകുന്നില്ലെങ്കിൽ നിരക്ക് എത്രയാണെന്ന് ഞങ്ങൾ പിന്നീടറിയിക്കും).

iv. നിങ്ങൾ നൽകേണ്ടതുള്ള പ്രതിഫലത്തുകയുടെ അഥവാ നിരക്കുകളുടെ വിവരങ്ങളും കൂടാതെ, വിദേശത്തു പണം കൈപ്പറ്റുന്ന ആൾ വിദേശ ബാങ്കിന്റെ ചാർജുകൾ നൽകേണ്ടിവരുമെന്ന മുന്നറിയിപ്പും.

സി. വിദേശത്ത് പണം എത്തിച്ചുകൊടുക്കുന്നതിന് ആവശ്യമായ വിവരങ്ങളത്രയും നിങ്ങൾ നൽകിയിട്ടുണ്ടോ ഇല്ലയോ എന്ന് ഞങ്ങൾ പറഞ്ഞുതരും. എന്തെങ്കിലും പിഴവുകൾ പറ്റുകയോ, പൂർണമായ രേഖകൾ ഇല്ലാതെ വരുകയോ ചെയ്താൽ, നിങ്ങളെ ഞങ്ങൾ ഉടനെതന്നെ വിവരം അറിയിക്കുകയും തെറ്റു തിരുത്തുന്നതിൽ/ രേഖകൾ പൂർണമാക്കുന്നതിൽ നിങ്ങളെ സഹായിക്കുകയും ചെയ്യും.

ഡി. വിദേശത്തു നിന്ന് നിങ്ങളുടെ ബാങ്ക് അക്കൗണ്ടിലേക്ക് പണം മാറ്റിയിട്ടുണ്ടെങ്കിൽ, ഞങ്ങൾ കൈപ്പറ്റിയ യഥാർത്ഥ തുകയും ചുമത്തിയ നിരക്കുകളും നിങ്ങളെ അറിയിക്കും. എല്ലാ നിരക്കുകളും നൽകുവാൻ പണം അയക്കുന്ന ആൾ സമ്മതിച്ചിട്ടുണ്ടെങ്കിൽ, പണം നിങ്ങളുടെ അക്കൗണ്ടിൽ നൽകുമ്പോൾ, യാതൊരു നിരക്കും ഞങ്ങൾ ഈടാക്കുന്നതല്ല.

ഇ. നിങ്ങൾ ആവശ്യപ്പെടുമ്പോഴൊക്കെയും ഞങ്ങൾ നൽകുന്ന വിദേശനാണയ സേവനങ്ങളു മായി ബന്ധപ്പെട്ട നിബന്ധനാവശ്യകതകളെക്കുറിച്ച് അല്ലെങ്കിൽ വ്യവസ്ഥകളെക്കുറിച്ച് ഞങ്ങൾ മാർഗനിർദ്ദേശങ്ങൾ നൽകുന്നതാണ്.

എഫ്. തുക കണക്കിൽ കൊള്ളിക്കേണ്ട ദിവസത്തിനപ്പുറം എന്തെങ്കിലും കാലതാമസം ഉണ്ടായാൽ നിങ്ങൾക്ക് (എ) നിശ്ചിത തീയതിക്ക് അപ്പുറമുള്ള കാലതാമസം കൊണ്ട് ഉണ്ടായേക്കാവുന്ന പലിശനഷ്ടത്തിനും (ബി) വിദേശനാണയ വിനിമയനിരക്കിലെ പ്രതികൂലമായ വ്യതിയാനങ്ങൾ കൊണ്ട് ഉണ്ടാകുന്ന നഷ്ടത്തിനും, ബാങ്കിന്റെ നഷ്ടപരിഹാര നയം അനുസരിച്ചുള്ള നഷ്ടപരിഹാരം നൽകുന്ന താണ്.

ജി. കാര്യനിർവഹണ/നിയമപ്രകാരമുള്ള നിർദ്ദേശങ്ങൾക്കു കീഴിൽ പുറപ്പെടുവിച്ചിട്ടുള്ള ആവശ്യമായി വരുന്ന എല്ലാ സർട്ടിഫിക്കറ്റുകളും സൗജന്യമായി ലഭ്യമാക്കും.

### 8.11 ഇന്ത്യയ്ക്കുള്ളിൽ പണമടയ്ക്കൽ

ഇന്ത്യയ്ക്കുള്ളിൽ നിങ്ങൾക്ക് പണമടയ്ക്കണമെങ്കിൽ അത് എങ്ങനെ വേണമെന്ന് ഞങ്ങൾ നിങ്ങളെ അറിയിക്കുകയും

എ. സേവനങ്ങളെയും അവയെ എങ്ങനെ ഉപയോഗിക്കണമെന്നതിനെയും പറ്റി വിവരിക്കും.

ബി. നിങ്ങളുടെ ആവശ്യങ്ങൾക്ക് യോജിച്ച പണമയക്കുവാൻ പറ്റിയ ഏറ്റവും നല്ല രീതി നിർദ്ദേശിക്കും.

സി. നിരക്കുപട്ടികയിൽ പറഞ്ഞിരിക്കുന്ന പ്രകാരം, ഈ സേവനത്തിന് നിങ്ങൾ നൽകേണ്ട പ്രതിഫലം ഉൾപ്പെടെ എല്ലാ നിരക്കുകളുടെയും വിവരങ്ങൾ വെളിപ്പെടുത്തും.

ഡി. മൊബൈൽ ബാങ്കിങ്ങ്/എൻഇഎഫ്റ്റി/ആർറ്റിജിഎസ് എന്നിവയിലൂടെ നിങ്ങൾ നടത്തിയ പണമൊടുക്കലിന്റെ വിധി/അവസ്ഥ നിങ്ങളെ എസ്എംഎസ്/ഇമെയിൽ വഴി അറിയിക്കും.

ഇ. നിങ്ങളുടെ എൻഇഎഫ്റ്റി/ആർറ്റിജിഎസ് ഇടപാടുകളെപ്പെറ്റിയുള്ള അന്വേഷണങ്ങൾ/പരാതികൾ കൈകാര്യം ചെയ്യുന്നതിന് ഞങ്ങളുടെ കസ്റ്റമർ ഫെസിലിറ്റേഷൻ കേന്ദ്രങ്ങളുടെ ബന്ധപ്പെടേണ്ട പുതുക്കിയ വിശദാംശങ്ങൾ ഞങ്ങളുടെ വെബ്സൈറ്റിൽ ലഭ്യമാക്കും.

എഫ്. എന്തെങ്കിലും കാലതാമസമുണ്ടാവുകയാണെങ്കിൽ, നിങ്ങൾക്കുണ്ടാകുന്ന നഷ്ടത്തിന്/അധികച്ചെലവിന് ബാങ്കിന്റെ നഷ്ടപരിഹാരനയം അനുസരിച്ച് നഷ്ടപരിഹാരം നൽകും.

ജി. വന്നുകയറുന്ന ഇടപാടുകാർക്ക് നിശ്ചിത പരിധിയിലുള്ള പണമൊടുക്കു സൗകര്യങ്ങൾ ഞങ്ങൾ ലഭ്യമാക്കും.

### 8.12 വായ്പ നൽകൽ

എ. വായ്പകൾക്കും അച്ചാരങ്ങൾക്കും ഞങ്ങൾക്ക് ബോർഡ് അംഗീകരിച്ച നയമുണ്ട്.

ബി. നിങ്ങൾക്ക് എന്തെങ്കിലും വായ്പ നൽകുന്നതിനുള്ള തീരുമാനമെടുക്കുന്നതിനു മുൻപ്, നിങ്ങളുടെ സാമ്പത്തിക സ്ഥിതിയെയും തിരിച്ചടവ് ശേഷിയെയും കുറിച്ച് കരുതലോടെയും സൂക്ഷ്മതയോടെയുമുള്ള വിലയിരുത്തലിനെ അടിസ്ഥാനമാക്കും.

സി. ലിംഗം, ജാതി, മതം എന്നിവയുടെ അടിസ്ഥാനത്തിൽ വായ്പ നൽകുന്നതിന് യാതൊരു വിവേചനവും ഞങ്ങൾ കാട്ടുകയില്ല. എന്നിരിക്കിലും സമൂഹത്തിലെ പ്രത്യേക വിഭാഗങ്ങൾക്കായുള്ള പദ്ധതികൾ നടപ്പാക്കുന്നതിൽ നിന്നോ പങ്കെടുക്കുന്നതിൽ നിന്നോ ഞങ്ങളെ ഇത് ഒഴിവാക്കുന്നില്ല.

### 8.12.1 വായ്പകൾ

#### 8.12.1.1 പൊതുവായ വിവരങ്ങൾ

ഞങ്ങൾ:

എ. നിങ്ങൾ പ്രയോജനപ്പെടുത്താനാഗ്രഹിച്ച വായ്പ/ഋണ സൗകര്യത്തെ നിയന്ത്രിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട വ്യവസ്ഥകളും ഉപാധികളും (എംഐറ്റിസി) നിങ്ങൾക്ക് നല്കും.

ബി. വായ്പ/ക്രെഡിറ്റ് കാർഡ് അനുവദിക്കുന്ന വിവരം നിങ്ങളെ അറിയിക്കുമ്പോൾ ബാധകമായ ഫീസും നിരക്കുകളും ഉൾപ്പെടെ, ഞങ്ങളുടെ വായ്പ/ക്രഡിറ്റ് കാർഡ് ഉത്പന്നങ്ങളുടെ മുഖ്യ സവിശേഷതകൾ വിശദമാക്കി വിരങ്ങൾ നൽകും

സി. അപേക്ഷിക്കുവാൻ നിങ്ങളിൽ നിന്ന് എന്തൊക്കെ വിവരങ്ങൾ/രേഖകൾ ആവശ്യമുണ്ടെന്ന് അറിയിക്കും. നിങ്ങളുടെ തിരിച്ചറിയൽ, മേൽവിലാസം, ജോലി മുതലായ വിവരങ്ങളെ സംബന്ധിച്ച് എന്തൊക്കെ രേഖകൾ വേണമെന്നും, നിയമപരവും നിയന്ത്രണ സംബന്ധവുമായ ആവശ്യകതകൾ പാലിക്കുന്നതിന്, ചട്ടപ്രകാരമുള്ള അധികാരികൾ നിജപ്പെടുത്തിയിട്ടുള്ള മറ്റ് ഏതൊക്കെ രേഖകൾ (ഉദാ: പാൻ വിവരങ്ങൾ) വേണമെന്നും അറിയിക്കും.

ഡി. നിങ്ങളുടെ താമസസ്ഥലത്തെയോ വ്യാപാരസ്ഥലത്തെയോ ടെലിഫോൺ നമ്പരുകളിൽ ബന്ധപ്പെട്ടും; ആവശ്യമെന്നു തോന്നിയാൽ, ഇതിനായി ഞങ്ങൾ നിയോഗിക്കുന്ന ഏജൻസികൾ മുഖേന നിങ്ങളുടെ താമസസ്ഥലത്തോ ബിസിനസ് സ്ഥലത്തോ നേരിട്ടു വന്നു കണ്ടും വായ്പ/ക്രെഡിറ്റ് കാർഡ് അപേക്ഷയിൽ നിങ്ങൾ നൽകിയിട്ടുള്ള വിവരങ്ങൾ സ്ഥിരീകരിക്കും.

ഇ. നിങ്ങൾക്ക് ഒരു ഓവർഡ്രാഫ്റ്റ് അനുവദിക്കുകയോ നിലവിലുള്ള ഓവർഡ്രാഫ്റ്റിന്റെ പരിധി വർദ്ധിപ്പിക്കുകയോ ചെയ്താൽ, ആവശ്യപ്പെട്ടാലുടനെ ഓവർഡ്രാഫ്റ്റ് തിരികെ അടക്കണോ വേണ്ടയോ എന്ന് നിങ്ങളോട് പറയും. ആവശ്യമെന്നുകണ്ടാൽ, അധികമായി പിൻവലിക്കുന്ന തുക കണക്കാക്കുന്ന രീതിയെപ്പറ്റിയും വായ്പത്തുകയുടെ കുടിശ്ശികയുടെ പലിശ കണക്കാക്കുന്ന രീതിയെപ്പറ്റിയും അറിയിക്കും.

എഫ്. ടെലിഫോണിലൂടെയുള്ള വായപാ സൗകര്യം ഞങ്ങൾ വാഗ്ദാനം ചെയ്യുന്ന/അംഗീകരിക്കുന്ന പക്ഷം, നിങ്ങളുടെ എഴുതിത്തയാറാക്കിയ അല്ലെങ്കിൽ മറ്റേതെങ്കിലും രീതിയിലുള്ള സ്വീകാര്യത ലഭിച്ചതിനു ശേഷവും ആധികാരികമായ ഇലക്ട്രോണിക് മാർഗ്ഗങ്ങളിലുടെയും/ആവശ്യമായ സാധൂകരണത്തിനു ശേഷവും മാത്രമേ നിങ്ങളുടെ അക്കൗണ്ടിൽ വരവ് വയ്ക്കുകയുള്ളൂ.

ജി. വൈയക്തിക വായ്പ, ക്രഡിറ്റ് കാർഡ് മുതലായവയുടെ പരിധി ഉയർത്തുന്നത് ഉൾപ്പെടെ ഏതു രൂപത്തിലുമുള്ള അസ്വീകാര്യമായ കാലേകൂട്ടി അംഗീകരിച്ച വായ്പാ സൗകര്യം വാഗ്ദാനം ചെയ്യില്ല.

#### 8.12.1.2 വായ്പകൾക്കായുള്ള അപേക്ഷകളും അവയിന്മേലുള്ള നടപടിക്രമങ്ങളും

എ. ഒരു വായ്പാ ഉത്പന്നം അന്വേഷിക്കുന്ന സമയത്ത്, അസ്ഥിരനിരക്കിലായാലും സ്ഥിരനിരക്കിലായാലും ബാധകമായ വാർഷികവൽക്കരിച്ച പലിശനിരക്കുകളുൾപ്പടെ, നടപടിക്രമങ്ങൾക്ക് എന്തെങ്കിലും ഫീസ്/നിരക്കുകൾ ഉണ്ടെങ്കിൽ

അത്, വായ്പാ തുക അനുവദിച്ചില്ലെങ്കിൽ/നൽകിയില്ലെങ്കിൽ ഇത്തരം ഫീസുകളിൽ നിന്നും മടക്കിനൽകാവുന്ന തുക, നേരത്തെ തിരികെ അടയ്ക്കാനുള്ള സൗകര്യമുണ്ടെങ്കിൽ അതിന്റെ രീതികളും അതിന്മേലുള്ള നിരക്കുകളും, സ്ഥിര ത്തിൽ നിന്ന് അസ്ഥിരത്തിലേയ്ക്കും തിരിച്ചും നിങ്ങളുടെ വായ്പകൾ മാറ്റുന്നതിന് വേണ്ടിവരുന്ന മാറ്റൽ നിരക്കുകൾ, പലിശ പുതുക്കി നിശ്ചയിക്കൽ വ്യവസ്ഥ ഉണ്ടോ എന്ന കാര്യം, വായ്പ എടുക്കുന്ന ആളിന്റെ താത്പര്യത്തെ ബാധി ക്കുന്ന മറ്റു കാര്യങ്ങൾ എന്നിവ സംബന്ധിച്ച് വിവരങ്ങൾ വായ്പാ അപേക്ഷാഫോറത്തോടൊപ്പം ഞങ്ങൾ നൽകും. അപ്പോൾ മറ്റ് ബാങ്കുകളുടെ ഉത്പന്നങ്ങളുമായി അർഥവത്തായ ഒരു താരതമ്യം നടത്തുവാനും വിവരങ്ങൾ മനസ്സി ലാക്കി ഒരു തീരുമാനം എടുക്കുവാനും നിങ്ങൾക്ക് സാധിക്കും.

ബി. എല്ലാ അർഥത്തിലും പൂർണമായ അപേക്ഷ സമർപ്പിക്കാൻ നിങ്ങളെ പ്രാപ്തനാക്കുന്നതിനായി വായ്പാ അപേക്ഷാ ഫോറത്തോടൊപ്പം സമർപ്പിക്കേണ്ട രേഖകളുടെ ഒത്തുനോക്കുപട്ടികയും (നിയമപരവും കാര്യനിർവഹണ പരവുമായ ആവശ്യങ്ങൾക്ക് വഴങ്ങുന്ന) ലഭ്യമാക്കും. ആവശ്യം വരുന്നപക്ഷം വായ്പാ അപേക്ഷ പൂരിപ്പിക്കാൻ നിങ്ങളെ ഞങ്ങൾ സഹായിക്കും.

സി. നിങ്ങളുടെ വായ്പാ അപേക്ഷയ്ക്ക്, മാറ്റമേതുമില്ലാതെ ഒരു കൈപ്പറ്റ് വിവരം താങ്കൾക്ക് ലഭ്യമാ ക്കുന്നതാണ്. ഓൺലൈനിലോ അല്ലാതെയോ സമർപ്പിച്ചാലും നിങ്ങളുടെ വായ്പാ അപേക്ഷയിന്മേൽ ഒരു തീരുമാനം എത്രകാലത്തിനുള്ളിൽ ഉണ്ടാകുമെന്ന കാര്യവും ഇതിൽ സൂചിപ്പിച്ചിരിക്കും.

ഡി. അപേക്ഷ എല്ലാ അർഥത്തിലും പൂർണവും ഒത്തുനോക്ക് പട്ടിക പ്രകാരമുള്ള എല്ലാ രേഖക ളോടും കൂടിയതും ആകുന്ന പക്ഷം 20 ലക്ഷം രൂപ വരെയുള്ള വായ്പാ അപേക്ഷകളിന്മേലുള്ള തീരുമാനം അപേക്ഷ ലഭിച്ച് 30 പ്രവൃത്തി ദിനങ്ങൾക്കകം നിങ്ങളെ അറിയിക്കും. 20 ലക്ഷം രൂപയ്ക്കു മേലുള്ള അപേക്ഷകളിന്മേലുള്ള തീരുമാനം ന്യായമായ സമയപരിധിക്കുള്ളിൽ അറിയിക്കും.

ഇ. സാധാരണയായി അപേക്ഷ സമർപ്പിക്കുന്ന സമയത്തുതന്നെ, വായ്പയുടെ അപേക്ഷയ്ക്കുമേലുള്ള നടപടി ക്രമങ്ങൾക്കു വേണ്ട എല്ലാ വിവരങ്ങളും ഞങ്ങൾ ശേഖരിക്കാറുണ്ട്. കൂടുതലായി എന്തെങ്കിലും വിവരങ്ങൾ വേണ്ടിവന്നാൽ, ഉടനെതന്നെ നിങ്ങളുമായി ബന്ധപ്പെടുന്നതാണ്.

എഫ്. നിങ്ങളുടെ വായ്പാ അപേക്ഷ നിരസിക്കാനുള്ള കാരണങ്ങൾ എഴുതി അിറയിക്കും.

ജി. അനുവദിച്ച തുകയുടെ വിശദാംശങ്ങളും വ്യവസ്ഥകളും നിബന്ധനകളും വിശദീകരിച്ചിരിക്കുന്ന അനുമതി കത്ത് നിങ്ങൾക്ക് ലഭ്യമാക്കും.

എച്ച്. ഞങ്ങൾ നിങ്ങൾക്ക് ഒരു തുക തിരികെയടയ്ക്കൽ പട്ടിക (വായ്പാ കാലാവധിയിൽ മുതലും പലിശയും തിരിച്ചടയ്ക്കുന്നതിനുള്ള പട്ടിക) നൽകും.

ഐ. പലിശ നിരക്കിൽ മാറ്റമുണ്ടാകുമ്പോൾ തുല്യമാസത്തവണ സ്ഥിരമാക്കി നിലനിറുത്തി കാലാവധി വർദ്ധിപ്പി ക്കുവാനും തിരിച്ചും ചെയ്യാനുള്ള അവസരം നിങ്ങൾക്കുണ്ടോ എന്ന കാര്യവും ഞങ്ങൾ നിങ്ങളെ അറിയിക്കും.

ജെ. അപേക്ഷിക്കുന്നപക്ഷം, വായ്പാ രേഖയോടൊപ്പം വച്ചിരിക്കുന്ന മറ്റ് ഓരോ രേഖയുടെയും പകർപ്പും അതോടൊപ്പം നിങ്ങൾ ഒപ്പു വച്ചു നൽകിയിട്ടുള്ള വായ്പാ രേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പും ഞങ്ങളുടെ ചെലവിൽ നിങ്ങൾക്കു നൽകും.

കെ. ഏതെങ്കിലും വായ്പയ്ക്കായി സ്വീകരിച്ച ജാമ്യത്തിന്/അധികജാമ്യത്തിന് സംജ്ഞ ചെയ്തിട്ടുള്ള എല്ലാ രേഖകൾക്കും ഞങ്ങൾ എഴുതിയ രസീത് നിങ്ങൾക്കു നൽകും.

എൽ. കത്തിലൂടെ/മെയിലിലൂടെ/എസ്എംഎസിലൂടെ നിങ്ങളുടെ അക്കൗണ്ട് എൻപിഎ ആകുന്നതിനു മുൻപേ അതിന്റെ അവസ്ഥ നിങ്ങളെ അറിയിക്കുവാൻ പരിശ്രമിക്കും.

എം. കരാറിൻകീഴിൽ പണം നൽകലോ നിർവഹണമോ തിരിച്ചുവിളിക്കാനോ/വേഗത്തിലാക്കാനോ അല്ലെങ്കിൽ അധികജാമ്യം തേടുന്നതിനോ ഞങ്ങൾ തീരുമാനിക്കുന്ന പക്ഷം അക്കാര്യം കാട്ടി കാലേക്കൂട്ടി തന്നെ നോട്ടീസ് നൽകുന്നതാണ്.

എൻ. നിങ്ങളുടെ കാലാവധി /ഡിമാൻഡ് വായ്പകളുടെ വാർഷിക കണക്കുവിവരം ഞങ്ങൾ ലഭ്യമാക്കും.

ഒ. ആവശ്യപ്പെടുന്ന പക്ഷം, കൂടുതുൽ തവണ, നിരക്കുപട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള നിരക്കിൽ നിങ്ങൾക്ക് വായ്പാ കണക്കുവിവരം ഞങ്ങൾ ലഭ്യമാക്കും.

പി. സമ്മതിച്ചിട്ടുള്ള അഥവാ കരാറിലേർപ്പെട്ടിട്ടുള്ള മുഴുവൻ കുടിശ്ശികയും തിരിച്ചടച്ച് 15 ദിവസ ത്തിനുള്ളിൽ പണയവസ്തുവിനായുള്ള ജാമ്യങ്ങൾ/രേഖകൾ/ആധാരങ്ങൾ എല്ലാം ഞങ്ങൾ നിങ്ങളെ തിരിച്ചേൽപ്പിക്കും. മറ്റെന്തെങ്കിലും അവകാശവാദത്തിന്മേൽ എന്തെങ്കിലും അവകാശങ്ങൾ തീർപ്പാക്കേണ്ടതായിട്ടുണ്ടെങ്കിൽ മറ്റ് അവകാശവാദങ്ങളെക്കുറിച്ചുള്ള എല്ലാ വിവരങ്ങളും അടങ്ങിയ ഒരു മുന്നറിയിപ്പ് നിങ്ങൾക്ക് നൽകുന്നതും സംഗതമായ അവകാശവാദം തീർപ്പാക്കുന്നത്/പണം നൽകുന്നത് വരെ ജാമ്യങ്ങൾ/രേഖകൾ/ആധാരങ്ങൾ എല്ലാം ഞങ്ങൾ കൈവശം വൈക്കുകയും ചെയ്യും.

ക്യൂ. പണയവസ്തുവിനായുള്ള ജാമ്യങ്ങൾ/രേഖകൾ/ആധാരങ്ങൾ എന്നിവ, സമ്മതിച്ചിട്ടുള്ള അഥവാ കരാറിലേർപ്പെട്ടിട്ടുള്ള മുഴുവൻ കുടിശ്ശികയും തിരിച്ചടച്ച് 15 ദിവസത്തിനുള്ളിൽ തിരിച്ചേൽപ്പിക്കുന്നതിൽ എന്തെങ്കിലും താമസമുണ്ടായാൽ ഞങ്ങൾ അതിന് നഷ്ടപരിഹാരം നൽകുന്നതാണ്.

ആർ. ഞങ്ങൾക്ക് നിങ്ങൾ നൽകിയ ജാമ്യങ്ങൾ/രേഖകൾ/ആധാരങ്ങൾ നഷ്ടമാകുന്ന സാഹചര്യത്തിൽ നിങ്ങൾക്ക് ഞങ്ങൾ നഷ്ടപരിഹാരം നൽകും. ജാമ്യങ്ങൾ/രേഖകൾ/ആധാരങ്ങൾ നഷ്ടമായത് സംബന്ധിച്ചുള്ള ഒരു സാക്ഷ്യപത്രം പുറപ്പെടുവിക്കുകയും അവയുടെ പകർപ്പ് എടുക്കുന്നതിന് വേണ്ട എല്ലാ സഹായവും ചെയ്തുതരികയും ചെയ്യും.

എസ്. നിങ്ങളിൽ നിന്നോ ഒരു ബാങ്കിൽ/ധനകാര്യസ്ഥാപനത്തിൽ നിന്നോ ലഭിക്കുന്ന വായ്പാ അക്കൗണ്ട് മാറ്റിത്തരണമെന്ന അപേക്ഷ സാധാരണ നിലയിൽ പരിശോധിക്കുകയും ഞങ്ങളുടെ സമ്മതമോ ഇല്ലായ്മയോ അപേക്ഷ ലഭിച്ച് രണ്ടാഴ്ചയ്ക്കുള്ളിൽ അറിയിക്കുകയും ചെയ്യും.

റ്റി. അസ്ഥിര പലിശയുള്ള ഭവന വായ്പകളിന്മേൽ മുടക്കം വരുത്തുന്നതിനുള്ള കൂലി/മുൻകൂട്ടി അടക്കുന്നതിനുള്ള പിഴകൾ ഞങ്ങൾ ചുമത്താറില്ല.

**8.13. ജാമ്യം**

എ. നിങ്ങളുടെ ബാധ്യതകൾക്കായി ഏതെങ്കിലും ഒരാളുടെ ഒരു ജാമ്യം അല്ലെങ്കിൽ ഒരു പണയവസ്തുവിനെ ഞങ്ങൾ സ്വീകരിക്കണമെന്ന് നിങ്ങൾ ആഗ്രഹിക്കുമ്പോൾ, അവർക്കോ അവരുടെ നിയമോപദേശകനോ നിങ്ങളുടെ സാമ്പത്തിക സ്ഥിതിയെക്കുറിച്ചുള്ള രഹസ്യവിവരങ്ങൾ നൽകാൻ നിങ്ങളുടെ അനുവാദം ഞങ്ങൾ തേടും. അതുകൂടാതെ ഞങ്ങൾ,

ബി. അതുകൂടാതെ ഞങ്ങൾ:

i. അവരുടെ പ്രതിബദ്ധതയെയും അവരുടെ തീരുമാനത്തിന്റെ പരിണിതഫലസാധ്യതകളെയും കുറിച്ച് ഉറപ്പുവരുത്തുവാൻ അവരെ സ്വതന്ത്രമായ നിയമോപദേശം സ്വീകരിക്കുവാൻ ഞങ്ങൾ പ്രോത്സാഹിപ്പിക്കും. (അനുയോജ്യമാകുന്ന പക്ഷം, അവരോട് ഞങ്ങൾ ഒപ്പുവയ്ക്കുവാൻ പറയുന്ന രേഖകളിൽ ഈ ശുപാർശ സുവ്യക്തവും പ്രത്യക്ഷവുമായ മുന്നറിയിപ്പായി ഉണ്ടായിരിക്കും)

ii. ജാമ്യമോ പണയമോ നൽകുന്ന പക്ഷം നിങ്ങളെപ്പോലെ അവരും ബാധ്യസ്ഥരായിരിക്കുമെന്ന കാര്യം അവരോട് പറയും.

iii. അവരുടെ ബാധ്യത എന്തായിരിക്കുമെന്ന് അവരെ അറിയിക്കും.

iv. നിങ്ങൾ ഉപയോഗിച്ച വായ്പാ സൗകര്യത്തിന് ജാമ്യക്കാരൻ ആയ ആൾക്ക് (ആളുകൾക്ക്) അനുവദിച്ച വായ്പയുടെ/വായ്പാ കരാറിന്റെ വ്യവസ്ഥകളുടെയും ഉപാധികളുടെയും ഒരു പകർപ്പ് നൽകും.

സി. ഒരു വായ്പയ്ക്ക് ജാമ്യക്കാരൻ ആകുന്ന കാര്യം നിങ്ങൾ പരിഗണിക്കുമ്പോൾ താഴെ പറയുന്ന കാര്യങ്ങളെപ്പറ്റി ഞങ്ങൾ നിങ്ങളോട് പറയും:

i. ജാമ്യക്കാരൻ എന്ന നിലയിൽ നിങ്ങളുടെ ബാധ്യത;

ii. നിങ്ങൾ ബാങ്കിനു വാക്കു നൽകുന്ന ബാധ്യതയുടെ തുക;

iii. ബാധ്യത അടച്ചുതീർക്കാൻ നിങ്ങളോട് ആവശ്യപ്പെടുന്ന സാഹചര്യങ്ങൾ;

iv. ജാമ്യക്കാരൻ എന്ന നിലയിൽ വായ്പ അടച്ചു തീർക്കുന്നതിൽ നിങ്ങൾ വീഴ്ച വരുത്തിയാൽ, ബാങ്കിലുള്ള നിങ്ങളുടെ മറ്റു പണം ഞങ്ങൾക്ക് കൈവശപ്പെടുത്താമോ എന്ന കാര്യം;

v. ജാമ്യക്കാരൻ എന്ന നിലയിൽ നിങ്ങളുടെ ബാധ്യതകൾ ഒരു പ്രത്യേക തുകയായി പരിമിതപ്പെടുത്തിയിട്ടുണ്ടോ, അതോ അതിന് പരിമിതി ഇല്ലയോ എന്ന കാര്യം;

vi. ജാമ്യക്കാരൻ എന്ന നിലയിൽ നിങ്ങളെ ബാധ്യതകളിൽ നിന്ന് മുക്തമാക്കുന്ന സമയവും സാഹചര്യങ്ങളും ആ വിവരം ഞങ്ങൾ നിങ്ങളെ അറിയിക്കുന്ന രീതിയും;

vii. നിങ്ങൾ ഒരു ജാമ്യക്കാരൻ ആയി നിൽക്കുന്ന വായ്പക്കാരന്റെ സാമ്പത്തിക സ്ഥിതിയിൽ പ്രതികൂലമായ എന്തെങ്കിലും മാറ്റങ്ങൾ ഉണ്ടായാൽ ഞങ്ങൾ വിവരം നിങ്ങളെ അറിയിച്ചു കൊണ്ടിരിക്കും.

ഡി. സമ്മതിച്ചിട്ടുള്ള അഥവാ കരാറിലേർപ്പെട്ടിട്ടുള്ള മുഴുവൻ കുടിശ്ശികയും തിരിച്ചടച്ച് 15 ദിവസത്തിനുള്ളിൽ ജാമ്യങ്ങൾ/രേഖകൾ/ആധാരങ്ങൾ എല്ലാം ഞങ്ങൾ നിങ്ങളെ തിരിച്ചേൽപ്പിക്കും.

ഇ. പണയ വസ്തുവിനായുള്ള ജാമ്യങ്ങൾ/രേഖകൾ/ആധാരങ്ങൾ എന്നിവ, സമ്മതി ച്ചിട്ടുള്ള അഥവാ കരാറിലേർപ്പെട്ടിട്ടുള്ള മുഴുവൻ കുടിശ്ശികയും തിരിച്ചടച്ച് 15 ദിവസത്തിനുള്ളിൽ തിരിച്ചേൽപ്പിക്കുന്ന തിൽ എന്തെങ്കിലും താമസമുണ്ടായാൽ ഞങ്ങൾ അതിന് നഷ്ടപരിഹാരം നൽകുന്നതാണ്.

എഫ്. ഞങ്ങൾക്ക് നിങ്ങൾ നൽകിയ ജാമ്യങ്ങൾ/രേഖകൾ/ആധാരങ്ങൾ നഷ്ടമാകുന്ന സാഹചര്യത്തിൽ നിങ്ങൾക്ക് ഞങ്ങൾ നഷ്ടപരിഹാരം നൽകും. ജാമ്യങ്ങൾ/രേഖകൾ/ആധാരങ്ങൾ നഷ്ടമായത് സംബന്ധിച്ചുള്ള ഒരു സാക്ഷ്യ പത്രം പുറപ്പെടുവിക്കുകയും അവയുടെ പകർപ്പ് എടുക്കുന്നതിന് വേണ്ട എല്ലാ സഹായവും ചെയ്തുതരികയും ചെയ്യും.

### 8.14 കേന്ദ്ര രജിസ്ട്രി

പ്രാഥമികമോ അധികമോ ആയ സ്ഥാവരവസ്തു ജാമ്യത്തിന്മേലുള്ള ഒരു വായ്പാ സൗകര്യം നിങ്ങൾ ഉപയോഗിക്കു മ്പോൾ, കേന്ദ്ര രജിസ്ട്രിയുടെ പ്രവർത്തനത്തെക്കുറിച്ചും ഏത് വായ്പാ ദാതാവിനും, പ്രസ്തുത വസ്തു കൈകാര്യം ചെയ്യാൻ ആഗ്രഹിക്കുന്ന ഏതൊരു വ്യക്തിക്കും അതിന്റെ വിവരങ്ങൾ പരിശോധനക്ക് ലഭ്യമായിരിക്കുമെന്ന വസ്തു തയും ഞങ്ങൾ നിങ്ങളെ അറിയിക്കും.

### 8.15 കുടിശ്ശിക തീർപ്പ്

എ. നിങ്ങളുടെ തിരിച്ചടവുകൾ സമയത്തിന് ചെയ്യാനാവാത്ത പക്ഷം അക്കാര്യം കഴിയുന്നതും വേഗം ഞങ്ങളെ അറ ിയിക്കണം.

ബി. ഞങ്ങളുടെ കാര്യനിർവഹണ മാർഗനിർദ്ദേശങ്ങൾക്കും ഞങ്ങളുടെ നയങ്ങൾക്കും സമഞ്ജസമായ വിധത്തിൽ എല്ലാ വാസ്തവമായ സാമ്പത്തിക ബുദ്ധിമുട്ടുള്ള സംഭവങ്ങളെയും ഞങ്ങൾ അനുഭാവപൂർവവും നിയതവുമായി സമീ പിക്കും.

സി. നിങ്ങളുടെ ബുദ്ധിമുട്ടുകൾ മറികടക്കാൻ നിങ്ങളെ സഹായിക്കാൻ ഞങ്ങൾ ശ്രമിക്കും.

ഡി. നിങ്ങൾക്ക് കുടിശ്ശിക തിരിച്ചടവുകൾക്ക് ഒറ്റത്തവണ തീർപ്പാക്കൽ (ഒറ്റിഎസ്) വാഗ്ദാനം ചെയ്യുന്നപക്ഷം പ്രസ്തുത വാഗ്ദാനത്തെക്കുറിച്ച് നിങ്ങളോട് വിശദീകരിക്കും.

ഇ. നിങ്ങൾക്ക് വാഗ്ദാനം ചെയ്തിരിക്കുന്ന ഒറ്റിഎസിന്റെ വ്യവസ്ഥകളെയും നിബന്ധനകളെയും കുറിച്ച് നിങ്ങളെ എഴുതി അറിയിക്കും.

എഫ്. ഒറ്റിഎസിനു കീഴിൽ കുടിശ്ശികകൾ തീർപ്പാക്കുന്ന പക്ഷം, സിഐസികൾ പരിപാലിക്കുന്ന നിങ്ങളുടെ വായ്പാ ചരിത്രത്തിൽ ഇത്തരം തീർപ്പുകൾ ഉണ്ടാക്കുന്ന വിവക്ഷകൾ എന്തെന്ന് നിങ്ങളോട് വിശദീകരിച്ചുതരും.

### 8.16 വായ്പകൾ /കാർഡ് കുടിശ്ശികകൾ സമാഹരിച്ച് വിൽക്കൽ

എ. നിങ്ങളുടെ കാർഡിലെ വായ്പകൾ/കുടിശ്ശികകൾ മറ്റൊരാൾക്ക് വിൽക്കുന്നപക്ഷം അയാളുടെ പേരും ബന്ധപ്പെടേണ്ട വിവരങ്ങളും നിങ്ങളുടെ കാർഡിലെ വായ്പകൾ/കുടിശ്ശികകൾ അവർക്ക് വിട്ടുകൊടുക്കുന്നതോടൊപ്പം നിങ്ങളെ അിറയിക്കും. സാധാരണഗതിയിൽ, നിലവാരപ്പെടാത്ത വായ്പകൾ/കാർഡ് കുടിശ്ശികകളെയാണ് ഏറ്റെടുത്ത ദൗത്യത്തിലൂടെ ആസ്തി പുനർനിർമാണ കമ്പനികൾക്ക് (എആർസി) വിൽക്കാൻ പരിഗണിക്കുന്നത്. വിട്ടുവീഴ്ചയിലൂടെ കുടിശ്ശികകൾ ഒത്തുതീർപ്പാകുന്ന പക്ഷം എആർസികളെ ഏൽപ്പിക്കുന്ന കാര്യം ഉദിക്കുന്നില്ല.

ബി. തുടർന്ന് വായ്പകൾ/കുടിശ്ശികകൾ കൈമാറ്റം ചെയ്യപ്പെട്ട ആൾക്ക് നിങ്ങൾ കുടിശ്ശികത്തുക നൽകാൻ ബാധ്യസ്ഥനാകും.

സി. വായ്പകൾ/കുടിശ്ശികകൾ കൈമാറ്റം ചെയ്യപ്പെട്ട ആൾ സിഐസികളെ നിങ്ങളുടെ വായ്പാ വിവരങ്ങൾ അറിയിക്കുന്നത് തുടരും.

ഡി. നിങ്ങളുടെ വായ്പകൾ/കുടിശ്ശികകൾ ഞങ്ങൾ കൈമാറ്റം ചെയ്ത വ്യക്തിക്കെതിരെ നിങ്ങൾക്ക് എന്തെങ്കിലും പരാതി ഉള്ളപക്ഷം നിങ്ങളെ സഹായിക്കാൻ ഞങ്ങൾ പരിശ്രമിക്കും.

### 8.17. ഇലക്ട്രോണിക് ബാങ്കിങ്

#### 8.17.1 പിന്നുകളും പാസ്‌വേഡുകളും

എ. നിങ്ങളുടെ സംരക്ഷണത്തിനായി പിന്നുകളുടെയും പാസ്‌വേഡുകളുടെയും വിശ്വാസ്യതയും സുരക്ഷിതത്വവും ഉറപ്പുവരുത്തുന്നതിന് അന്താരാഷ്ട്രതലത്തിൽ സ്വീകരിച്ചിട്ടുള്ള ഉത്പാദനരീതിയിലെയും സംഭരണത്തിലെയും ടെർമിനൽ സുരക്ഷയിലെയും നിലവാരങ്ങൾ ഞങ്ങൾ ഉറപ്പുവരുത്തും.

ബി. വേണ്ട തിരിച്ചറിയൽ പരിശോധനയ്ക്ക് ശേഷം ഞങ്ങളുടെ ശാഖയിൽ വച്ച് അല്ലെങ്കിൽ ഞങ്ങളുടെ രേഖകളിലുള്ള മേൽവിലാസത്തിൽ ഞങ്ങൾ നിങ്ങളുടെ പിൻ നിങ്ങൾക്ക് കൈമാറും. നിങ്ങൾക്ക് നിങ്ങളുടെ സൗകര്യമനുസരിച്ച് പിൻ നിർമിക്കാവുന്നതാണ്.

സി. നിങ്ങളുടെ അക്കൗണ്ടിന്റെ സുരക്ഷയ്ക്കായി ചുവടെ കൊടുത്തിരിക്കുന്ന പോലുള്ള ലളിതമായ പിന്നുകളും പാസ്‌വേഡുകളും ഒഴിവാക്കേണ്ടതുണ്ട്.

i. ജനനതീയതികൾ, മാസങ്ങൾ, വർഷങ്ങൾ;

ii. തുടർച്ചയായ അക്കങ്ങൾ (ഉദാ: 3456);

iii. പെട്ടെന്ന് ഊഹിച്ചെടുക്കാവുന്ന അക്കങ്ങളുടെ കൂട്ടം (ഉദാ:1111);

iv. നിങ്ങളുടെ ടെലിഫോൺ നമ്പരിന്റെ ഭാഗങ്ങൾ;

v നിങ്ങളുടെ ഏതെങ്കിലും കാർഡിൽ അച്ചടിച്ചിട്ടുള്ള അക്കങ്ങളുടെ ഭാഗം;

vi. മറ്റ് പെട്ടെന്ന് എത്തിച്ചേരാവുന്ന സ്വകാര്യവിവരങ്ങൾ (ഉദാ: ഡ്രൈവിങ് ലൈസൻസോ അതുപോലെ നിങ്ങളുമായി എളുപ്പത്തിൽ ബന്ധപ്പെട്ടിരിക്കുന്ന മറ്റ് സംഖ്യകളോ)

vii. കുടുംബാംഗങ്ങളുടെ, വളർത്തുമൃഗങ്ങളുടെ, തെരുവിന്റെ പേരുകൾ.

ഡി. നിങ്ങൾ നിങ്ങളുടെ പിന്നിനെയോ പാസ്‌വേഡിനേയോ സംരക്ഷിക്കേണ്ടതുണ്ട്

**ചെയ്യരുത്:**

i. നിങ്ങളുടെ പിൻ, പാസ്‌വേഡ്, മറ്റ് സുരക്ഷാ വിവരങ്ങൾ എന്നിവ മറ്റൊരാൾ ഉപയോഗിക്കുവാൻ അനുവദിക്കുന്നത്

ii. നിങ്ങളുടെ പിൻ, പാസ്‌വേഡ്, മറ്റ് സുരക്ഷാ വിവരങ്ങൾ എന്നിവ എഴുതിവയ്ക്കുകയോ റിക്കോർഡ് ചെയ്യുകയോ

iii. നിങ്ങളുടെ പാസ്‌വേഡുകൾ നിങ്ങളുടെ മൊബൈലിലോ ബ്രൗസറിലോ സൂക്ഷിക്കുന്നത്

iv. നിങ്ങളുടെ അക്കൗണ്ട് വിവരങ്ങൾ, പാസ്‌വേഡ്, കാർഡ്, പിൻ അല്ലെങ്കിൽ മറ്റ് സുരക്ഷാ വിവരങ്ങൾ എന്നിവ, ബാങ്കിന്റെ അംഗീകൃത പ്രതിനിധി എന്ന് അവകാശപ്പെടുന്ന ആൾക്ക് ഉൾപ്പെടെ, മറ്റൊരാൾക്ക് കൊടുക്കുക

v ബാങ്ക് അക്കൗണ്ട് വിശദാംശങ്ങൾ ആവശ്യപ്പെടുന്ന ഏതൊരു ആശയവിനിമയത്തോടും പ്രതികരിക്കുക

vi. അയഥാർത്ഥമായ വാഗ്ദാനങ്ങൾ/ലോട്ടറി അടിച്ചതായുള്ള അറിയിപ്പ്/ചില വിദേശ വ്യക്തികളിൽ/ സ്ഥാപനങ്ങളിൽ നിന്നും വിദേശ നാണയത്തിലുള്ള നിസാരതുകയ്ക്കുള്ള പണമടവുകൾ/ഇതുപോലുള്ള സ്ഥാപനങ്ങളുടെ/വ്യക്തികളുടെ പ്രതിനിധികളായി അഭിനയിക്കുന്ന ഇന്ത്യയിൽ താമസിക്കുന്നവർ ഉൾപ്പെടെയുള്ള വ്യക്തികൾ എന്നിവരുടെ ഇരകളാകുക. ഇത്തരം വാഗ്ദാനങ്ങൾ സാധാരണയായി കത്തുകൾ, ഇമെയിലുകൾ, മൊബൈൽ ഫോണുകൾ, എസ്എംഎസ്കൾ മുതലായവയിലൂടെയാകും നടത്തുക.

**എപ്പോഴും:**

i. പിൻ, പാസ്‌വേഡ്, മറ്റ് സുരക്ഷാ വിവരങ്ങൾ എന്നിവ ഓർമയിൽ സൂക്ഷിക്കുകയും അവയിൽ ഏതെങ്കിലുമായി ബന്ധപ്പെട്ട കത്ത് കൈപ്പറ്റിയാലുടനെ നശിപ്പിക്കുകയും ചെയ്യുക.

ii. നിങ്ങൾ പിൻ മാറ്റുകയാണെങ്കിൽ പുതിയത് ശ്രദ്ധയോടെ തെരഞ്ഞെടുക്കുക.

iii. 'കരുത്തുള്ള' പാസ്‌വേഡ് തെരഞ്ഞെടുക്കുകയും അത് സ്ഥിരമായി മാറ്റുകയും ചെയ്യുക.

iv. കാർഡ് സുരക്ഷിതമായി കൈവശം സൂക്ഷിക്കുവാനും പിൻ, പാസ്‌വേഡ്, മറ്റ് സുരക്ഷാ വിവരങ്ങൾ എന്നിവ എല്ലാ സമയത്തും രഹസ്യമായി സൂക്ഷിക്കുവാനും ഉചിതമായ നടപടികൾ സ്വീകരിക്കുക.

v. എറ്റിമ്മുകളിലോ വിപണി കേന്ദ്രത്തിലെ (പിഒഎസ്) കൗണ്ടറുകളിലോ നിങ്ങളുടെ കാർഡ് ഉപയോഗിക്കുമ്പോൾ നിങ്ങളുടെ പിൻ രേഖപ്പെടുത്തുന്നത് മറ്റാരും കാണുന്നില്ലെന്ന് ഉറപ്പുവരുത്തുക.

vi. നിങ്ങളുടെ പിൻ, പാസ്‌വേഡ് മറ്റൊരാൾ അറിയുകയോ അറിയാനിടയായതായി സംശയം തോന്നുകയോ ചെയ്താൽ പ്രസ്തുത വിവരം ഞങ്ങളെ അറിയിക്കുക. നിങ്ങളുടെ പിൻ, പാസ്‌വേഡ് മറ്റൊരാൾ അറിയുകയോ അറിയാനിടയായതായി സംശയം തോന്നുകയോ ചെയ്താൽ അവ മാറ്റുകയും വേണം.

vii. വ്യത്യസ്ത കാർഡുകൾക്കും ഉപകരണങ്ങൾക്കും വ്യത്യസ്ത പിൻ അല്ലെങ്കിൽ പാസ്‌വേഡ് ഉപയോഗിക്കുന്ന കാര്യം പരിഗണിക്കുക.

viii. നിങ്ങളുടെ അനുവാദമില്ലാതെ ആർക്കുംതന്നെ നിങ്ങളുടെ കമ്പ്യൂട്ടർ/മൊബൈൽ ഉപയോഗിക്കാൻ സാധിക്കാതിരിക്കാൻ നിങ്ങളുടെ കമ്പ്യൂട്ടർ/മൊബൈൽ എന്നിവ ഓൺചെയ്യുന്നതിന് പാസ്‌വേഡ് ഏർപ്പെടുത്തുക, കമ്പ്യൂട്ടറിൽ സ്ക്രീൻസേവർ പാസ്‌വേഡ് ഏർപ്പെടുത്തുക.

ഇ. നിങ്ങളുടെ പിൻ, മറ്റ് സുരക്ഷാ വിവരങ്ങൾ എന്നിവ മറ്റൊരാൾ അറിയുന്ന പക്ഷം, നിങ്ങൾ ഞങ്ങളെ അറിയിക്കുന്ന മുറയ്ക്ക്, ഇവ ദുരുപയോഗം ചെയ്യപ്പെടുന്നത് തടയുവാൻ ഞങ്ങൾ പെട്ടെന്നുള്ള നടപടികളെടുക്കും.

**8.17.2 ഇന്റർനെറ്റ് ബാങ്കിങ്**

എ. ഇന്റർനെറ്റ് ബാങ്കിങ്ങിൽ സുരക്ഷിതമായി പ്രവേശിക്കുവാനും ഇടപാടുകൾ നടത്താനും വേണ്ട സുരക്ഷാസംവിധാനങ്ങൾ യഥാവിധിയാകാൻ ഞങ്ങൾ ആവശ്യമായ എല്ലാ നടപടികളും സ്വീകരിക്കും.

ബി. ഞങ്ങളുടെ ഇന്റർനെറ്റ് ബാങ്കിങ് സംവിധാനവും സാങ്കേതികവിദ്യയും സുരക്ഷിതവും ഇതിലേക്കായി സ്ഥിരമായി അവലോകനം ചെയ്യപ്പെടുന്നതും നവീകരിക്കപ്പെടുന്നതുമാണെന്ന് ഉറപ്പാക്കാൻ അനുയോജ്യമായ നടപടികൾ ഞങ്ങൾ സ്വീകരിക്കും

സി. ഓൺലൈൻ സുരക്ഷയെക്കുറിച്ച് നിങ്ങളെ പഠിപ്പിക്കുന്നതിനായി കൃത്യ ഇടവേളകളിലെ ഇമെയിലുകൾ, ഞങ്ങളുടെ വെബ്സൈറ്റുകൾ, ഇടപാടുകാരെ നേരിട്ടു കണ്ടുമുട്ടുന്ന എറ്റിഎം പോലുള്ള കേന്ദ്രങ്ങൾ എന്നീ മാർഗങ്ങളിലൂടെ ഞങ്ങൾ വിവിധങ്ങളായ പരിപാടികൾ നടപ്പാക്കും.

ഡി. നിങ്ങളുടെ ഇന്റർനെറ്റ് ബാങ്കിങ് സുരക്ഷാ വിവരമോ അല്ലെങ്കിൽ പാസ്‌വേഡ് വിവരമോ വെളിപ്പെടുത്തുവാൻ ഞങ്ങൾ നിങ്ങളോട് നേരിട്ടോ എഴുതിയോ (ഇമെയിലിൽക്കൂടി ഉൾപ്പെടെ) ഒരിക്കലും ആവശ്യപ്പെടുകയില്ല.

ഇ. ഞങ്ങളുടെ ഇന്റർനെറ്റ് ബാങ്കിങ് സേവനങ്ങളിലേക്ക് പ്രവേശിക്കാൻ ആദ്യമായി നിങ്ങൾക്ക് അനുമതി നൽകുമ്പോൾ, നിങ്ങളുടെ ഓൺലൈൻ വിവരങ്ങൾ സുരക്ഷിതമായി സൂക്ഷിക്കാനും തട്ടിപ്പ്, കള്ളത്തരം, അനധികൃത ഇടപാടുകൾ എന്നിവയിൽ നിന്ന് നിങ്ങളെയും നിങ്ങളുടെ കമ്പ്യൂട്ടറിനെയും സംരക്ഷിക്കുന്നതിനുമുള്ള വിവരങ്ങൾ എവിടെ നിന്നു ലഭിക്കുമെന്ന് നിങ്ങളോട് പറയും.

എഫ്. നിങ്ങളുടെ വിവരങ്ങളിലേക്കും അക്കൗണ്ടിലേക്കും അനുവാദമില്ലാതുള്ള പ്രവേശനവും ഇന്റർ നെറ്റ് ബാങ്കിങ് സേവനം ഉപയോഗിച്ചുള്ള തർക്കമുള്ള പണമിടപാടും അറിയിക്കുന്നതിന് നിങ്ങൾ എന്ത് നടപടികൾ നിർബന്ധമായും സ്വീകരിക്കണമെന്ന് നിങ്ങളെ അറിയിക്കുകയും അനധികൃത നടപടികളെക്കുറിച്ച് മനസ്സിലാക്കുന്ന ഉടനെതന്നെ അറിയിക്കാൻ ബന്ധപ്പെടേണ്ടതിന്റെ വിശദാംശങ്ങൾ നിങ്ങൾക്ക് ലഭ്യമാക്കുകയും ചെയ്യും.

ജി. നിങ്ങൾക്ക് ഇന്റർനെറ്റ് ബാങ്കിങ് സേവനങ്ങൾ ലഭ്യമാകുമ്പോൾ ഇത്തരം സേവനങ്ങൾക്ക് ബാധകമായ വ്യവസ്ഥകളെയും നിബന്ധനകളെയും കുറിച്ച് കൂടി നിങ്ങളെ അറിയിക്കും. വിശദമായ ഇന്റർ നെറ്റ് ബാങ്കിങ് വ്യവസ്ഥകളും നിബന്ധനകളും കൂടി ഞങ്ങളുടെ വെബ്സൈറ്റിൽ ലഭ്യമാകും.

എച്ച്. ഇന്റർനെറ്റ് ബാങ്കിങ്ങുമായി ബന്ധ്പെട്ട സേവനങ്ങളും അവയ്ക്കുള്ള നിരക്കുണ്ടെങ്കിൽ അതും, പ്രദർശിപ്പിക്കുകയും ഓൺലൈനായി നിങ്ങൾക്ക് ലഭ്യമാക്കുകയും ചെയ്യും. ഇന്റർനെറ്റ് ബാങ്കിങ് സേവനങ്ങൾക്കുള്ള നിരക്കുകളും നിരക്കുപട്ടികയിൽ ലഭ്യമാകും.

ഐ. കാലാകാലങ്ങളിൽ റഗുലേറ്റർ നിർദ്ദേശിക്കും പ്രകാരമുള്ള അധിക പ്രമാണീകരണ നടപടികൾ പണമിടപാടുകൾക്കുള്ള സെക്കൻഡ് ഫാക്റ്റർ പരിധികളിലൂടെ ഞങ്ങൾ നടത്തുന്നതാണ്.

ജെ. നിങ്ങൾ നടത്തുന്ന പണമിടപാടുകൾ നിശ്ചിത പരിധിക്ക് മേലാണെങ്കിൽ, ഞങ്ങളുടെ പക്കൽ രജിസ്റ്റർ ചെയ്തിട്ടുള്ള ബന്ധപ്പെടേണ്ട വിശദാംശങ്ങളിലേക്ക് ഞങ്ങൾ നിങ്ങൾക്ക് എസ്എംഎസ്/ഇമെയിൽ ജാഗ്രതപ്പെടുത്തലുകൾ അയക്കും.

കെ. നെറ്റ് ബാങ്കിങ്ങിലൂടെ നടത്തുന്ന എല്ലാ പേയീ/ബില്ലർ രജിസ്ട്രേഷന് ഞങ്ങൾ നിങ്ങൾക്ക് എസ്എംഎസ്/ഇമെയിൽ അയക്കും.

എൽ. ഇലക്ട്രോണിക് രീതിയിലുള്ള പണമിടപാടുകളിൽ മൂല്യം, ഇടപാടുകളുടെ രീതി, ഗുണഭോക്താക്കൾ എന്നിവയിൽ പരിധി നിശ്ചയിക്കൽ സൗകര്യം ഞങ്ങൾ വാഗ്ദാനം ചെയ്യുന്നു. നിങ്ങൾ നിങ്ങളുടെ താത്പര്യങ്ങളിൽ മാറ്റം വരുത്തുന്ന പക്ഷം ഞങ്ങളെ അതിലേയ്ക്ക് വിശേഷാൽ അധികാരപ്പെടുത്തേണ്ടതുണ്ട്. താത്പര്യങ്ങളിൽ മാറ്റം വരുത്തുന്നതിനുള്ള അപേക്ഷ ലഭിച്ചാൽ നിങ്ങളെ ഞങ്ങൾ അക്കാര്യം ജാഗ്രതപ്പെടുത്തും.

എം. നിങ്ങൾക്ക് ഏത് സമയത്തും ഇന്റർനെറ്റ് ബാങ്കിങ് സൗകര്യത്തിൽ നിന്ന് പുറത്തുപോകാവുന്നതാണ്. എന്നിരിക്കിലും, നിങ്ങളുടെ തീരുമാനം നിർബന്ധമായും ഞങ്ങളെ അറിയിക്കേണ്ടതും അവശ്യം വേണ്ട ഔപചാരികതകളെല്ലാം പൂർത്തിയാക്കിയതായി ഉറപ്പിക്കുകയും വേണം.

എൻ. നിങ്ങളുടെ ഇന്റർനെറ്റ് ബാങ്കിങ് സൗകര്യം സക്രിയമാക്കുന്നതിന്/പ്രവർത്തനക്ഷമമാക്കുന്നതിന് മുന്നേ ഉള്ള ഇടപാടുകൾ മൂലം നിങ്ങൾക്കുണ്ടാകുന്ന നഷ്ടത്തിന് നിങ്ങൾ ഉത്തരവാദി ആയിരിക്കില്ല.

ഒ. നിങ്ങൾക്ക് നേരിട്ട് നൽകിയിട്ടില്ലാത്ത പാസ്‌വേഡുകളോ സുരക്ഷാ വിവരമോ സ്വീകരിക്കുന്നത് സംബന്ധിച്ച എന്തെങ്കിലും തർക്കത്തിലും, നിങ്ങളുടെ ശരിയായ മേൽവിലാസത്തിൽ അയച്ചിട്ടുണ്ട് എന്നത് നിങ്ങൾ അത് സ്വീകരിച്ചു എന്നതിനുള്ള തെളിവായി ഞങ്ങൾ കണക്കാക്കില്ല.

പി. ഇന്റർനെറ്റ് ബാങ്കിങ്ങിനുള്ള മാർഗങ്ങൾ നിങ്ങൾ സ്വീകരിച്ചു കഴിഞ്ഞതിനുശേഷവും എന്തെങ്കിലും ചുമതലപ്പെടുത്താത്ത ഇടപാടുകൾ നടക്കുന്ന പക്ഷം നിങ്ങളുടെ ബാധ്യത താഴെപ്പറയുന്നവയെക്കാൾ കുറവായിരിക്കും:

i. ഞങ്ങളെ അറിയിക്കുന്ന സമയത്തെ യഥാർഥ നഷ്ടം, അല്ലെങ്കിൽ

ii. നിങ്ങളുടെ അക്കൗണ്ടുകളിൽ നിന്ന് പിൻവലിക്കാൻ ലഭ്യമാകുമായിരുന്ന നീക്കുബാക്കി., അല്ലെങ്കിൽ,

iii. ഇത്തരം ഇടപാടുകൾക്ക് നിങ്ങൾ ഏർപ്പെടുത്തിയിരിക്കുന്ന പരിധി;

iv. (i) മുതൽ (iii) വരെയുള്ളവയെക്കാൾ കുറവ് അല്ലെങ്കിൽ പരമാവധി 10,000 രൂപ (പതിനായിരം രൂപ മാത്രം)

ക്യൂ. നിങ്ങളുടെ പാസ്‌വേഡോ മറ്റേതെങ്കിലും സുരക്ഷാവിവരമോ മറ്റൊരു വ്യക്തി അറിഞ്ഞിരിക്കാമെന്നോ, അല്ലെങ്കിൽ നിങ്ങളുടെ ഇന്റർനെറ്റ് ബാങ്കിങ് വിവരങ്ങളിലോ അക്കൗണ്ടുകളിലോ അനുവാദമില്ലാത്ത കടന്നുകയറ്റം ഉണ്ടായിയെന്നോ ഉള്ള കാര്യം, സാമാന്യേന സാധ്യമായ സമയത്ത് നിങ്ങൾ ഞങ്ങളെ അറിയിക്കുന്ന പക്ഷം, ആ സമയം മുതൽ എന്തെങ്കിലും നഷ്ടത്തിന് നിങ്ങൾ ഉത്തരവാദി ആയിരിക്കുകയില്ല. നിങ്ങൾ വ്യാജമായോ വേണ്ടത്ര ശ്രദ്ധ

യില്ലാതെയോ പ്രവർത്തിക്കുന്ന പക്ഷവും ഇത്തരം വെളിപ്പെടുത്തലുകൾക്കോ അനുവാദമില്ലാത്ത പ്രവേശനങ്ങൾക്കോ സഹായം ചെയ്തുകൊടുക്കുകയോ ചെയ്തിട്ടുള്ള പക്ഷവും ഈ ആനുകൂല്യം ലഭിക്കുന്നതല്ല.

ആർ. യുക്തമായ ശ്രദ്ധ ചെലുത്തുന്നതിൽ ഞങ്ങൾക്കുണ്ടായ വീഴ്ചയുടെ ഫലമായി ഞങ്ങളുടെ ഇന്റർനെറ്റ് ബാങ്കിങ് സംവിധാനത്തിലുണ്ടാകുന്ന സുരക്ഷാവീഴ്ച മൂലമുള്ളതും നിങ്ങളാലോ നിങ്ങൾ മുഖാന്തരമോ അല്ലാത്തതുമായ കാരണങ്ങളാൽ നിങ്ങൾക്കുണ്ടാകുന്ന നേരിട്ടുള്ള നഷ്ടം ഞങ്ങൾ മടക്കിനൽകും/നികത്തും.

എസ്. ഏതാനും ലളിതമായ മുൻകരുതലുകൾ നിങ്ങൾ സ്വീകരിക്കുന്നിടത്തോളം കാലം ഓൺലൈൻ ബാങ്കിങ് സുരക്ഷിതവും സൗകര്യപ്രദവുമാണ്. താഴെ കൊടുത്തിരിക്കുന്ന ഉപദേശങ്ങൾ നിങ്ങൾ പാലിക്കുന്ന എന്ന് ദയവായി ഉറപ്പുവരുത്തുക.

i. ഞങ്ങളുടെ സുരക്ഷിത ഇന്റർനെറ്റ് ബാങ്കിങ് സൈറ്റിൽ നേരിട്ടു പ്രവേശിക്കുക. മറ്റൊരു സൈറ്റിലെയോ ഒരു ഇമെയിലിലെയോ ലിങ്കിലൂടെ കടക്കുന്നത് ഒഴിവാക്കുക. സൈറ്റിന്റെ പേര് വായിച്ച് സ്ഥിരീ കരിച്ച്, കബളിപ്പിക്കപ്പെടാതെ ശ്രദ്ധിക്കുക.

ii. നിങ്ങളുടെ പാസ്‌വേർഡ് അല്ലെങ്കിൽ പിൻ ആവശ്യപ്പെട്ടുകൊണ്ടുള്ള ഏതെങ്കിലും ഇമെയിൽ വന്നാൽ അവഗണിക്കുകയും അതെക്കുറിച്ച് അന്വേഷിക്കാൻ ഞങ്ങളെ അറിയിക്കുകയും ചെയ്യുക. നിങ്ങളുടെ ഓൺലൈൻ ബാങ്കിങ് അല്ലെങ്കിൽ പേമെന്റ് കാർഡ് പിന്നുകൾ അല്ലെങ്കിൽ പാസ്‌വേഡ് വിവരങ്ങൾ വെളിപ്പെടുത്തുവാൻ ആവശ്യപ്പെട്ടുകൊണ്ട് പൊലീസോ ഞങ്ങളോ നിങ്ങളുമായി ഒരിക്കലും ബന്ധപ്പെടുകയില്ല.

iii. നിങ്ങളുടെ ആവശ്യം കഴിഞ്ഞ ശേഷം നെറ്റ്ബാങ്കിങ്ങിൽ നിന്ന് ലോഗ് ഓഫ് ചെയ്യുക. ലോഗ് ഔട്ട് ബട്ടൺ ഉപയോഗിച്ച് ലോഗ് ഔട്ട് ചെയ്യുകയാണെങ്കിൽ കമ്പ്യൂട്ടറിൽ നിങ്ങൾ ഏർപ്പെട്ടുകൊണ്ടിരുന്ന പ്രവൃത്തി നിലയ്ക്കും. വിൻഡോ മാത്രം അടച്ച് ലോഗ് ഓഫ് ചെയ്യാതിരിക്കുക.

iv. ഞങ്ങളുടെ ഇന്റർനെറ്റ് ബാങ്കിങ് സൈറ്റുമായി ബന്ധപ്പെടുവാൻ സൈബർ കഫേകളോ മറ്റുള്ളവരുമായി പങ്കുവയ്ക്കുന്ന കമ്പ്യൂട്ടറുകളോ (പി.സി) ഉപയോഗിക്കാതിരിക്കുക.

v. ഏറ്റവും പുതിയ ആന്റി വൈറസ്, സ്പൈവെയർ സോഫ്റ്റ്‌വെയറുകൾ കൊണ്ട് നിങ്ങളുടെ പിസി പതിവായി അപ്ഡേറ്റ് ചെയ്യുക.

vi. ഹാക്കേഴ്സ്, വൈറസ് ആക്രമണം അല്ലെങ്കിൽ ഉപദ്രവകാരികളായ പ്രോഗ്രാമുകൾ എന്നിവക്കെതിരെ സംരക്ഷണത്തിന് സെക്യൂരിറ്റി പ്രോഗ്രാമുകൾ സ്ഥാപിക്കുക.

vii. ഇന്റർനെറ്റിലെ ശല്യക്കാരിൽ നിന്ന് നിങ്ങളുടെ പിസിക്കും അതിലെ ഉള്ളടക്കത്തിനും സംരക്ഷണം നൽകുവാൻ കമ്പ്യൂട്ടറിൽ യോജിച്ച ഒരു ഫയർവാൾ സ്ഥാപിക്കുക.

viii. നിങ്ങളുടെ ഓപ്പറേറ്റിങ് സിസ്റ്റത്തിലെ 'ഫയൽ ആൻഡ് പ്രിന്റിങ് ഷെയറിങ്' സംവിധാനം പ്രവർത്തനരഹിതമാക്കുക.

ix. ഉപയോഗം കഴിഞ്ഞാൽ നിങ്ങളുടെ പിസി ലോഗ് ഓഫ് ചെയ്യുക.

x. ഇന്റർനെറ്റ് എക്സ്പ്ലോറർ ബ്രൗസറിൽ നിങ്ങളുടെ ഐഡി/പിൻ ശേഖരിച്ചു വയ്ക്കരുത്.

xi. നിങ്ങളുടെ അക്കൗണ്ടും ഇടപാടു വിവരങ്ങളും പതിവായി പരിശോധിക്കുക.

xii. ഞങ്ങളുടെ ഉപദേശം പിന്തുടരുക – ഞങ്ങളുടെ വെബ്സൈറ്റുകൾ സാധാരണയായി, ഓൺ ലൈനിൽ എങ്ങനെ സുരക്ഷിതരായിരിക്കാം എന്നതിന് സഹായവും മാർഗനിർദ്ദേശവും ലഭിക്കുന്ന നല്ലൊരു സ്ഥലമാണ്.

### 8.17.3 മൊബൈൽ ബാങ്കിങ്

എ. ഞങ്ങളുടെ മൊബൈൽ ഉപയോഗങ്ങൾ സുരക്ഷിതവും ഇതിലേക്കായി സ്ഥിരമായി അവലോകനം ചെയ്യപ്പെടുന്നതും നവീകരിക്കപ്പെടുന്നതുമാണെന്ന് ഉറപ്പാക്കാൻ അനുയോജ്യമായ നടപടികൾ ഞങ്ങൾ സ്വീകരിക്കും

ബി. ഇന്റർനെറ്റ് ബാങ്കിങ്ങിലുള്ള നിങ്ങളുടെ കടമകൾക്ക് പുറമേ, ഒരു മൊബൈൽ ആപ്ലിക്കേഷനോ മറ്റേതെങ്കിലും രൂപത്തിലുള്ള സോഷ്യൽ മീഡിയയോ ഉപയോഗിച്ച് ബാങ്കിങ് സേവനങ്ങളിലേക്ക് പ്രവേശിക്കുന്ന പക്ഷം നിങ്ങളുടെ ഉപകരണത്തെ സംരക്ഷിക്കുന്നതിന് താഴെ പറയുന്ന അധിക ശ്രദ്ധ നിങ്ങൾക്ക് ആവശ്യമുണ്ട്.

i. നിങ്ങളുടെ ഉപകരണത്തെ അശ്രദ്ധമായി ഇടാതിരിക്കുക; ഒരു മൊബൈൽ ബാങ്കിങ് സേവനത്തിൽ ലോഗ് ഇൻ ചെയ്തിടാതിരിക്കുക.

ii. നിങ്ങളുടെ മൊബൈൽ ബാങ്കിങ് സേവനത്തിന്റെ അനധികൃതമായ ഉപയോഗം തടയുന്നതിനായി നിങ്ങളുടെ ഉപകരണത്തെ പൂട്ടിവയ്ക്കുകയും മറ്റ് നടപടികൾ സ്വീകരിക്കുകയും ചെയ്യുക.

iii. നിങ്ങളുടെ ഉപകരണം നഷ്ടപ്പെടുകയോ മോഷണം പോകുകയോ ചെയ്യുന്നപക്ഷം, ആവുന്നതും നേരത്തേ ഞങ്ങളെ അറിയിക്കുക.

സി. മൊബൈൽ ബാങ്കിങ് സേവനങ്ങൾ നിങ്ങൾ തെരഞ്ഞെടുക്കുകയാണെങ്കിൽ, നിങ്ങൾ രജിസ്ട്രേഷൻ നടത്തുന്നതിനു മുൻപ്, ആ സേവനത്തിനായി ഞങ്ങൾ നിങ്ങളെ അറിയിക്കും:

i. ഇടപാടുകാരനെ തിരിച്ചറിയുന്നതുമായി ബന്ധപ്പെട്ട, ഞങ്ങൾ സ്വീകരിച്ചിരിക്കുന്ന സുരക്ഷാ നടപടികളെക്കുറിച്ച്.

ii. പണം നൽകൽ നിറുത്തിവയ്ക്കൽ നിർദ്ദേശങ്ങളുടെ നടപ്പാക്കൽ സാധ്യതയെയും സാധ്യത ഇല്ലായ്മയെയും കുറിച്ചും അവ സ്വീകരിക്കുന്നതിനുള്ള വ്യവസ്ഥകളെയും നിബന്ധനകളെയും (അങ്ങനെയെന്തെങ്കിലും ഉണ്ടെങ്കിൽ) കുറിച്ചും

### 8.17.4 എറ്റിഎം/ഡെബിറ്റും ക്രെഡിറ്റും കാർഡുകൾ

എ. നിങ്ങൾ തെരഞ്ഞെടുത്തതരം അക്കൗണ്ടിനോടൊപ്പം സാധാരണയായി നൽകുന്നതാണെങ്കിൽ നിങ്ങൾക്ക് ഞങ്ങൾ എറ്റിഎം/ഡെബിറ്റ് കാർഡ് വാഗ്ദാനം ചെയ്യുന്നു. നിങ്ങൾക്കത് ആവശ്യമില്ലാത്ത പക്ഷം നിരസിക്കാവുന്നതാണ്.

ബി. നേരിട്ട് കാർഡുകൾ നൽകുന്നപക്ഷം അവ നൽകുന്നതിനു മുൻപ് നിങ്ങളുടെ തിരിച്ചറിയൽ കാര്യത്തിൽ ഞങ്ങൾ സംതൃപ്തരാകേണ്ടതുണ്ട്.

സി. വിശദമായ വ്യവസ്ഥകളെയും ഉപാധികളെയും, നിങ്ങളുടെ കാർഡ് നഷ്ടപ്പെടുകയോ/ദുരുപയോഗം ചെയ്യുകയോ ചെയ്താൽ നിങ്ങൾക്കുണ്ടായേക്കാവുന്ന നഷ്ടത്തെയും വിശദമാക്കുന്ന ഒരു സർവീസ് ഗൈഡ്/അംഗ ലഘുപുസ്തകം നിങ്ങളുടെ ആദ്യ കാർഡിനോടൊപ്പം ഞങ്ങൾ നൽകും.

ഡി. നിങ്ങളുടെ ഏതൊക്കെ അക്കൗണ്ടുകളിൽ പ്രസ്തുത കാർഡ് ഉപയോഗിച്ച് പ്രവേശിക്കാമെന്ന കാര്യം നിങ്ങളെ അറിയിക്കും. നിങ്ങൾക്ക് ലഭ്യമാക്കിയ കാർഡിന് ഒന്നിലധികം ഉപയോഗങ്ങൾ ഉള്ളപക്ഷം അവ ഏതാണെന്ന കാര്യവും നിങ്ങളെ ഞങ്ങൾ അറിയിക്കും.

ഇ. പിഒഎസ് കൗണ്ടറുകൾ, എറ്റിഎമ്മുകൾ, ഫോറെക്സ് ഇടപാടുകൾ എന്നിവയ്ക്ക് നിലവിലുള്ള ഇടപാട് പരിധി എത്രയെന്ന് നിങ്ങളെ അറിയിക്കും.

എഫ്. നിങ്ങളുടെ കാർഡിന് ബാധകമായ ഫീസുകളെയും നിരക്കുകളെയും കുറിച്ച് അറിയിക്കും.

ജി. തുക ഏതുമാകട്ടെ, നിങ്ങളുടെ കാർഡുപയോഗിച്ചുള്ള എല്ലാ ഇടപാടുകളെയും കുറിച്ചുള്ള ഓൺലൈൻ മുന്നറിയിപ്പുകൾ നിങ്ങൾക്ക് ലഭ്യമാക്കും. നിങ്ങളുടെ കാർഡ് ഉപയോഗിക്കുന്ന ഓരോ തവണയും നിങ്ങൾക്ക് മുന്നറിയിപ്പ് അയയ്ക്കുന്ന നേരത്ത്, ഇടപാട് നടത്തുന്നത് നിങ്ങൾ അല്ലാത്ത പക്ഷം/നിങ്ങളുടെ കാർഡ് ദുരുപയോഗം ചെയ്യപ്പെടുന്ന പക്ഷം, നിങ്ങളുടെ കാർഡ് പ്രവർത്തനരഹിതമാക്കാൻ ബന്ധപ്പെടേണ്ട ടെലിഫോൺ നമ്പർ സൂചിപ്പിക്കുന്നതാണ്.

എച്ച്. ഒരേ ദിവസംതന്നെ തുടർച്ചയായി മൂന്ന് തവണ തെറ്റായി ലോഗ് ഇൻ ചെയ്യാൻ ശ്രമിക്കുന്ന പക്ഷം അക്കാര്യം നിങ്ങളെ എസ്എംഎസിലൂടെ അറിയിക്കും.

ഐ. നിങ്ങൾക്ക് **കൃത്യമായി** മുന്നറിയിപ്പുകൾ ലഭിക്കാൻ നിങ്ങളുടെ നിലവിലെ മൊബൈൽ നമ്പർ/ ഇമെയിൽ ഐഡി ആണ് ഞങ്ങൾക്ക് ലഭ്യമാക്കിയിരിക്കുന്നതെന്ന് എപ്പോഴും നിർബന്ധമായും ഉറപ്പുവരുത്തണം.

ജെ. നിങ്ങളുടെ കാർഡിനെ ഏറ്റവും നന്നായി സംരക്ഷിക്കേണ്ടതെങ്ങനെയെന്ന് കാർഡ് വിതരണം ചെയ്യുന്ന സമയത്ത് നിങ്ങളെ ഞങ്ങൾ അറിയിക്കും. ഉദാഹരണത്തിന് നിങ്ങൾ നിർബന്ധമായും:

i. ആരും ശ്രദ്ധിക്കാതെ മാറ്റാൻ കഴിയുന്ന വിധത്തിൽ ആരാലും ശ്രദ്ധിക്കാതിരിക്കുന്ന മടിശ്ശീല, പേഴ്സ്, വാഹനം, മറ്റെവിടെയെങ്കിലും നിങ്ങളുടെ കാർഡ് ഉപേക്ഷിക്കരുത്.

ii. കാർഡ് കിട്ടിയ ഉടൻതന്നെ അതിൽ ഒപ്പിടണം.

iii. ആർക്കും നിങ്ങളുടെ കാർഡ് നൽകുകയോ ഉപയോഗിക്കാൻ അനുവദിക്കുകയോ ചെയ്യരുത്. ഉപയോഗശേഷം കാർഡ് തിരികെയെടുക്കുവാൻ എപ്പോഴും ഓർക്കണം.

iv. നിങ്ങളുടെ മേൽവിലാസം മാറുന്ന വിവരം ഞങ്ങളെ അറിയിച്ചാൽ ഞങ്ങൾക്ക് പകരമുള്ള കാർഡ് ശരിയായ സ്ഥലത്തുതന്നെ അയച്ചുതരാൻ സാധിക്കും.

v. നിങ്ങളുടെ കാർഡ് നഷ്ടപ്പെടുകയോ മോഷണം പോകുകയോ ചെയ്താൽ ആ വിവരം ഉടനെതന്നെ അറിയിക്കുക.

### 8.17.4.1 കൈമോശം വന്ന/മോഷണം പോയ/തർക്കമുള്ള ഇടപാടുകൾ റിപ്പോർട്ട് ചെയ്യൽ

എ. നിങ്ങളുടെ കാർഡിന്റെയോ പിന്നിന്റെയോ കൈമോശംവരൽ, മോഷണം, അനുവാദമില്ലാത്ത ഉപയോഗം എന്നിവയെക്കുറിച്ച് അറിയിക്കുന്നതിന് നിങ്ങൾ പിന്തുടരേണ്ട നടപടിക്രമങ്ങളെക്കുറിച്ച് നിങ്ങളെ അറിയിക്കും.

ബി. നിങ്ങളുടെ കാർഡിന്റെയോ പിന്നിന്റെയോ കൈമോശംവരൽ, മോഷണം എന്നിവയിലും പിൻ, പാസ്‌വേഡ് എന്നിവയുടെ വെളിപ്പെടുത്തലിലും നിങ്ങളുടെ ബാധ്യത എന്തായിരിക്കുമെന്ന് വ്യവസ്ഥകളിലും നിബന്ധനകളിലും ഞങ്ങൾ ഉൾപ്പെടുത്തും.

സി. നിങ്ങളുടെ കാർഡിന്റെയോ പിന്നിന്റെയോ പാസ്‌വേഡിന്റെയോ കൈമോശംവരൽ, മോഷണം, അനുവാദമില്ലാത്ത ഉപയോഗം എന്നിത്യാദി സംഭവങ്ങൾ നടന്നതിനെക്കുറിച്ച് നിങ്ങൾ അറിയുന്ന മുറയ്ക്ക് ഞങ്ങളെ അറിയിക്കുന്നതിന് നിങ്ങൾക്ക് ടെലിഫോൺ നമ്പരുകൾ/ഇമെയിൽ ഐഡികൾ നൽകും.

ഡി. നിങ്ങളുടെ കാർഡ് നഷ്ടപ്പെടുകയോ മോഷണംപോകുകയോ ചെയ്തെന്നും ആർക്കെങ്കിലും നിങ്ങളുടെ പാസ്‌വേഡ്, പിൻ, മറ്റ് സുരക്ഷാ വിവരങ്ങൾ എന്നിവ അറിയാമെന്നും കണ്ടെത്തുന്ന മുറയ്ക്ക് അവ മാറ്റുവാൻ നിൽക്കാതെ ഉടൻതന്നെ ഞങ്ങളെ പ്രസ്തുത വിവരം അറിയിക്കണം.

ഇ. നിങ്ങളുടെ എറ്റിഎം/ഡെബിറ്റ്/ക്രഡിറ്റ് കാർഡ് നഷ്ടപ്പെടുകയോ മോഷണംപോകുകയോ ചെയ്താൽ, നിങ്ങളിക്കാര്യം ഞങ്ങളെ അറിയിക്കുന്ന മുറയ്ക്ക് ഇവ ദുരുപയോഗം ചെയ്യുന്നത് തടയാൻ സത്വര നടപടികൾ സ്വീകരിക്കും.

എഫ്. ഞങ്ങളെ അറിയിക്കുന്നതുവരെ ദുരുപയോഗത്തിന് നിങ്ങൾ ബാധ്യസ്ഥനായേക്കും.

ജി. നിങ്ങളുടെ കാർഡിന്റെ കൈമോശംവരൽ/ദുരുപയോഗം ഞങ്ങളെ അറിയിച്ച ഉടനേ കൈമോശംവന്ന അല്ലെങ്കിൽ ദുരുപയോഗപ്പെടുത്തിയ കാർഡിനെ ഞങ്ങൾ തടയും. ഞങ്ങളുടെ 24 മണിക്കൂർ പ്രവർത്തിക്കുന്ന ടോൾ ഫ്രീ നമ്പരിൽ കാർഡിന്റെ കൈമോശംവരൽ/ദുരുപയോഗം ഞങ്ങളെ വിളിച്ചറിയിക്കാവുന്നതോ ഇതേ കാര്യത്തിനായി ഒരു രേഖാമൂലമായ സ്ഥിരീകരണം ഉടൻതന്നെ നൽകുകയോ ചെയ്യാവുന്നതാണ്. ഇതേ കാര്യത്തിനായി നിങ്ങൾക്ക് നൽകിയിട്ടുള്ള ഇമെയിൽ ഐഡിയിൽ ഞങ്ങൾക്ക് ഇമെയിലും അയയ്ക്കാവുന്നതാണ്. കാർഡിന്റെ ഉപയോഗം യഥാവിധി തടഞ്ഞതിന്റെ സ്ഥിരീകരണം നിങ്ങൾക്ക് അയയ്ക്കും.

എച്ച്. നിങ്ങളുടെ കാർഡ് നഷ്ടപ്പെടുകയോ മോഷണംപോകുകയോ ചെയ്തെന്ന കാര്യമോ പിൻ, പാസ്‌വേഡ് എന്നിവയുടെ വെളിപ്പെടുത്തിയതോ ഞങ്ങളെ അറിയിച്ചുകഴിഞ്ഞാൽ, അതിനുശേഷമുള്ള നിങ്ങളുടെ കാർഡിന്റെ അനുവാദമില്ലാത്ത ഉപയോഗത്തിന് നിങ്ങൾ ഉത്തരവാദിയായിരിക്കുകയില്ല. നിങ്ങൾ വ്യാജമായോ വേണ്ടത്ര ശ്രദ്ധയില്ലാതെയോ പ്രവർത്തിക്കുന്ന പക്ഷം ഈ ആനുകൂല്യം ലഭിക്കുന്നതല്ല.

ഐ. തർക്കമുള്ള ഇടപാടിന്റെ കാര്യത്തിൽ ഞങ്ങളോട് ആവശ്യപ്പെടുന്ന പക്ഷം കൂടുതൽ വിശദാംശങ്ങൾ നിങ്ങൾക്ക് നൽകും. നിങ്ങളുടെ ആവലാതി ഞങ്ങൾ നിരസിക്കുന്ന സാഹചര്യത്തിൽ വിവാദമായ ഇടപാടിന് നിങ്ങളുടെ അനുമതി ഉണ്ടായിരുന്നു എന്ന കാര്യം തെളിയിക്കേണ്ടത് ഞങ്ങളുടെ ഉത്തരവാദിത്തമായിരിക്കും.

ജെ. നിങ്ങൾ തെറ്റായതും, അസാധുവായതും അനുമതിയില്ലാത്തതുമായ ഇടപാടിനെക്കുറിച്ച് ഞങ്ങളെ അറിയിക്കുന്ന പക്ഷം അക്കാര്യത്തെക്കുറിച്ച് ഞങ്ങൾ അന്വേഷണം നടത്തും. ഇടപാട് തെറ്റായതും അസാധുവും അനുമതിയില്ലാത്തതുമാണെന്ന് കണ്ടെത്തുന്ന പക്ഷം തിരികെച്ചുമത്തൽ നടപടി പ്രകാരം ഇടപാടിനെ ഞങ്ങൾ അസ്ഥിരപ്പെടുത്തും.

കെ. നിങ്ങൾക്ക് കാർഡ് ലഭിക്കുന്നതിനു മുൻപുണ്ടാകുന്ന നഷ്ടങ്ങൾക്ക് നിങ്ങൾ ഉത്തരവാദി ആയിരിക്കുകയില്ല. നിങ്ങളുടെ നിലവിലെ മേൽവിലാസം ഞങ്ങളെ അറിയിച്ചിട്ടുള്ള പക്ഷം പിൻ, പാസ്‌വേഡ് എന്നിവയുടെ കാര്യത്തിലും അതുപോലെ തന്നെയായിരിക്കും. നിങ്ങൾക്ക് നേരിട്ട് നൽകിയിട്ടില്ലാത്ത പാസ്‌വേഡുകളോ സുരക്ഷാ വിവരമോ സ്വീക

രിക്കുന്നത് സംബന്ധിച്ച എന്തെങ്കിലും തർക്കത്തിലും, നിങ്ങളുടെ ശരിയായ മേൽവിലാസത്തിൽ അയച്ചിട്ടുണ്ട് എന്നത് നിങ്ങൾ അത് സ്വീകരിച്ചു എന്നതിനുള്ള തെളിവായി ഞങ്ങൾ കണക്കാക്കില്ല.

എൽ. താഴെപ്പറയുന്ന കാരണങ്ങളാലുണ്ടാകുന്ന നഷ്ടത്തിന് നിങ്ങൾ ബാധ്യസ്ഥനാകുകയില്ല:

i. ഞങ്ങളുടെ ജീവനക്കാരുടെയോ ഏജന്റുമാരുടെയോ ഇലക്ട്രോണിക് ബാങ്കിങ് സേവനസൗകര്യത്തിൽ ഉൾപ്പെട്ടിട്ടുള്ള കക്ഷികളുടെയോ വ്യാജമായോ വേണ്ടത്ര ശ്രദ്ധയില്ലാതെയോ ഉള്ള പ്രവർത്തനം;

ii. പ്രകടമായതും, സന്ദേശത്തിലൂടെയോ പ്രദർശിപ്പിച്ച നോട്ടീസിലൂടെയോ അറിയിച്ചതും അല്ലാത്ത, യന്ത്രങ്ങളിലോ കാർഡുകളിലോ ഉപയോഗിക്കുന്ന സംവിധാനങ്ങളിലോ ഉണ്ടാകുന്ന വീഴ്ചകൾ

iii. നിങ്ങളുടെ കാർഡുകളോ, പിന്നോ പാസ്‌വേഡോ നിങ്ങൾക്ക് ലഭിക്കുന്നതിനു മുൻപുള്ള അനുമതിയില്ലാത്ത ഇടപാട്.

iv. ഉണ്ടായ നഷ്ടത്തിന് നിങ്ങൾ ഒരുവിധ പങ്കും വഹിച്ചിട്ടില്ലെന്ന് വ്യക്തമായായ മറ്റേതെങ്കിലും അനുമതിയില്ലാത്ത ഇടപാട്.

എം. നിങ്ങൾ ഞങ്ങളെ അറിയിക്കുന്നതിന് മുൻപുണ്ടാകുന്ന ഏതെങ്കിലും വിധത്തിലുള്ള നഷ്ടത്തിന് നിങ്ങൾ രൂ.10,000/ (പതിനായിരം രൂപ മാത്രം) ത്തിൽ കൂടാത്ത തുകയ്ക്ക് ബാധ്യസ്ഥനായിരിക്കും. എന്നാൽ, താഴെപ്പറയുന്ന സന്ദർഭങ്ങളിൽ ഈ പരിധി ബാധകമാകില്ല:

i. നിങ്ങൾ വ്യാജമായോ വേണ്ടത്ര ശ്രദ്ധയില്ലാതെയോ പ്രവർത്തിക്കുകയുണ്ടായെങ്കിൽ, അല്ലെങ്കിൽ

ii. നിങ്ങളുടെ കാർഡിന്റെ അനുമതിയില്ലാത്ത ഇടപാടിന് നിങ്ങൾ പങ്കുവഹിച്ചിട്ടുണ്ടെങ്കിൽ

എൻ. മേൽ വിവരിച്ചിട്ടുള്ള ഉപാധി ബാധകമാക്കിയിട്ടുള്ള സാഹചര്യത്തിൽ നിങ്ങളുടെ ബാധ്യത താഴെപ്പറയുന്നവയെക്കാൾ കുറവായിരിക്കും:

i. ഞങ്ങളെ അറിയിക്കുന്ന സമയത്തെ യഥാർഥ നഷ്ടം, അല്ലെങ്കിൽ

ii. നിങ്ങളുടെ കാർഡ് കൈമോശം വരുന്നതിനും/മോഷ്ടിക്കപ്പെടുന്നതിനും ഞങ്ങളെ അക്കാര്യം അറിയിക്കുന്നതിനും ഇടയിൽ നിങ്ങളുടെ അക്കൗണ്ടിൽ നിന്നും പിൻവലിക്കാൻ നിങ്ങൾ അനുമതി നൽകി യിട്ടുണ്ടായേക്കാവുന്ന പരമാവധി തുക.

ഒ. ഒരു ഇടപാടിനെ വ്യവഹരിക്കാൻ നിങ്ങൾക്ക് പരിമിതമായ സമയം ഉണ്ടാകും. വ്യവസ്ഥകളിലും നിബന്ധനകളിലും ഞങ്ങൾ ഇക്കാര്യം നിങ്ങളെ അറിയിക്കും. തെറ്റായതും, അസാധുവായതും അനുമതിയില്ലാത്തതുമായ ഇടപാടിനെക്കുറിച്ച് ഞങ്ങളെ അറിയിക്കുന്നതിൽ നിങ്ങൾ പരാജയപ്പെടുമ്പോൾ അർഥമാക്കുന്നത് ഞങ്ങൾക്ക് ഇടപാട് അസ്ഥിരപ്പെടുത്താൻ കഴിയില്ലെന്നും അതിന് നിങ്ങൾ പണം അടച്ചേ തീരൂ എന്നുമാണ്. ഒരു ക്രെഡിറ്റ് കാർഡ് ഇടപാട് അസ്ഥിരപ്പെടുത്താൻ പരിമിതമായ സാഹചര്യങ്ങളാണുള്ളത്, പ്രത്യേകിച്ചും ക്രെഡിറ്റ് കാർഡ് കമ്പനിയുടെ നിയമങ്ങൾ ബാധകമാകുന്ന സാഹചര്യത്തിൽ. ഉദാഹരണമായി, കച്ചവടക്കാരനുമായി സാധനങ്ങളുടെയും സേവനങ്ങളുടെയും ഗുണത്തെ ചൊല്ലിയുള്ള തർക്കം നിലനിൽക്കുന്നതോ അല്ലെങ്കിൽ, സാധനങ്ങളുടെയും സേവനങ്ങളുടെയും ഗുണത്തെക്കുറിച്ചുള്ള മനസ്സുമാറ്റം നിങ്ങൾക്കുണ്ടാകുകയോ ഡെബിറ്റ് കാർഡ് ഇടപാടിൽ നിങ്ങളോ കച്ചവടക്കാരനോ ഒരു തെറ്റ് വരുത്തുകയോ ചെയ്തിട്ടുള്ള പക്ഷം ഞങ്ങൾക്ക് പ്രസ്തുത ഇടപാട് അസ്ഥിരപ്പെടുത്താൻ കഴിയില്ല.

പി. നിങ്ങൾക്ക് പരാതിപ്പെടാൻ/പരിഹാരം തേടാൻ സഹായകമാകത്തക്ക വിധത്തിൽ ഹെൽപ്പ് ഡെസ്കിന്റെ/എറ്റിഎം ഉടമയായ ബാങ്കിന്റെ ബന്ധപ്പെടേണ്ട വ്യക്തിയുടെ ടെലിഫോൺ നമ്പരുകൾ എറ്റിഎം സ്ഥിതിചെയ്യുന്ന സ്ഥലങ്ങളിൽ ഞങ്ങൾ പ്രദർശിപ്പിക്കും.

ക്യു. ആർക്കാണോ പരാതി സമർപ്പിക്കേണ്ടത് ആ ഉദ്യോഗസ്ഥരുടെ പേരും ടെലിഫോൺ നമ്പരും കൂടി ഞങ്ങൾ പ്രദർശിപ്പിക്കും.

ആർ. പരാജയപ്പെട്ട എറ്റിഎം ഇടപാടുകളിൽ കൈപ്പറ്റിയതായി തെറ്റായി രേഖപ്പെടുത്തിയ പണം നിശ്ചിത സമയപരിധിക്കുള്ളിൽ ഞങ്ങൾ മടക്കി നൽകും. നിശ്ചിത സമയപരിധിയും കഴിഞ്ഞുള്ള എന്തെങ്കിലും വിധത്തിലുള്ള താമസത്തിന് നിയമം അനുശാസിക്കുന്നതുപോലെ നഷ്ടപരിഹാരം നൽകും. പക്ഷേ ഇടപാട് നടന്ന് 30 ദിവസത്തിനകം ഞങ്ങളുടെ മുന്നിൽ അതായത് എറ്റിഎം കാർഡ് നൽകുന്ന ബാങ്കിൽ നഷ്ടപരിഹാരം തേടണം.

എസ്. തർക്കമുള്ള എറ്റിഎം ഇടപാടുകളിൽ തർക്കം തീരുന്നതുവരെ പ്രസക്തമായ ക്യാമറ രംഗം (ഫൂട്ടേജ്) ഞങ്ങൾ സൂക്ഷിക്കും. ഇത്തരം രേഖകൾ സൂക്ഷിക്കേണ്ട നിർദ്ദിഷ്ട സമയകാലാവധിക്കുള്ളിലാണ് തർക്കം ഉന്നയിക്കപ്പെട്ടതെങ്കിൽ മാത്രം ഇത്തരം ഫൂട്ടേജ് ലഭ്യമാകും.

### 8.17.5 ക്രെഡിറ്റ് കാർഡ്

എ. നിങ്ങൾ ക്രെഡിറ്റ് കാർഡിന് അപേക്ഷിക്കുമ്പോൾ, ഫീസും പലിശയും മറ്റ് ചാർജുകളും, ബില്ലിങ്ങും പണമടയ്ക്കലും, കുടിശ്ശിക കണക്കാക്കുന്ന രീതി, 'ഏറ്റവും ചുരുങ്ങിയ കടത്തുക' മാത്രം ഒടുക്കുന്നതിലെ സാമ്പത്തിക വിവക്ഷകൾ, പുതുക്കൽ, നിർത്തിവയ്ക്കൽ നടപടിക്രമങ്ങൾ മുതലായവ പോലെ പ്രസക്തമായ നിബന്ധനകളും വ്യവസ്ഥകളും, കൂടാതെ കാർഡ് ഉപയോഗിക്കുന്നതിന് ആവശ്യമായ മറ്റു വിവരങ്ങളും ഞങ്ങൾ വിശദമാക്കിത്തരും.

ബി. നിങ്ങൾ പ്രയോജനപ്പെടുത്തിയ വായ്പ/ഋണ സൗകര്യത്തെ നിയന്ത്രിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട വ്യവസ്ഥകളും ഉപാധികളും (എംഐറ്റിസി) ഞങ്ങൾ നിങ്ങൾക്ക് നല്കും.

സി. നിങ്ങൾ ക്രെഡിറ്റ് കാർഡ് ലഭ്യമാക്കുമ്പോൾ/അതിന് അപേക്ഷിക്കുമ്പോൾ ഞങ്ങൾ ലക്ഷ്യമിടുന്ന 'ടേൺ എറൗണ്ട്' സമയം നിങ്ങളെ അറിയിക്കും.

ഡി. നിങ്ങളുടെ വ്യക്തിവിവരങ്ങൾ ക്രെഡിറ്റ് കാർഡ് വിതരണത്തിന് അനുയോജ്യമാണെന്ന് ഞങ്ങൾ പരിഗണിക്കുന്ന പക്ഷം പ്രവർത്തനക്ഷമമല്ലാതാക്കിയ (ഉപയോഗിക്കാൻ തയ്യാറാക്കിവയ്ക്കാത്ത) ക്രെഡിറ്റ് കാർഡ് നിങ്ങൾക്ക് ഞങ്ങൾ വിതരണം ചെയ്തേക്കും. ഇത്തരം പ്രവർത്തനക്ഷമമല്ലാത്ത ക്രെഡിറ്റ് കാർഡുകൾ, നിങ്ങൾ അവ സ്വീകരിച്ച വിവരം ഞങ്ങളെ അറിയിക്കുകയും അതിനെ പ്രവർത്തനക്ഷമമാക്കുവാൻ, മറ്റുവിധത്തിൽ പ്രത്യേകം വിവരിച്ചിട്ടുള്ള നിബന്ധനകൾക്ക് വിധേയമായി, ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്താൽ പ്രവർത്തനക്ഷമമായി മാറും.

ഇ. നിങ്ങളുടെ അനുമതി ഇല്ലാതെ ഞങ്ങൾ കാർഡിനെ പ്രവർത്തനക്ഷമമാക്കിയാൽ/നിങ്ങളുടെ അനുമതി നൽകാത്ത കാർഡിന് നിങ്ങൾക്ക് ബിൽ ചെയ്താൽ ആ നിരക്കുകൾ ഞങ്ങൾ പിൻവലിക്കുമെന്നു മാത്രമല്ല പിൻവലിച്ച നിരക്കുകളുടെ ഇരട്ടി പിഴയായി നൽകുകയും ചെയ്യും.

എഫ്. നിങ്ങളുടെ സമ്മതത്തോടുകൂടി മാത്രമേ, നിങ്ങളുടെ കാർഡിന്മേൽ വായ്പ/ഋണ സൗകര്യം അനുവദിക്കുകയോ ഋണ പരിധി വർദ്ധിപ്പിക്കുകയോ ചെയ്യൂ. ഇടപാട് നിങ്ങൾ പ്രത്യേകം സാധുവാക്കുന്നതും, എംഐെറ്റിസി വായിക്കുകയും ഇത്തരം സമ്മതങ്ങളുടെ ഡിജിറ്റൽ രേഖകൾ സമ്മതത്തിന്റെ തെളിവായി വീണ്ടെടുക്കാൻ കഴിയുകയും ചെയ്യുന്ന ഇലക്ട്രോണിക് മാർഗങ്ങളിലൂടെ ലഭിക്കുന്ന സമ്മതത്തെയും സമ്മതമായി കണക്കാക്കും.

ജി. നിങ്ങൾ നാമനിർദ്ദേശം ചെയ്യുന്ന വ്യക്തി(കൾ)ക്ക് ഒരു കൂട്ടിച്ചേർക്കൽ കാർഡ്(കൾ) ഞങ്ങൾ നൽകിയേക്കും. നിങ്ങൾക്ക് നൽകിയിട്ടുള്ള കൂട്ടിച്ചേർക്കൽ കാർഡിന് (കാർഡുകൾക്ക്) നിങ്ങളുടെ അഭ്യർഥനപ്രകാരം വായ്പാ പരിധി (മൊത്തമുള്ള പരിധിക്കുള്ളിൽ) ഉറപ്പിക്കുകയും ചെയ്യും. ഇത്തരം അധിക കാർഡുകൾ കൈവശം വയ്ക്കുന്നവരുടെ എല്ലാ ഇടപാടുകൾക്കും നിങ്ങൾ ഉത്തരവാദിയായിരിക്കും.

എച്ച്. നിങ്ങളുടെ ക്രെഡിറ്റ് കാർഡിലെ പരിധി കുറയ്ക്കുന്നെങ്കിൽ ഞങ്ങൾ നിങ്ങളെ എസ്എംഎസ്/ ഇമെയിൽ വഴി ഉടനെതന്നെ കാരണസഹിതം അറിയിക്കുകയും തുടർന്ന് അത് ഉറപ്പാക്കാൻ കത്തെഴു തുകയും ചെയ്യും.

ഐ. റദ്ദാക്കാനുള്ള നിങ്ങളുടെ അപേക്ഷ ഞങ്ങൾ അനുസരിക്കുന്നു എന്ന് ഉറപ്പുവരുത്തുകയും നിങ്ങളുടെ ക്രെഡിറ്റ് കാർഡ് റദ്ദാക്കാൻ/നിർത്താൻ എഴുതി നൽകിയതോ ഞങ്ങളുമായി രജിസ്റ്റർ ചെയ്തിട്ടുള്ള ഇമെയിൽ ഐഡി വഴിയോ തുടർന്ന് അത് ഉറപ്പാക്കാൻ കത്തെഴുതിയോ അപേക്ഷിക്കുന്ന പക്ഷം അത് ലഭിച്ച് ഏഴ് പ്രവൃത്തിദിനങ്ങൾക്കുള്ളിൽ അക്കാര്യം ഉറപ്പാക്കുകയും ചെയ്യും. എന്നാൽ കുടിശ്ശികയായ തുക ഉള്ള പക്ഷം അത് തീർപ്പാക്കണം/അടയ്ക്കണം.

### 8.17.5.1 ക്രെഡിറ്റ് കാർഡ് കണക്കുവിവരങ്ങൾ

എ. നിങ്ങളുടെ ക്രെഡിറ്റ് കാർഡ് കണക്ക് നിയന്ത്രിക്കുന്നതിലും ക്രെഡിറ്റ് കാർഡ് ഉപയോഗിച്ചുള്ള വാങ്ങലുകൾ/ പണംപിൻവലിക്കൽ പരിശോധിക്കുന്നതിലും നിങ്ങളെ സഹായിക്കുവാൻ, മാസംതോറും തപാലിലൂടെയോ, നിങ്ങൾക്ക് താത്പര്യമുണ്ടെങ്കിൽ ഇന്റർനെറ്റ് വഴിയോ, ക്രെഡിറ്റ് കാർഡ് ഇടപാടുകളുടെ വിവരങ്ങൾ ലഭ്യമാക്കുവാനുള്ള സൗകര്യം ചെലവൊന്നും ഈടാക്കാതെ ഞങ്ങൾ നൽകുന്ന താണ്. ഓരോ മാസവും, നേരത്തേ തീരുമാനിച്ചിരിക്കുന്ന തീയതിയിൽ, നിങ്ങളുടെ തപാൽ മേൽവിലാസത്തിൽ ക്രെഡിറ്റ് കാർഡ് കണക്കു വിവരങ്ങൾ സൗജന്യമായി തപാലിൽ/കുറിയറിൽ അയച്ചുതരും. അല്ലെങ്കിൽ, നിങ്ങളങ്ങനെ ആഗ്രഹിക്കുന്ന പക്ഷം ഞങ്ങളുടെ അടുത്ത് രജിസ്റ്റർ ചെയ്ത വിലാസത്തിൽ ഇമെയിൽ ചെയ്തുതരും. ഇന്റർനെറ്റ് ബാങ്കിങ്ങിൽ കാണാൻകഴിയുന്ന വിധത്തിലും കണക്കു വിവരങ്ങൾ ലഭ്യമാക്കും.

ബി. ഈ വിവരം കിട്ടാതെയിരുന്നാൽ, നിങ്ങൾ ഞങ്ങളുമായി ബന്ധപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു. അതിൻപ്രകാരം സമയബന്ധിതമായി പണം നൽകാനും അല്ലാത്തവ ഉയർത്തിക്കാട്ടാനും നിങ്ങളെ പ്രാപ്തനാക്കും വിധം വിശദാംശങ്ങൾ നിങ്ങൾക്ക് വീണ്ടും അയച്ചുതരുവാനുള്ള ഏർപ്പാട് ചെയ്യാനാകും.

സി. ഫീസിന്റെയും നിരക്കിന്റെയും പട്ടികയിലുള്ള മാറ്റങ്ങളെക്കുറിച്ചും വ്യവസ്ഥകളെയും നിബന്ധന കളെയും കുറിച്ചും നിങ്ങളെ ഞങ്ങൾ അറിയാൻ അനുവദിക്കും/അറിയിക്കും. സാധാരണയായി, (പലിശ നിരക്കുകളും നിയന്ത്രണാവശ്യകതകളുടെ ഫലമായുണ്ടാകുന്നവയും ഒഴികെയുള്ള) നിരക്കുകൾ ചുരുങ്ങിയത് ഒരു മാസമെങ്കിലും മുന്നേ അറിയിപ്പു നൽകി, ഭാവിയിൽ പ്രാബല്യത്തിൽ വരത്തക്കവിധം ആയിരിക്കും നടപ്പിലാക്കുക. മാസംതോറുമുള്ള അക്കൗണ്ട് വിവരണത്തിനോ അതിന്റെ പകർപ്പിനോ ഒപ്പം ഈ മാറ്റങ്ങൾ അറിയിക്കുന്നതാണ്.

ഡി. ക്രെഡിറ്റ് കാർഡ് കൈവശമുള്ളയാളുടെ മുടക്കനില ക്രെഡിറ്റ് ഇൻഫർമേഷൻ കമ്പനിക്ക് അയച്ചു കൊടുക്കും മുൻപ് കാർഡ് കൈവശമുള്ളയാൾക്ക് ആവശ്യത്തിന് മുന്നറിയിപ്പ് പുറപ്പെടുവിക്കുന്നതുൾ പ്പെടെ ഞങ്ങൾ ബോർഡ് അംഗീകരിച്ച ഒരു നടപടിക്രമത്തിനനുസൃതമായി പ്രവർത്തിക്കും.

### 8.18 മൂന്നാംകക്ഷി ഉത്പന്നങ്ങൾ

ഞങ്ങളെ ചുമതലപ്പെടുത്തിയിട്ടുള്ള പക്ഷം, മ്യൂച്വൽ ഫണ്ടുകൾ, ഇൻഷുറൻസ് തുടങ്ങിയ മൂന്നാംകക്ഷി ഉത്പന്ന ങ്ങളുടെ വിൽപ്പന ഞങ്ങൾ ഏറ്റെടുക്കും. മൂന്നാംകക്ഷി സാമ്പത്തിക ഉത്പന്നങ്ങളുടെ ക്രയവിക്രയത്തിനും വിതരണ ത്തിനും ഞങ്ങൾക്ക് ബോർഡ് അംഗീകരിച്ച ഒരു നയം ഉണ്ടാകും.

എ. ഏതെങ്കിലും നിക്ഷേപ/ആസ്തി കൈകാര്യം ചെയ്യുന്ന കമ്പനിയുടെയോ, ഇൻഷുറൻസ് കമ്പനിയുടെയോ ഏജന്റു മാർ എന്ന നിലയിൽ മ്യൂച്വൽ ഫണ്ടുകൾ, ഇൻഷുറൻസ് ഉത്പന്നങ്ങൾ എന്നിവ ഉൾപ്പെടെയുള്ള ഏതെങ്കിലും വിധ ത്തിലുള്ള നിക്ഷേപ ഉത്പന്നങ്ങൾ ഞങ്ങൾ വാഗ്ദാനം ചെയ്യുന്ന പക്ഷം അക്കാര്യം നിങ്ങളെ അറിയിക്കും.

ബി. ഞങ്ങൾ വിൽക്കുന്ന എല്ലാ നിക്ഷേപ, ഇൻഷുറൻസ് ഉത്പന്നങ്ങളും നിലവിലുള്ള ചട്ടങ്ങൾക്കും നിയന്ത്രണ ങ്ങൾക്കും അനുസരിച്ചുള്ളതാണെന്ന് ഞങ്ങൾ ഉറപ്പുവരുത്തും.

സി. ഞങ്ങളിൽ നിന്ന് ഒരു ബാങ്കിങ് സേവനമോ ഉത്പന്നമോ നിങ്ങൾ ഉപയോഗിക്കുന്ന പക്ഷം അതുമായി ബന്ധപ്പെടുത്തി ഏതെങ്കിലും മൂന്നാം കക്ഷി ഉത്പന്നത്തെ വാങ്ങണമെന്നോ അതിന്റെ വരിക്കാരനാകണമെന്നോ നിങ്ങളെ ഞങ്ങൾ നിർബന്ധിക്കുകയില്ല.

ഡി. ഞങ്ങളിൽ നിന്ന് എടുത്തിട്ടുള്ള വായ്പകൾക്കായി ലഭ്യമാക്കിയിട്ടുള്ള ജാമ്യങ്ങളുടെ കാര്യത്തിൽ ഏതെങ്കിലും പ്രത്യേക ദാതാവിൽ നിന്ന്/അതേ സംഘടനയിൽ നിന്ന് ഇൻഷുറൻസ് പരിരക്ഷ നേടണമെന്ന് ഞങ്ങൾ നിർബന്ധിക്കി ല്ല. ഞങ്ങൾ വാഗ്ദാനം ചെയ്തിരിക്കുന്ന പക്ഷം അങ്ങനെയുള്ള ഇൻഷുറൻസ് ഉത്പന്നങ്ങൾ കരസ്ഥമാക്കുക എന്നത് പൂർണമായും സ്വേച്ഛാനുസരണമായിരിക്കും. നിങ്ങൾക്ക് ഇഷ്ടമുള്ള സേവനദാതാവിൽ നിന്നും ഇൻഷുറൻസ് പരി രക്ഷ സ്വീകരിക്കുവാനുള്ള സ്വാതന്ത്ര്യം നിങ്ങൾക്കുണ്ടായിരിക്കും.

ഇ. നിങ്ങൾ ഇത്തരം വിവരങ്ങൾ വേണ്ടെന്ന് തിരഞ്ഞെടുക്കാത്ത പക്ഷം, കൃത്യമായ ഇടവേളകളിലുള്ള പരസ്യം/മുന്ന റിയിപ്പ് ഫലകം/വെബ്സൈറ്റിൽ വിവരം നൽകൽ/ലഘുലേഖ വിതരണം ചെയ്യൽ മുതലായവയിലൂടെ ഞങ്ങളുടെ ശാഖകളിൽ വിൽക്കപ്പെടുന്ന ഉത്പന്നങ്ങളുടെ പ്രയോജനത്തെക്കുറിച്ച് നിങ്ങളിൽ അറിവുണ്ടാക്കും.

എഫ്. ഞങ്ങളുടെ ശാഖകളിൽ വിൽക്കുന്ന എല്ലാ നിക്ഷേപ, ഇൻഷുറൻസ് ഉത്പന്നങ്ങളെയും കുറിച്ച് ആ ഉത്പന്ന ങ്ങൾ വിൽക്കാൻ വേണ്ട യോഗ്യത നേടിയ ജീവനക്കാർ നിങ്ങളോട് വിശദീകരിച്ചുതന്നു എന്ന് ഞങ്ങൾ ഉറപ്പാക്കും.

ജി. നിക്ഷേപ/ഇൻഷുറൻസ് ഉത്പന്നങ്ങൾ നിങ്ങൾക്ക് വിൽക്കുന്നതിന് മുന്നേ ഇടപാടുകാരനു വേണ്ട അനുയോജ്യ മായ അവധാനതാമാനദണ്ഡങ്ങൾ നടപ്പാക്കും.

എച്ച്. യോഗ്യവും അനുയോജ്യവുമാണെന്ന് ഞങ്ങൾക്ക് വിശ്വാസമുണ്ടെങ്കിലേ ഞങ്ങൾ ഒരു ഉത്പന്നം നിങ്ങൾക്ക് വിൽക്കുകയുള്ളൂ.

ഐ. ഉത്പനന്നത്തിന്റെ വരിക്കാരനാകാൻ/ഉപയോഗിക്കാൻ നിങ്ങൾ അനുമതി നൽകിയതിതു ശേഷം മാത്രമേ നിങ്ങൾക്കു നൽകുന്ന ഒരു ഉത്പന്നത്തിന് ആവശ്യമായ അപേക്ഷയും രേഖകളും ഞങ്ങൾ കരസ്ഥമാക്കുകയുള്ളൂ. എഴുതിത്തയാറാക്കിയ അല്ലെങ്കിൽ ആധികാരികമായ ഇലക്ട്രോണിക് മാർഗ്ഗങ്ങളിലൂടെ ആവശ്യമായ സാധൂകരണത്തിനു ശേഷമാകണം അനുമതി.

ജെ. നിങ്ങൾക്ക് നൽകുന്ന ഉത്പന്നത്തിന്റെ വിശദമായ വ്യവസ്ഥകളും നിബന്ധനകളും ഞങ്ങൾ നൽകും.

കെ. വ്യത്യസ്ത ഉത്പന്നങ്ങൾ വിൽക്കുന്നതുമായി ബന്ധപ്പെട്ട സേവനത്തിനുള്ള നിരക്കുകൾ പ്രദർശിപ്പിച്ചിട്ടുള്ളതായും നിങ്ങൾക്ക് ലഭ്യമാക്കിയതായും ഞങ്ങൾ ഉറപ്പുവരുത്തും.

എൽ. എല്ലാ ഔപചാരികതകളും (മെഡിക്കൽ പരിശോധന ഉൾപ്പെടെ) പൂർത്തിയായി 30 ദിവസത്തിനകം പദ്ധതി പ്രകാരമുള്ള വിവരണം/പോളിസി രേഖകൾ നിങ്ങൾക്ക് ലഭ്യമാക്കി എന്ന് ഞങ്ങൾ ഉറപ്പു വരുത്തും.

എം. എസ്ഐപി ഓർമിപ്പിക്കൽ, ഏറ്റവും പുതിയ എൻഎവി, കാലാവധി പൂർത്തിയാകുന്ന തീയതി, തവണ അടയ്ക്കേണ്ട തീയതി മുതലായ 'വിൽപനാനന്തര സേവനങ്ങൾ' സാധ്യമായതിന്റെ പരമാവധി ലഭ്യമാക്കാൻ ഞങ്ങൾ ഒരുക്കങ്ങൾ ചെയ്യും.

എൻ. നിങ്ങൾ പ്രയോജനപ്പെടുത്തിയ പദ്ധതിയുടെ/ഉത്പന്നങ്ങളുടെ പ്രകടനത്തെക്കുറിച്ചുള്ള വിവരം കാലക്രമമായ ഇടവേളകളിൽ ലഭ്യമാക്കുവാൻ വേണ്ട ക്രമീകരണം ഞങ്ങൾ ചെയ്യും.

ഒ. മ്യൂചൽ ഫണ്ട്/ഇൻഷുറൻസ്/മറ്റു ധനകാര്യ സ്ഥാപനങ്ങൾ എന്നിവയിൽ നിന്ന് തങ്ങളുടെ ഉത്പന്നങ്ങൾ വിപണനം ചെയ്യുവാൻ സ്വീകരിച്ച എല്ലാ പ്രതിഫലങ്ങളെയും മറ്റ് ഫീസുകളെയും (അങ്ങനെ ഉള്ള പക്ഷം) കുറിച്ചുള്ള വിശദാംശങ്ങൾ ഞങ്ങൾ വെളിപ്പെടുത്തും.

### 8.19 ഋണോപദേശ സൗകര്യം

ഋണോപദേശ സൗകര്യം ലഭ്യമാക്കുവാൻ ഞങ്ങൾ പരിശ്രമിക്കും. ഇത്തരം സൗകര്യം എവിടെയാണോ ലഭ്യമാകുക, അത് ഒരു പ്രത്യേക കേന്ദ്രത്തിലെ ഞങ്ങളുടെ ശാഖകളിൽ, ഏതെങ്കിലും ബാങ്ക് ആ കേന്ദ്രത്തിൽ രൂപീകരിച്ചിട്ടുള്ള ഉപദേശകേന്ദ്രങ്ങളുടെ മേൽവിലാസം, സമയം മുതലായവ നിങ്ങൾക്ക് ഉപയോഗിക്കുവാനായി ഞങ്ങൾ പ്രദർശിപ്പിക്കും.

### 8.20 രേഖകൾ ലഭ്യമാക്കൽ

നിങ്ങളുടെ ഇടപാടുകളെക്കുറിച്ചുള്ള വിവരങ്ങൾ, അപേക്ഷിക്കുന്ന പക്ഷം, ഞങ്ങൾ വിലയ്ക്ക് ലഭ്യമാ ക്കുന്നതാണ്. ഞങ്ങൾ അത്തരം വിവരങ്ങൾ സംരക്ഷിച്ചു വയ്ക്കാറുള്ള നിർദ്ദിഷ്ട കാലാവധിക്കുള്ളിലായിരിക്കണം അത്.

## *9. ശാഖ പൂട്ടൽ/മാറ്റൽ*

എ. ഞങ്ങളുടെ ശാഖ പൂട്ടുവാൻ പദ്ധതിയിടുകയാണെങ്കിലോ ശാഖ മറ്റൊരു സ്ഥലത്തേയ്ക്ക് മാറ്റുന്നെ ങ്കിലോ നിങ്ങൾക്ക് ബാങ്കിങ് സേവനങ്ങൾ തുടർന്നും നൽകാൻ കഴിയില്ലെങ്കിലോ താഴെപ്പറയുന്ന കാര്യങ്ങൾ ഞങ്ങൾ നിങ്ങൾക്ക് നൽകും:

i. നിങ്ങളുടെ സ്ഥലത്ത് ഏതെങ്കിലും ബാങ്കിന്റെ മറ്റൊരു ശാഖയും പ്രവർത്തിക്കുന്നില്ല എങ്കിൽ, രണ്ട് മാസത്തെ മുന്നറിയിപ്പ്.;
ii. മറ്റെല്ലാ കാര്യങ്ങളിലും ഒരുമാസത്തെ നോട്ടീസ്.

ബി. ശാഖ മാറ്റുകയാണെങ്കിൽ ശാഖയുടെ പുതിയ സ്ഥാനത്തെ മുഴുവൻ മേൽവിലാസവും നിങ്ങളെ അറിയിക്കും.

സി. ബാങ്കിന്റെ പ്രവർത്തന സമയത്തിൽ എന്തെങ്കിലും മാറ്റമുള്ള പക്ഷം അത് നിങ്ങളെ അറിയിക്കും.

## 10. സാമ്പത്തിക പങ്കാളിത്തം

എ. ആർബിഐ കാലാകാലം പുറപ്പെടുവിക്കുന്ന നിങ്ങളുടെ ഇടപാടുകാരനെ അറിയുക (കെവൈസി)/നോട്ടടവെയ്പ്പിന് എതിര് (എഎംഎൽ) തുടങ്ങിയ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട്, ഏതെങ്കിലും വിധത്തിലുള്ള ഏറ്റവും കുറഞ്ഞ നീക്കിയിരിപ്പ് ആവശ്യമില്ലാതെ തന്നെ ഞങ്ങൾ 'അടിസ്ഥാന സേവിങ്സ് ബാങ്ക് നിക്ഷേപ അക്കൗണ്ട്' (ബിഎസ്ബിഡി അക്കൗണ്ട്) ലഭ്യമാക്കും. എറ്റിഎം കാർഡ് അല്ലെങ്കിൽ എറ്റിഎം കം ഡെബിറ്റ് കാർഡ് സൗകര്യം പോലുള്ള ഏറ്റവും ചുരുങ്ങിയ സൗകര്യങ്ങൾ കൂടി ഞങ്ങൾ നൽകും/ലഭ്യമാക്കും. ഇവയെക്കുറിച്ച് നിങ്ങളെ അറിയിക്കും. അക്കൗണ്ട് ആരംഭിക്കുന്ന സമയത്ത് ആവശ്യമായ വിശദാംശങ്ങളെക്കുറിച്ച് സുതാര്യമായ രീതിയിൽ നിങ്ങളെ അറിയിക്കും.

ബി. ലളിതമാക്കിയ കെ.വൈ.സി. നിയമങ്ങളുടെ അടിസ്ഥാനത്തിൽ ഇത്തരം അക്കൗണ്ടുകൾ തുറക്കുന്നതിനുള്ള സൗകര്യവും ഞങ്ങൾ ലഭ്യമാക്കും. എന്നിരിക്കിലും, ഇത്തരം അക്കൗണ്ടുകളെ 'ചെറിയ അക്കൗണ്ടുകൾ' എന്ന നിലയിൽ വിശേഷാൽ സേവിക്കുകയും മനസ്സിലാക്കാൻ എളുപ്പമുള്ള രീതിയിലും പ്രാദേശിക ഭാഷയിലും നിങ്ങളെ അറിയിക്കുന്ന നിയന്ത്രണങ്ങൾക്ക് വിധേയവുമായിരിക്കും.

സി. 'അടിസ്ഥാന സേവിങ്സ് ബാങ്ക് നിക്ഷേപ അക്കൗണ്ട്' തുറക്കുന്നതിന് അവശ്യം വേണ്ടവയെപ്പറ്റിയും ലളിതമാക്കിയ കെ.വൈ.സി. നിയമങ്ങളുടെ അടിസ്ഥാനത്തിൽ 'ചെറിയ അക്കൗണ്ടുകൾ' തുറക്കുന്നതിനാവശ്യമായ രേഖകളെയും കുറിച്ച് ദ്വിഭാഷയിൽ/ത്രിഭാഷയിൽ ഞങ്ങളുടെ എല്ലാ ശാഖകളിലും പ്രാധാന്യത്തോടെ പ്രദർശിപ്പിക്കും.

ഡി. ഞങ്ങളുടെ ജീവനക്കാരിൽ, വിശിഷ്യാ മുൻനിര ജീവനക്കാരിൽ, ഇവയെക്കുറിച്ച് അവബോധമുണ്ടാക്കാനായി പരിശീലനം ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കും.

ഇ. ഒരു മാസത്തിൽ നിർദ്ദിഷ്ട എണ്ണം പണം പിൻവലിക്കലോടുകൂടിയ അക്കൗണ്ടുകൾ, പൊതുവായ ക്രെഡിറ്റ് കാർഡ്, ഇലക്ട്രോണിക് സൗകര്യമുപയോഗിച്ച് കേന്ദ്ര സംസ്ഥാന സർക്കാരുകളിൽ നിന്നും ആനുകൂല്യങ്ങൾ കൈമാറൽ പോലുള്ള അടിസ്ഥാന ബാങ്കിങ് സൗകര്യങ്ങൾ സൗജന്യമായി ഞങ്ങൾ ലഭ്യമാക്കും.

എഫ്. നിങ്ങൾ ആവശ്യപ്പെടുന്ന പക്ഷം, സൗജന്യമായോ സൗജന്യ നിരക്കിലോ, മൂല്യവർദ്ധിത സേവനങ്ങൾ നൽകും. ഇക്കാര്യം നിങ്ങൾക്കറിയാവുന്നതും മനസ്സിലാക്കാവുന്നതുമായ ഭാഷയിൽ മുൻവശത്തുതന്നെ വിളംബരം ചെയ്യും.

ജി. സേവനങ്ങൾക്കോ ഇടപാടുകൾക്കോ നിരക്കുകൾക്കോ എന്തെങ്കിലും മാറ്റം വരുത്തിയിട്ടുള്ളപക്ഷം, ഇവ പ്രാബല്യ ത്തിൽ വരുന്നതിന് ചുരുങ്ങിയത് ഒരുമാസത്തിനു മുന്നേ നിങ്ങളെ അറിയിക്കും.

എച്ച്. മാറ്റങ്ങൾ ഉണ്ടെങ്കിൽ ശാഖയിലെ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കൽ, വ്യാപാര എഴുത്തുകുത്തുകൾ നട ത്തുന്നയാൾ മുഖാന്തരം, കത്തുമുഖേന എന്നിവയിൽ നിങ്ങൾക്ക് യോജിച്ച മാർഗങ്ങളിലൂടെ നിങ്ങളെ അറിയിക്കും.

ഐ. തുകയെയും ഇടപാടുകളുടെയും എണ്ണത്തെയും നീക്കുബാക്കി അന്വേഷണം മുതലായവയെയും അടിസ്ഥാനപ്പെ ടുത്തി ഒരു ബാങ്ക് അക്കൗണ്ട് തുറക്കാനും, പണം നിക്ഷേപിക്കാനും പിൻവലിക്കാനും, അതുപോലെ ഒരു സ്ഥലത്തു നിന്നും മറ്റൊരു സ്ഥലത്തേക്ക് പണം കൈമാറുന്നത് സൗകര്യപ്പെടുത്തുന്നതിനുമായി ഭാരതീയ റിസർവ് ബാങ്ക് മാർഗ നിർദ്ദേശങ്ങൾക്കനുസരിച്ചും (അങ്ങനെ ഉള്ള പക്ഷം) റോഡ് മാപ്പുകൾ യോജിക്കുകയും ചെയ്യുകയാണെങ്കിൽ, ഞങ്ങൾക്ക് ശാഖയില്ലാത്തിടത്ത് ഞങ്ങൾ ഒരു വ്യാപാര എഴുത്തുകുത്തുകൾ നടത്തുന്നയാളുടെ (ബിസി)/വ്യാപാ രസൗകര്യമൊരുക്കുന്നയാളുടെ (ബിഎഫ്) സേവനം തേടും.

ജെ. മൊബൈൽ ബാങ്കിങ് സൗകര്യങ്ങളും ലഭ്യമാക്കുവാൻ ഞങ്ങൾ പരിശ്രമിക്കും.

കെ. മൊബൈൽ ഫോണുകൾ, ഇസിഎസ്, എൻഇഎഫ്റ്റി തുടങ്ങിയ ഇലക്ട്രോണിക് സംവിധാനങ്ങൾ എന്നിവയും ലഭ്യമാക്കുവാൻ ഞങ്ങൾ പരിശ്രമിക്കും.

എൽ. ബിസി/ബിഎഫ് ന്റെ എല്ലാവിധ ചെയ്തികളുടെയും വീഴ്ചകളുടെയും ഉത്തരവാദിത്തം ഞങ്ങൾ ക്കായിരിക്കും. അവർക്കെതിരെ ഉന്നയിക്കപ്പെട്ടിട്ടുള്ള ഏത് പരാതിയും അന്വേഷിക്കുന്നതായിരിക്കും.

എം. ആവശ്യം വരുന്ന പക്ഷം, വായ്പാ സൗകര്യത്തിനായി അപേക്ഷിക്കുന്ന സമയത്ത് നിങ്ങളെ ബോധ്യപ്പെടുത്തുന്ന വ്യവസ്ഥകൾക്കും ഉപാധികൾക്കും വിധേയമായി താങ്ങാവുന്ന ചെലവിൽ ഒരു വായ്പാ സൗകര്യം ഞങ്ങൾ വാഗ്ദാനം ചെയ്യും.

എൻ. നിങ്ങളുടെ വായ്പാ അപേക്ഷ കൈകാര്യം ചെയ്യുന്നതിനാവശ്യമായ ഏറ്റവും ചുരുങ്ങിയ വിവരങ്ങൾ, ഇത്തരം വായ്പകൾക്ക് ബാധകമായ ഏറ്റവും പ്രധാനപ്പെട്ട വ്യവസ്ഥകളും ഉടമ്പടികളും, ബാങ്കിന്മേൽ ചുമത്തിയേക്കാവുന്ന കട പ്പത്രം, പലിശ ഈടാക്കുന്ന രീതിയും തവണകളും, തിരിച്ചടവ് നടപടിക്രമം എന്നിവയുൾപ്പെടെ ലഭ്യമായ വിവിധ വായ്പാപദ്ധതികളെക്കുറിച്ച് ഞങ്ങൾ വിശദീകരിച്ചുതരും.

ഒ. ഒരുലക്ഷം രൂപ വരെയുള്ള വായ്പാ പരിധികൾക്ക് (ഉയർന്ന അധികജാമ്യരഹിത പരിധിയായ 10 ലക്ഷം രൂപ ബാധ കമായ എംഎസ്ഇ ഇടപാടുകാർക്കുള്ള വായ്പകൾ ഒഴികെ) ഞങ്ങൾ അധികജാമ്യത്തിന് നിർബന്ധിക്കില്ല.

പി. നിങ്ങളെടുത്ത വായ്പാ സൗകര്യവുമായി ബന്ധപ്പെട്ട് എന്തെങ്കിലും സാമ്പത്തിക പ്രയാസം നിങ്ങൾ നേരിടുന്ന പക്ഷം അത്തരം വിഷയങ്ങൾ ഞങ്ങൾ അനുകമ്പാപൂർവവും അനുകൂലവുമായി പരിഗണിക്കും.

ക്യൂ. മുകളിൽ സൂചിപ്പിച്ച പോലെ എന്തെങ്കിലും സാമ്പത്തിക പ്രയാസം നിങ്ങൾ നേരിടുന്നപക്ഷം, നിങ്ങളെ ആ ബുദ്ധിമുട്ടുകൾ മറികടക്കാൻ സഹായിക്കുന്നതിനായി അക്കാര്യം നിങ്ങൾ ഞങ്ങളെ അറിയിക്കണം.

ആർ. ആശാസ്യമാകുന്ന പക്ഷം, രണ്ടുകൂട്ടരുടെയും താത്പര്യങ്ങൾക്ക് അനുയോജ്യമായ ഒരു വീണ്ടെടുക്കൽ പാക്കേജിന് രൂപം നൽകി നിങ്ങളുടെ ബുദ്ധിമുട്ടുകൾ മറികടക്കാൻ നിങ്ങളെ സഹായിക്കാൻ ഞങ്ങൾ ശ്രമിക്കും.

എസ്. സാധാരണ ശാഖാ ബാങ്കിങ്ങിലോ വാർത്താവിനിമയത്തിന്റെയും സാങ്കേതികവിദ്യയുടെയും (ഐസിറ്റി) അടിസ്ഥാനത്തിലുള്ള ഉപകരണങ്ങൾ ഉപയോഗിക്കുന്ന ഇതര ചാനലുകളിലോ ഉള്ള ബാങ്ക് അക്കൗണ്ടുകൾ എങ്ങനെ പ്രവർത്തിപ്പിക്കണമെന്ന് അക്കൗണ്ടുള്ളവരെ പഠിപ്പിക്കുകയും വഴികാട്ടുകയും ചെയ്യും.

റ്റി. ഇടപാടുകാരെ പഠിപ്പിക്കാനായി സാമ്പത്തിക സാക്ഷരതാ പ്രവർത്തനങ്ങൾ ഞങ്ങൾ തുടങ്ങും.

യു. സാമ്പത്തിക പങ്കാളിത്തത്തെ പ്രോത്സാഹിപ്പിക്കുക എന്ന കാര്യത്തിനായി പട്ടണങ്ങളിലും ഗ്രാമങ്ങളിലും ലക്ഷ്യമിട്ട വിഭാഗങ്ങളുടെ പങ്കാളിത്തത്തോടെ ക്യാമ്പുകൾ, സ്റ്റാളുകൾ, ടൗൺ ഹാൾ പരിപാടികൾ എന്നിവ ഞങ്ങൾ സംഘടിപ്പിക്കും.

വി. പൊതുവെയും, പ്രത്യേകിച്ചു ബാങ്കുകളിലുമായി, രാജ്യത്ത് നടക്കുന്ന സാമ്പത്തിക പങ്കാളിത്തത്തിനായുള്ള പരിശ്രമങ്ങളെക്കുറിച്ച് ഞങ്ങളുടെ എല്ലാ വിഭാഗം ജീവനക്കാരെയും പഠിപ്പിക്കാൻ ബാങ്കിൽ ഒരു സംവിധാനം കൊണ്ടുവരും.

ഡബ്ല്യു. ബാങ്കിന്റെ പ്രവർത്തനങ്ങളുടെ അവസാനതല നടപ്പാക്കൽ ഉറപ്പുവരുത്താനായി സാമ്പത്തിക പങ്കാളിത്ത സംരംഭങ്ങൾ നടപ്പാക്കി വരുന്ന ബാങ്കില്ലാത്ത മേഖലകളിൽ ബാങ്ക് ഉദ്യോഗസ്ഥരുടെ ക്രമമായ/തുടർന്നുവരുന്ന സന്ദർശന സംവിധാനം ഞങ്ങൾ യഥാസ്ഥാനത്തു കൊണ്ടുവരും.

എക്സ്. നിങ്ങൾക്ക് പരാതികൾ ഉണ്ടെങ്കിൽ യഥാവിധി കേൾക്കുവാനും അവയെ എത്രയും പെട്ടെന്ന് പരിഹരിക്കാനും ഞങ്ങൾ പരിശ്രമിക്കും.

വൈ. ബാങ്കിന്റെ ബിസിയെ/ബിഎഫിനെ കുറിച്ച് നിങ്ങൾക്ക് എന്തെങ്കിലും ആവലാതി ഉണ്ടെങ്കിലും അത് പരിഹരിക്കപ്പെട്ടില്ലെങ്കിലും ബാങ്ക് നിങ്ങൾക്ക് തൃപ്തിയാകുന്ന വിധത്തിൽ പരിഹരിച്ചില്ലെങ്കിലും പരാതികൾ എങ്ങനെ സമർപ്പിക്കണമെന്നും പരാതികൾ പരിഹരിക്കാൻ ബാങ്കിലുള്ള സംവിധാനമെന്തെന്നും, അതുപോലെ ബാങ്കിങ് ഓംബുഡ്സ്മാൻ പദ്ധതിയെക്കുറിച്ചും, ഞങ്ങൾ പറഞ്ഞുതരും.

സെഡ്. സാമ്പത്തിക പങ്കാളിത്ത പദ്ധതിക്ക് ഞങ്ങൾ വ്യാപകമായ പ്രചാരം നൽകുകയും ഇടപാടുകാർക്ക് വിവിധ ഉത്പന്നങ്ങളെയും സേവനങ്ങളെയും കുറിച്ച് അറിവുണ്ടാക്കുകയും ചെയ്യും.

## 11. മുതിർന്ന പൗരന്മാരും ഭിന്നശേഷിയുള്ളവരും

എ. **മുതിർന്ന പൗരന്മാർ**, ഭിന്നശേഷിയുള്ളവർ, അഭ്യസ്തവിദ്യരല്ലാത്തവർ എന്നിവരെപ്പോലുള്ള ഞങ്ങളുടെ വിശിഷ്ട ഇടപാടുകാർക്ക് ഞങ്ങളുമായി ഇടപാടുകൾ നടത്തുന്നത് എളുപ്പവും സൗകര്യപ്രദവുമാക്കാൻ അങ്ങേയറ്റം ഞങ്ങൾ പരിശ്രമിക്കും. ഇത്തരം അപേക്ഷകർക്കും ഇടപാടുകാർക്കും സൗകര്യപ്രദമായ പോളിസികൾ, ഉത്പന്നങ്ങൾ, സേവനങ്ങൾ എന്നിവ നിർമിക്കുന്നത് ഉൾപ്പെടെയാണിത്.

ബി. നിങ്ങൾക്ക് ബാങ്കിങ് സേവനങ്ങളിലേക്ക് പ്രവേശം മെച്ചപ്പെടുത്തുവാനുള്ള സംവിധാനങ്ങളും നടപടികളും വികസിപ്പിക്കുവാൻ ഞങ്ങൾ പരിശ്രമിക്കും.

സി. ഞങ്ങളുടെ ശാഖകളിലും എറ്റിഎമ്മുകളിലും നിങ്ങൾക്ക് ശാരീരികമായ പ്രവേശം സൗകര്യപ്രദമാക്കാൻ ഞങ്ങൾ പരിശ്രമിക്കും.

ഡി. നിങ്ങളുടെ ബാങ്കിങ് ഇടപാടുകൾ നടത്താൻ വേണ്ട സഹായം ചെയ്യുന്നതിന് നിങ്ങളുമായി ഇടപെടാനായി ഞങ്ങളുടെ ജീവനക്കാരെ സംവേദകത്വമുള്ളവരാക്കും.

ഇ. ഈ നിയമാവലിയിൽ നടത്തിയിട്ടുള്ള മറ്റെല്ലാ ചുമതലപ്പെടുത്തലുകൾക്കും പുറമെ:

i. നിങ്ങൾക്ക് ഞങ്ങൾ വേണ്ട മുൻഗണന നൽകും. ബാങ്കിങ് ഇടപാടുകൾക്കും പരാതികൾ പരിഹരിക്കുന്നതിനും വ്യക്തിപരമായ സേവനങ്ങൾ നിങ്ങൾക്ക് ലഭ്യമാക്കുവാൻ വേണ്ടി ഞങ്ങൾ പരിശ്രമിക്കും.

ii. ബാങ്കിങ് ഹാളിൽ ഇരിപ്പിടത്തിനുള്ള ഏർപ്പാട് ഒരുക്കുന്നതിന് വേണ്ടി ഞങ്ങൾ പരിശ്രമിക്കും.

iii. ഒരു ഏകജാലക സംവിധാനത്തിലൂടെ നിങ്ങൾക്കാവശ്യമായ സേവനങ്ങൾ ലഭ്യമാക്കുന്നതിനു വേണ്ടി ഞങ്ങൾ പരിശ്രമിക്കും.

iv. ചുമതലപ്പെടുത്തിക്കൊണ്ടുള്ള കത്തും പാസ്ബുക്കും ഹാജരാക്കുന്ന പക്ഷം, നിങ്ങൾ ചുമതലപ്പെടുത്തിയ വ്യക്തിക്ക്, നിങ്ങൾ നിശ്ചയിച്ച പരിധി വരെ, നിങ്ങളുടെ നിക്ഷേപങ്ങൾ പിൻവലിക്കാൻ ഞങ്ങൾ അനുവദിക്കും.

v. അനാരോഗ്യം, ശാഖയിൽ നേരിട്ടു വരാനുള്ള കഴിവില്ലായ്മ തുടങ്ങിയ പ്രത്യേക സാഹചര്യങ്ങളിൽ 'വാതിൽപ്പടി' ബാങ്കിങ് ലഭ്യമാക്കുവാൻ (ഡിമാൻഡ് ഡ്രാഫ്റ്റുകൾ/എഴുതി നൽകുന്ന അപേക്ഷ എന്നിവയ്ക്ക് പകരമായി പണം എടുക്കൽ/അക്കൗണ്ടിലേക്ക് വായ്പയ്ക്കുള്ള പ്രമാണം അല്ലെങ്കിൽ പണം നൽകൽ/ചെക്ക് നൽകുന്നതിന്) ഞങ്ങൾ പരിശ്രമിക്കും.

vi. നിങ്ങളുടെ അക്കൗണ്ടിൽ ഉൾക്കൊള്ളിച്ചിട്ടുള്ള പെൻഷന്റെ വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന ഒരു പെൻഷൻ സ്ലിപ്പ് നിങ്ങൾക്ക് (പെൻഷൻകാർക്ക്) ഞങ്ങൾ നൽകും.

vii. പ്രത്യേക സാഹചര്യങ്ങളിൽ പെൻഷൻ വീട്ടിൽ കൊണ്ടുതരുന്നത് ഏർപ്പാടാക്കാൻ പരിശ്രമിക്കും.

viii. നിങ്ങൾ (പെൻഷൻകാർ) സമർപ്പിക്കേണ്ട ലൈഫ് സർട്ടിഫിക്കറ്റ് ഞങ്ങളുടെ ഏതു ബാങ്ക് ശാഖയിലും സ്വീകരിക്കും.

ix. ഓട്ടിസം, സെറിബ്രൽ പാൾസി, മാനസിക തകരാറ്, ഒന്നിലധികം വൈകല്യങ്ങൾ എന്നിവ ഉള്ള അശക്തരായ വ്യക്തികൾക്ക് നാഷണൽ ട്രസ്റ്റ് ആക്റ്റ്, 1999 പ്രകാരം ഒരു നിയമപരമായ രക്ഷാകർത്താവിനെ എങ്ങനെ നിയമിക്കാമെന്ന് അശക്തരായ വ്യക്തികളുടെ ബന്ധുക്കൾക്ക്/രക്ഷിതാക്കൾക്ക് ഞങ്ങൾ വഴികാട്ടും.

x. ചെക്ക് ബുക്ക് സൗകര്യം, എറ്റിഎം സൗകര്യം, നെറ്റ് ബാങ്കിങ് സൗകര്യം, ലോക്കർ സൗകര്യം, ചില്ലറ വായ്പകൾ, ക്രെഡിറ്റ് കാർഡുകൾ മുതലായ ബാങ്കിങ് സൗകര്യങ്ങൾ വിവേചനരഹിതമായി, മാറ്റമൊന്നുംകൂടാതെ കാഴ്ചയ്ക്ക് ബുദ്ധിമുട്ടുള്ളവർക്ക് ലഭ്യമാക്കുന്നത് ഞങ്ങൾ ഉറപ്പുവരുത്തും.

xi. വിവിധ ബാങ്കിങ് സൗകര്യങ്ങൾ ഉപയോഗിക്കാൻ കാഴ്ചയ്ക്ക് ബുദ്ധിമുട്ടുള്ളവർക്ക് സാധ്യമായ എല്ലാ സൗകര്യങ്ങളും ചെയ്തുകൊടുക്കും.

xii. നിങ്ങൾക്ക് നിങ്ങളുടെ ഉത്കണ്ഠകൾ പ്രകടിപ്പിക്കുവാനും കൂട്ടായ അനുഭവസമ്പത്തിൽ നിന്നും നേട്ടങ്ങളുണ്ടാക്കാനുമായി ക്രമമായ യോഗങ്ങൾ സംഘടിപ്പിക്കാൻ ഞങ്ങൾ പരിശ്രമിക്കും.

## 12. നിങ്ങളുടെ അക്കൗണ്ടുകളെ സംരക്ഷിക്കൽ

### 12.1 സുരക്ഷിതവും വിശ്വസനീയവും ആയ ബാങ്കിങ്, പണം കൊടുക്കൽ സംവിധാനങ്ങൾ

എ. നിങ്ങൾക്കു വിശ്വസിക്കാവുന്ന സുരക്ഷിതവും വിശ്വസനീയവും ആയ ബാങ്കിങ്, പണം കൊടുക്കൽ സംവിധാനങ്ങൾ നിങ്ങൾ ആസ്വദിക്കുന്നു എന്ന് ഉറപ്പാക്കാൻ ഞങ്ങൾ പരമാവധി പരിശ്രമിക്കും.

ബി. സുരക്ഷിതത്വ സംവിധാനങ്ങളുടെ ഭാഗമായി അടുത്ത ജാഗ്രത പുലർത്തുന്നതിന് സാധ്യമായയിടങ്ങളിലെല്ലാം ഞങ്ങൾ സിസിടിവി സ്ഥാപിക്കുന്നതാണ്.

### 12.2 മാറ്റങ്ങൾ അപ്പപ്പോൾ ഞങ്ങളെ അറിയിക്കൽ

എ. ആവശ്യമായ മുന്നറിയിപ്പുകൾ നിങ്ങൾക്കയക്കുവാൻ, നിങ്ങളുടെ ഇപ്പോഴത്തെ മേൽവിലാസം, ഫോൺനമ്പർ, മൊബൈൽ ഫോൺ നമ്പർ എന്നിവയും ഇമെയിൽ ഐഡിയും ഞങ്ങളുടെ കൈവശമുണ്ടെന്ന് ഉറപ്പാക്കുക.

ബി. ആവശ്യമായ സമയത്ത് നിങ്ങളെ ബന്ധപ്പെടാനായി നിങ്ങളുടെ പേര്, മേൽവിലാസം, ഫോൺ നമ്പരുകൾ, ഇമെയിൽ ഐഡി എന്നിവയിൽ മാറ്റമുണ്ടായൽ യഥാസമയം ഞങ്ങളെ അറിയിക്കുന്നു എന്ന് ഉറപ്പുവരുത്തുക.

### 12.3 നിങ്ങളുടെ അക്കൗണ്ട് പരിശോധിക്കൽ

എ. നിങ്ങളുടെ കണക്കുവിവരം അല്ലെങ്കിൽ പാസ്ബുക്ക് സ്ഥിരമായി പരിശോധിക്കണമെന്ന് ഞങ്ങൾ ശുപാർശ ചെയ്യുന്നു. ഏതെങ്കിലും രേഖപ്പെടുത്തൽ തെറ്റാണെന്നു തോന്നിയാൽ, ആവുന്നതും വേഗം ഞങ്ങളെ അറിയിക്കണം. അപ്പോൾ ഞങ്ങൾക്ക് അതിനെക്കുറിച്ച് അന്വേഷിക്കാനാകും. നേരിട്ടുള്ള പറ്റുകളും നിങ്ങളുടെ സ്ഥിരനിർദ്ദേശങ്ങളും പതിവായി പരിശോധിക്കുന്നത്, പണം പോകേണ്ട സ്ഥാനത്തേക്കു തന്നെയാണോ പോകുന്നതെന്ന് ഉറപ്പാക്കുവാൻ സഹായകമാകും.

ബി. നിങ്ങളുടെ അക്കൗണ്ടിലെ ഒരു ഇടപാട് ഞങ്ങൾക്ക് അന്വേഷിക്കേണ്ടതുണ്ടെങ്കിൽ, നിങ്ങൾ ഞങ്ങളുമായും, പൊലീസിനെ/മറ്റ് അന്വേഷണ ഏജൻസികളെ ഉൾപ്പെടുത്തേണ്ടതുണ്ടെങ്കിൽ അവരുമായും, സഹകരിക്കണം.

### 12.4 ശ്രദ്ധചെലുത്തൽ

നിങ്ങളുടെ അക്കൗണ്ടിൽ കൃത്രിമം കാണിക്കുന്നതു തടയുന്നതിലും അത് സംരക്ഷിക്കുന്നതിലും സഹായിക്കുവാൻ, നിങ്ങളുടെ ചെക്ക്, പാസ്ബുക്ക്, മറ്റു സുരക്ഷാവിവരങ്ങൾ എന്നിവയിൽ ശ്രദ്ധ വയ്ക്കേണ്ടത് പ്രധാനമാണ്. താഴെ കൊടുത്തിരിക്കുന്ന ഉപദേശം പാലിക്കുന്നു എന്ന് ദയവായി ഉറപ്പു വരുത്തുക:

എ. **ചെയ്യരുത്**

i. നിങ്ങളുടെ ചെക്ക് ബുക്കും കാർഡുകളും ഒന്നിച്ച് സൂക്ഷിക്കുക

ii. ഒന്നും എഴുതാത്ത ചെക്ക് ലീഫുകൾ ഒപ്പിട്ടു വയ്ക്കുക

iii. നിങ്ങളുടെ അക്കൗണ്ട് വിവരങ്ങൾ, പാസ്‌വേഡ്, മറ്റ് സുരക്ഷാ വിവരങ്ങൾ എന്നിവ മറ്റൊ രാൾക്ക് കൊടുക്കുക

ബി. നിങ്ങളുടെ കാർഡ്/ചെക്ക് ബുക്ക് എന്നിവ ദുരുപയോഗം ചെയ്യുന്നതിൽ നിന്നും സുരക്ഷ നൽ കാൻ നിങ്ങൾക്ക് എന്തുചെയ്യാനാകുമെന്ന് ഞങ്ങൾ ഉപദേശം നൽകും.

സി. നിങ്ങളുടെ ചെക്ക് ബുക്ക്, പാസ് ബുക്ക് അല്ലെങ്കിൽ എറ്റിഎം/ഡെബിറ്റ് കാർഡ് നഷ്ടപ്പെടുകയോ, മോഷ്ടിക്കപ്പെടുകയോ, അല്ലെങ്കിൽ നിങ്ങളുടെ പിൻ, മറ്റ് സുരക്ഷാ വിവരങ്ങൾ എന്നിവ മറ്റൊരാൾ അറിയുകയോ ചെയ്താൽ ഞങ്ങൾ, നിങ്ങൾ ഞങ്ങളെ അറിയിക്കുന്ന മുറയ്ക്ക്, ഇവ ദുരുപയോഗം ചെയ്യപ്പെടുന്നത് തടയുവാൻ പെട്ടെന്നുള്ള നടപടികളെടുക്കും. മറ്റാർക്കെങ്കിലും അറിയാവുന്ന പക്ഷം, നിങ്ങളുടെ പിൻ/പാസ്‌വേഡ് എന്നിവ നിങ്ങൾ മാറ്റുകയും വേണം.

ഡി. നിങ്ങളുടെ ചെക്ക് ബുക്ക്, പാസ്ബുക്ക്, കാർഡ് എന്നിവ നഷ്ടപ്പെട്ടതായോ മോഷ്ടിക്ക പ്പെട്ടതായോ, അഥവാ നിങ്ങളുടെ പിൻ, പാസ്‌വേഡ് അല്ലെങ്കിൽ മറ്റ് സുരക്ഷാ വിവരങ്ങൾ മറ്റൊരാൾ അറിയാനിടയായതായോ സംശയം തോന്നുകയോ കണ്ടെത്തുകയോ ചെയ്താൽ പ്രസ്തുത വിവരം സാധ്യമാവുന്നത്ര നേരത്തെ ഞങ്ങളോട് അവശ്യം പറയേണ്ടതുണ്ട്.

ഇ. നിങ്ങൾക്ക് നൽകിയിരിക്കുന്ന ഞങ്ങളുടെ 24 മണിക്കൂർ ടോൾഫ്രീ നമ്പരിൽ ഫോണിലൂടെ ഞങ്ങളെ നഷ്ടത്തെപ്പറ്റി അറിയിക്കുകയും, ഉടനെതന്നെ വിവരം സ്ഥിരീകരിച്ച് ഞങ്ങൾക്ക് എഴുതു കയും ചെയ്യാം. അല്ലെങ്കിൽ, ഈ ആവശ്യത്തിനായി നിങ്ങൾക്കു നൽകിയിട്ടുള്ള വിലാസത്തിൽ ഇ-മെയിൽ മുഖേന വിവരം അറിയിക്കാം.

എഫ്. ഞങ്ങളെ വിവരമറിയിക്കുന്ന സമയം വരെ, ദുരുപയോഗത്തിനുള്ള ബാധ്യത നിങ്ങൾക്കാ യിരിക്കും.

### 12.5 പണം നൽകുന്നത് റദ്ദാക്കൽ

എ. ഒരു ചെക്കിന്റെ പണം നൽകുന്നത് നിർത്തിവയ്ക്കണമെങ്കിൽ, അല്ലെങ്കിൽ നിങ്ങൾ നൽകി യിരിക്കുന്ന നടപടിക്രമം സംബന്ധിച്ച നിർദ്ദേശമോ നേരിട്ടുള്ള ഡെബിറ്റോ റദ്ദ് ചെയ്യണമെങ്കിൽ രേഖാമൂലം ഞങ്ങളോട് ആവശ്യപ്പെടണം.

ബി. ഗുണഭോക്താവിൽ/ഉപയോഗിക്കുന്ന സ്ഥാപനത്തിൽ നിന്നും മുൻകൂട്ടിയുള്ള പിൻവലിക്കാനുള്ള സമ്മതം/അംഗീ കാരം നേടേണ്ടത് ആവശ്യമാക്കാതെ നിങ്ങൾ നൽകുന്ന പിൻവലിക്കൽ അനുമതിയിലെ ഏത് നിർദ്ദേശവും ഞങ്ങൾ സ്വീകരിക്കും.

സി. റദ്ദ് ചെയ്യുവാനുള്ള നിങ്ങളുടെ തീരുമാനം ഞങ്ങളെ മുൻകൂട്ടി അറിയിക്കാതിരുന്നാൽ പണം നൽകുന്നത് റദ്ദ് ചെയ്യുവാനായെന്നു വരില്ല.

ഡി. ക്രെഡിറ്റ് കാർഡ് അടവുകളുടെ റദ്ദാക്കൽ, നിജപ്പെടുത്തിയിട്ടുള്ള മറ്റ് നിബന്ധനകൾക്കും വ്യവ സ്ഥകൾക്കും വിധേയമാണ്.

### 12.6 നഷ്ടോത്തരവാദിത്തം

നിങ്ങൾ വ്യാജമായ പ്രവർത്തനത്തിൽ ഏർപ്പെട്ടാൽ, നിങ്ങളുടെ അക്കൗണ്ടിലെ എല്ലാ നഷ്ടങ്ങൾക്കും ഉത്തരവാദിത്തം നിങ്ങൾക്കായിരിക്കും. നിങ്ങൾ അനവധാനതയോടെ പെരുമാറുകയും അത് നഷ്ട ങ്ങൾക്കു കാരണമാകുകയും ചെയ്താൽ, അവയുടെ ഉത്തരവാദിത്തം നിങ്ങൾക്കായേക്കാം.

## അനുബന്ധം - ശബ്ദാവലി

ഈ നിയമാവലിയിൽ ഉപയോഗിച്ചിട്ടുള്ള വാക്കുകളുടെയും സാങ്കേതിക പദങ്ങളുടെയും അർഥം ഈ നിർവചനങ്ങൾ വിശദീകരിക്കും. അവ കണിശമായും നിയമപ്രകാരമുള്ളതും സാങ്കേതികവുമായ നിർ വചനങ്ങളല്ല.

### എറ്റിഎം

ഒരു ഉപഭോക്താവിന് തന്റെ കാർഡും പിൻ നമ്പരും നൽകി, പണമോ വിവരങ്ങളോ മറ്റ് സേവനങ്ങളോ ലഭിക്കുന്നതിനായി ഉപയോഗിക്കാവുന്ന, സ്വയം പ്രവർത്തിക്കുന്ന യന്ത്രോപകരണം.

### ബാങ്കിങ് ഓംബുഡ്സ്മാൻ

വ്യക്തികൾക്കും ചെറിയ വ്യാപാരങ്ങൾക്കും അവരുടെ ബാങ്കുകളുമായുണ്ടാകുന്ന തർക്കങ്ങൾ കൈകാര്യം ചെയ്യുവാനായി ഭാരതീയ റിസർവ് ബാങ്ക് രൂപംകൊടുത്ത ഒരു സ്വതന്ത്ര പരാതി പരിഹാര അധികാരി.

### കാർഡ്

സാധനങ്ങൾക്കും സേവനങ്ങൾക്കുമായി പണം നൽകുവാനും അതുപോലെ പണം പിൻവലിക്കു വാനുമായി ഒരു ഉപഭോക്താവിന് ഉപയോഗിക്കാവുന്ന ഏതെങ്കിലും പ്ലാസ്റ്റിക് കാർഡിനുള്ള പൊതുവായ സാങ്കേതിക പദം. ഈ നിയമാവലിയിൽ ഡെബിറ്റ്, ക്രെഡിറ്റ്, സ്മാർട്ട്, എറ്റിഎം എന്നീ കാർഡുകൾ ഇതിൽ ഉൾപ്പെടുന്നു.

### ക്രെഡിറ്റ് കാർഡ്

സാധാനങ്ങൾക്കും സേവനങ്ങൾക്കുമായി പണം നൽകുവാനും അതുപോലെ പണം പിൻവലിക്കു വാനും നിങ്ങളെ അനുവദിക്കുന്ന, വായ്പാ സൗകര്യമുള്ള ഒരു പ്ലാസ്റ്റിക് കാർഡ്.

### ചെക്ക് ശേഖരണ നയം

ഒരു അക്കൗണ്ടിൽ വരവു വയ്ക്കുവാനായി നിക്ഷേപിക്കുന്ന നാട്ടിലെയും പുറത്തെയും പലതരം ചെക്കുകളുടെയും പ്രമാണങ്ങളുടെയും കാര്യത്തിൽ ബാങ്ക് പിന്തുടരുന്ന നയത്തെയാണ് ചെക്ക് ശേഖരണ നയം പരാമർശിക്കുന്നത്. മറ്റുപലതിന്റെയും കൂട്ടത്തിൽ ഈ നയം കൈകാര്യം ചെയ്യുന്നത്.

- ചെക്ക് വാങ്ങൽ അപേക്ഷകൾ
- ചെക്കുകളുടെ വരവുവയ്ക്കലിനുള്ള സമയദൈർഘ്യം
- ചെക്കുകൾ ശേഖരിക്കുന്നതിൽ കാലതാമസം വന്നാൽ പലിശ നൽകൽ
- നാട്ടിലെയും പുറത്തെയും ചെക്കുകൾക്ക് ഉടനടി വരവുവയ്ക്കൽ
- മാർഗമധ്യേ നഷ്ടപ്പെടുന്ന ചെക്കുകളും/പ്രമാണങ്ങളും അവയുടെ ശേഖരണത്തിനാവശ്യമായ നിരക്കുകളും

### ഇടപാടുകാരൻ

ഒരു അക്കൗണ്ടുള്ള വ്യക്തി (മറ്റൊരു വ്യക്തിയുമായുള്ള സംയുക്ത അക്കൗണ്ട് അല്ലെങ്കിൽ നടപ്പാക്കുന്നയാൾ അഥവാ ട്രസ്റ്റീ ആയി കൈവശം വയ്ക്കുന്ന അക്കൗണ്ട് അല്ലെങ്കിൽ എച്ച്‌യുഎഫിന്റെ കർത്താ എന്നിവ ഉൾപ്പെടെയും, എന്നാൽ കുത്തക വില്പനക്കാർ/പ്രൊപ്രൈറ്റർഷിപ്കൾ, കൂട്ടുകച്ചവടം, കമ്പനികൾ, ക്ലബ്ബുകൾ, സൊസൈറ്റികൾ എന്നിവ ഒഴികെയും) അല്ലെങ്കിൽ ബാങ്കിൽ നിന്ന് മറ്റ് ഉത്പന്നങ്ങൾ/ സേവനങ്ങൾ പ്രയോജനപ്പെടുത്തുന്നയാൾ.

### കറണ്ട് അക്കൗണ്ട്

അക്കൗണ്ടിലുള്ള നീക്കിബാക്കിയെ ആശ്രയിച്ച് അല്ലെങ്കിൽ സമ്മതിച്ച ഒരു പ്രത്യേക തുക വരെ എത്ര തവണ വേണമെങ്കിലും പണം പിൻവലിക്കുവാൻ കഴിയുന്ന ഡിമാൻഡ് നിക്ഷേപത്തിന്റെ ഒരു രൂപം.

### മൃത അക്കൗണ്ട്

ഏകവ്യക്തിഗത അക്കൗണ്ട് ഹോൾഡർ മരണമടഞ്ഞ അഥവാ സംയുക്ത അക്കൗണ്ടുകളുടെ കാര്യത്തിലാണെങ്കിൽ സംയുക്ത അക്കൗണ്ട് ഹോൾഡർമാരിൽ ഒരാളോ ഒന്നിലധികം പേരോ മരണമടഞ്ഞ ഒരു നിക്ഷേപ അക്കൗണ്ടാണ് മൃത അക്കൗണ്ട്.

### ഡിമാറ്റ് അക്കൗണ്ട്

പേപ്പറിൽ സൂക്ഷിക്കാത്ത അക്കൗണ്ടിനെയാണ് ഡിമാറ്റ് അക്കൗണ്ടെന്ന് വിവക്ഷിക്കുന്നത്. ഇതിൽ നിക്ഷേപകരുടെ മൂലധനം ഇലക്ട്രോണിക് രൂപത്തിലാണ് വെച്ചിരിക്കുന്നത്.

### നിക്ഷേപ അക്കൗണ്ടുകൾ

- ‘സമ്പാദ്യ നിക്ഷേപങ്ങൾ’ ഏതെങ്കിലും ഒരു നിശ്ചിത കാലയളവിലേക്ക് പണം പിൻവലിക്കലു കളുടെ എണ്ണത്തിനും പിൻവലിക്കുന്ന തുകയ്ക്കും നിയന്ത്രണങ്ങളോടു കൂടി അനുവദിക്കപ്പെട്ടി ട്ടുള്ള ഡിമാൻഡ് നിക്ഷേപത്തിന്റെ ഒരു രൂപമാണ് സമ്പാദ്യ നിക്ഷേപങ്ങൾ.

- ‘കാലാവധി നിക്ഷേപങ്ങൾ’ ആവർത്തിത നിക്ഷേപങ്ങൾ/ഇരട്ടി നേട്ട നിക്ഷേപങ്ങൾ/ഹ്രസ്വകാല നിക്ഷേപങ്ങൾ/സ്ഥിര നിക്ഷേപങ്ങൾ/മാസവരുമാന സർട്ടിഫിക്കറ്റ്/ത്രൈമാസിക വരുമാന സർട്ടിഫിക്കറ്റ് മുതലായവ ഉൾപ്പെടുന്ന, നിശ്ചിത കാലയളവ് കഴിഞ്ഞതിനു ശേഷം മാത്രം പിൻവലിക്കാനാവുന്നതും ഒരു നിശ്ചിത കാലയളവിലേക്ക് ബാങ്കുകൾ സ്വീകരിക്കുന്നതുമായ നിക്ഷേപമാണ് നിശ്ചിതകാല നിക്ഷേപങ്ങൾ.

- ‘മുന്നറിയിപ്പ് നിക്ഷേപങ്ങൾ’ ഒരു പ്രത്യേക കാലയളവിലേക്കുള്ള കാലാവധി നിക്ഷേപങ്ങൾ. എന്നാൽ കുറഞ്ഞപക്ഷം ഒരു പൂർണ ബാങ്കിങ് ദിനത്തിനു മുമ്പായെങ്കിലും അറിയിപ്പ് നൽകിയാൽ പിൻവലിക്കാവുന്നവ.

### ഇക്വിറ്റി

ഭൗതികമോ ഭൗതികേതരമാക്കിയതോ ആയ രൂപത്തിൽ കമ്പനിയുടെ ഓഹരിയെന്ന നിലയിൽ ഉള്ള ഒരു കോർപറേറ്റ് സ്ഥാപനത്തിന്റെ മൂലധനഭാഗത്തെയാണ് ഇക്വിറ്റി എന്നുപറയുന്നത്.

### ഇലക്ട്രോണിക് ക്ലിയറിങ് സേവനം

ഒരു ക്ലിയറിങ് ഹൗസിന്റെ സേവനമുപയോഗിച്ച് ഒരു ബാങ്ക് അക്കൗണ്ടിൽ നിന്നും മറ്റൊരു ബാങ്ക് അക്കൗണ്ടിലേക്ക് തുകകൾ ഇലക്ട്രോണിക് മാർഗ്ഗത്തിലൂടെ കൈമാറുന്നതിനുള്ള ഒരു സമ്പ്രദായം.

### സ്ഥിര പലിശ നിരക്ക്

ഒരു വായ്പയിന്മേലുള്ള സ്ഥിര പലിശ നിരക്ക് എന്നാൽ വായ്പാ കാലാവധി മുഴുവനും പലിശ നിരക്ക് സ്ഥിരമായിരിക്കും അല്ലെങ്കിൽ വായ്പയുടെ വ്യവസ്ഥകളും നിബന്ധനകളും അനുസരിച്ച്, ആദ്യ ഏതാനും വർഷങ്ങൾക്കു ശേഷം പുതുക്കി നിശ്ചയിച്ചേക്കും.

### അസ്ഥിര പലിശ നിരക്ക്

ഒരു വായ്പയിന്മേലുള്ള അസ്ഥിര പലിശ നിരക്ക് സ്ഥിരമായിരിക്കില്ല. മറിച്ച്, സൂചനാ നിരക്കുമായി ബന്ധപ്പെട്ടിരിക്കുമെന്ന് മാത്രമല്ല, രണ്ടാമത്തേതിന് വ്യതിയാനമുണ്ടാവുന്നതിനനുസരിച്ച് മാറിക്കൊണ്ടു മിരിക്കും.

### ഗ്യാരന്റി

ഒരു വ്യക്തി നൽകുന്ന വാഗ്ദാനം

### സർക്കാർ കടപ്പത്രം

ഒരു പൊതു വായ്പ സംഘടിപ്പിക്കുക എന്ന ഉദ്ദേശ്യത്തോടെ സർക്കാർ രൂപീകരിക്കുകയും വിതരണം ചെയ്യുകയും ചെയ്യുന്ന ജാമ്യത്തെയാണ് സർക്കാർ കടപ്പത്രം എന്നു പറയുന്നത്.

### പ്രവർത്തിക്കാത്ത/മരവിച്ച അക്കൗണ്ടുകൾ

രണ്ടുവർഷത്തിലേറെയായി യാതൊരു ഇടപാടുകളും നടക്കാത്ത സേവിങ്സ് ബാങ്ക് അഥവാ കറണ്ട് അക്കൗണ്ട് ആണ് പ്രവർത്തിക്കാത്ത/മരവിച്ച അക്കൗണ്ട്.

### കത്ത്

ഭൗതികമോ ഇലക്ട്രോണിക്കോ ആയ ഒരു കത്ത്.

### എൻ.ഇ.എഫ്.റ്റി.

ഒരു ബാങ്ക് ശാഖയിൽ നിന്ന് രാജ്യത്തെ മറ്റേതൊരു ബാങ്ക് ശാഖയിലേക്കും ധനം കൈമാറ്റം ചെയ്യാനുള്ള സൗകര്യമൊരുക്കുന്ന ദേശവ്യാപക ധനം കൈമാറ്റം ചെയ്യൽ സംവിധാനത്തെയാണ് ദേശീയ ഇലക്ട്രോണിക് ഫണ്ട്സ് ട്രാൻസ്ഫർ (എൻ.ഇ.എഫ്.റ്റി.) സംവിധാനം എന്നു പറയുന്നത്.

### നാമനിർദ്ദേശ സൗകര്യം

നാമനിർദ്ദേശ സൗകര്യം ഒരു ബാങ്കിനെ ഇവ്വിധം സജ്ജമാക്കുന്നു : മരണമടഞ്ഞ നിക്ഷേപകൻ നാമനിർദ്ദേശം ചെയ്തിരിക്കുന്ന വ്യക്തിക്ക് അയാളുടെ പേരിൽ ഉള്ള അത്രയും പണം നൽകാൻ; ബാങ്കിന്റെ സെയ്ഫ് കസ്റ്റഡിയിൽ ഉള്ള, മരണമടഞ്ഞ വ്യക്തിയുടെ സാധനങ്ങൾ നാമനിർദ്ദേശം ചെയ്യപ്പെട്ടിരിക്കുന്ന വ്യക്തിക്ക് മടക്കി നൽകാൻ. അവ കാശിയുടെ മരണം സംഭവിക്കുന്ന സന്ദർഭങ്ങ ളിൽ സേഫ്റ്റി ലോക്കറിലെ സാധനങ്ങൾ അവകാശി നാമനിർദ്ദേശം ചെയ്തയാൾക്ക് നൽകാൻ.

### കാലഹരണപ്പെട്ട (പഴഞ്ചനായ) ചെക്ക്

വിതരണംചെയ്ത തീയതിക്ക് മൂന്നുമാസത്തിനു ശേഷം ശേഖരണത്തിനായി സമർപ്പിക്കപ്പെട്ട ഒരു ചെക്ക്.

### പാൻ (പി.എ.എൻ)

ഭാരത സർക്കാരിന്റെ വരുമാന നികുതി വകുപ്പ് അനുവദിക്കുന്ന, പത്ത് അക്ഷരാക്കങ്ങളുൾപ്പെട്ട ഇന്ത്യയിലാകമാനം ബാധകമായമായ ഒരു സവിശേഷ സംഖ്യയാണ് പെർമനന്റ് അക്കൗണ്ട് നമ്പർ. ലാമിനേറ്റ് ചെയ്ത കാർഡിന്റെ രൂപത്തിലാണ് ഇത് വിതരണം ചെയ്യുന്നത്. കൈവശക്കാരന്റെ മേൽവിലാസം മാറിയാലും അസസിങ് ഓഫീസർ മാറിയാലും ഈ കാർഡ് മാറാതെ സ്ഥായിയായി നിലകൊള്ളുന്നതാണ്.

### പാസ്‌വേഡ്

ഒരു ഫോണോ ഇന്റർനെറ്റ് ബാങ്കിങ് സേവനമോ ഉപയോഗിക്കുവാനുള്ള അനുമതിക്കായി ഉപഭോ ക്താവ് സ്വയം തിരഞ്ഞെടുത്ത ഗൂഢമായ പ്രവേശന വാക്കോ അക്കങ്ങളോ ഇവയുടെ സങ്കലനമോ ആണ് പാസ്‌വേഡ്. ഇത് തിരിച്ചറിയലിനായും ഉപയോഗിക്കുന്നു.

### പി.ഐ.എൻ (പേർസണൽ ഐഡന്റിഫിക്കേഷൻ നമ്പർ)

ഒരു രഹസ്യസംഖ്യയായ ഈ നമ്പർ ഒരു കാർഡിനോടൊപ്പം ഉപയോഗിക്കുന്നതിലൂടെ ഇടപാടു കാർക്ക് വസ്തുക്കൾക്ക്/സേവനങ്ങൾക്ക് പണം നൽകാനും പണം പിൻവലിക്കാനും ബാങ്ക് വാഗ്ദാനം ചെയ്യുന്ന മറ്റ് ഇലക്ട്രോണിക് സേവനങ്ങൾ ഉപയോഗിക്കാനും അനുമതി ലഭിക്കും.

### ആർ.റ്റി.ജി.എസ്. (റിയൽ റൈം ഗ്രോസ് സെറ്റിൽമെന്റ്)

റിയൽ റൈം ഗ്രോസ് സെറ്റിൽമെന്റ് എന്നതിന്നെയാണ് ആർ.റ്റി.ജി.എസ് എന്ന ചുരുക്കെഴുത്ത് പ്രതിനിധീകരിക്കുന്നത്. ബാങ്കിങ് ചാനൽ വഴി പണം കൈമാറ്റം ചെയ്യാനുള്ള ഏറ്റവും വേഗതയേറിയ മാർഗം ആർ.റ്റി.ജി.എസ് സംവിധാനം വാഗ്ദാനം ചെയ്യുന്നു. ഒന്നിനൊന്ന് എന്ന അടിസ്ഥാനത്തിലാണ് ആർ.റ്റി.ജി.എസിനു കീഴിൽ ഇടപാടുകൾ തീർപ്പാക്കുന്നത്. അതായത് യാതൊരു കാത്തിരിപ്പിന്റെയും സമയമില്ലാതെ 'യഥാർത്ഥ സമയത്തിനുള്ളിൽ' മൊത്തം തീർപ്പാക്കൽ സംഭവിക്കുന്നു

### സൂചിത നിരക്ക്

അസ്ഥിര പലിശ നിരക്കിൽ അനുവദിക്കുന്ന വായ്പയെ ബന്ധിപ്പിച്ചിരിക്കുന്ന ഇത് ഒരു ബാങ്കിന്റെ പലിശ നിരക്കിന്റെ അളവുകോലാണ്. ഓരോ ബാങ്കുകൾ പലിശയുടെ സൂചിത നിരക്ക് തീരുമാനി ക്കുന്നത്/ഭേദഗതി വരുത്തുന്നത് അവയുടെ നയങ്ങൾക്കനുസൃതമായാണ്.

### മുതിർന്ന പൗരൻ

അറുപതു വയസ്സിനു മേൽ പ്രായമുള്ള വ്യക്തിയാണ് മുതിർന്ന പൗരൻ.

### സ്മാർട്ട് കാർഡ്

വിവരങ്ങൾ കൈകാര്യം ചെയ്യാൻ കഴിയുന്ന മൈക്രോചിപ്പ് ഉള്ളിൽ ഘടിപ്പിച്ചിട്ടുള്ളതും, ഒരു ക്രെഡിറ്റ് കാർഡിനോളം വലിപ്പമുള്ളതുമായ പ്ലാസ്റ്റിക് കാർഡാണ് സ്മാർട്ട് കാർഡ്. ഇത് തിരിച്ചറിയൽ, ആധികാരികമാക്കൽ, വിവരസംഭരണം എന്നീ മാർഗങ്ങൾ വളരെ സുരക്ഷിതമായി ലഭ്യമാക്കുന്നു. ഫോൺ വിളിക്കാനും ഇലക്ട്രോണിക് പണമടയ്ക്കലുകൾക്കും മറ്റ് പ്രയോഗങ്ങൾക്കും ഉപയോഗിക്കാ വുന്നതാണ്.

### നിരക്കുപട്ടിക

ഉപഭോക്താക്കൾക്ക് ലഭ്യമാക്കിയിരിക്കുന്ന ഉത്പന്നങ്ങൾക്കും സേവനങ്ങൾക്കും ബാങ്ക് ഏർപ്പെടുത്തിയിരിക്കുന്ന നിരക്കുകളെ വിശദമാക്കുന്നതാണ് വിലവിവരപ്പട്ടിക

### മടക്കിയ ചെക്ക്

പണം നൽകാതെ ബാങ്ക് തിരിച്ചയക്കുന്ന (മടങ്ങിവരുന്ന) ചെക്കാണ് ഇത്.

## കുറിപ്പുകൾ

ഭാരതീയ റിസർവ് ബാങ്ക്, ഇൻഡ്യൻ ബാങ്ക്സ് അസോസിയേഷൻ, മറ്റ് അംഗ ബാങ്കുകൾ എന്നിവയുടെ സഹകരണത്തോടെ ബാങ്കിങ് കോഡ്സ് ആൻഡ് സ്റ്റാൻഡേർഡ്സ് ബോർഡ് ഓഫ് ഇൻഡ്യ (ബിസിഎസ്ബിഐ) ആവിഷ്കരിച്ചെടുത്തതാണ് ഈ നിയമാവലി. നല്ലതും ന്യായയുക്തവുമായ ബാങ്കിങ് ഏർപ്പാടുകൾ പ്രോത്സാഹിപ്പിക്കുക, ഏറ്റവും അടിസ്ഥാന നിലവാരം നിജപ്പെടുത്തുക, സുതാര്യത വർദ്ധിപ്പിക്കുക, മികച്ച പ്രവർത്തന നിലവാരം കൈവരിക്കുക, ബാങ്കും ഇടപാടുകാരനുമായിട്ടുള്ള സൗഹാർദ്ദപൂർണമായ ബന്ധം പ്രോത്സാഹിപ്പിക്കുകയും അതിലൂടെ സാധാരണക്കാരന് ബാങ്കിങ് സമ്പ്രദായത്തിലുള്ള വിശ്വാസം പരിപോഷിപ്പിക്കുകയും ചെയ്യുക എന്നിവയാണ് പ്രസ്തുത നിയമാവലിയുടെ മുഖ്യ ലക്ഷ്യം.

'ബാങ്കുകൾ സ്വീകരിച്ചിട്ടുള്ള ബാങ്കിങ് നിയമാവലിയും നിലവാരങ്ങളും തങ്ങളുടെ സേവനം നൽകുന്ന സമയത്ത് ശരിയായ അർഥത്തിൽ ഉൾക്കൊള്ളുന്നുണ്ടോ' എന്നതിന് മേൽനോട്ടം വഹിക്കുവാനും അക്കാര്യം ഉറപ്പാക്കാനും ഒരു സ്വയംഭരണ സ്ഥാപനമായി 2006 ഫെബ്രുവരിയിൽ സ്ഥാപിതമായതാണ് ബിസിഎസ്ബിഐ.

ബിസിഎസ്ബിഐ രണ്ട് അടുക്ക് നിയമാവലികൾക്ക് രൂപം നൽകിയിട്ടുണ്ട്: ഇടപാടുകാരോടുള്ള ബാങ്കിന്റെ പ്രതിബദ്ധതയുടെ നിയമാവലിയും, സൂക്ഷ്മ ചെറുകിട സംരംഭങ്ങളോടുള്ള ബാങ്കിന്റെ പ്രതിബദ്ധതയുടെ നിയമാവലിയും. ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകൾ, അർബൻ സഹകരണ ബാങ്കുകൾ, പ്രാദേശിക ഗ്രാമീണ ബാങ്കുകൾ എന്നിവ ഉൾപ്പെടുന്ന ബിസിഎസ്ബിഐ അംഗ ബാങ്കുകൾ ഈ നിയമാവലികൾ സ്വീകരിച്ചിട്ടുണ്ട്.

ബിസിഎസ്ബിഐ അതിന്റെ രൂപത്തിലും ആജ്ഞാനുമതിയിലും ഒരു പരാതിപരിഹാര വേദിയല്ല. എന്നിരിക്കിലും, ബാങ്കുകളുടെ നയങ്ങളിലെയും നടപടിക്രമങ്ങളിലെയും നടപ്പിൽവരുത്തുന്നതിലെയും ന്യൂനതകൾ എന്നിത്യാദി സംവിധാനത്തിലെ കുറവുകൾ ഉണ്ടെങ്കിൽ അവ കണ്ടെത്തുക എന്ന ലക്ഷ്യത്തോടെ ബിസിഎസ്ബിഐ പരാതികൾ നോക്കുകയും അവ തിരുത്തുന്നതിന് വേണ്ട നടപടികൾ ആരംഭിക്കുകയും ചെയ്യുന്നു.

ബിസിഎസ്ബിഐയെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾക്ക് www.bcsbi.org.in എന്ന വെബ്സൈറ്റ് ദയവായി സന്ദർശിക്കുക.